


വില ₹ 30/-
ജീവനും വെളിച്ചവും
ജൂൺ 2025
ജൂൺ 5 | ലോക പരിസ്ഥിതി ദിനം
'പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പോരാട്ടുക'


സെന്റ്. പീറ്റേഴ്സ് ചർച്ച്
കണ്ണാന്തുറ
വിശുദ്ധ
പത്രോസിന്റെ
തിരുനാൾ മഹാമഹം
2025 ജൂൺ 20 മുതൽ 29 വരെ
>> ജപമാല
>> ലിറ്റിനി
>> നൊവേന
>> ദിവ്യബലി
>> സന്ധ്യാവന്ദനം
>> തിരുനാൾ സമൂഹ ദിവ്യബലി
തീർത്ഥാടകർക്ക് സ്വാഗതം

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 ജൂൺ | പുസ്തകം 58 | ലക്കം 06



**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ, ഡിസൈൻ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്


## മുഖവിചാരം

എല്ലാ വർഷവും ജൂൺ 5 ആണ് ലോക പരിസ്ഥിതി ദിനം. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം വരുത്താനും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനം ആചരിക്കുക. കടലും കാടും മരങ്ങളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കാൻ ശ്രമിക്കുക, അതുവഴി ആഗോള പാരിസ്ഥിതിക സന്തുലനവും കാലവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി ദിനചാരണത്തിന്റെ ലക്ഷ്യം.

പണ്ടത്തേക്കാളും ഇന്ന് പരിസ്ഥിതി എന്ന പദം ഏറെ ചർച്ചാവിഷയമായിട്ടുണ്ട്. പരിസ്ഥിതി ഏറെ വെല്ലുവിളികൾ നേരിടുന്നു എന്നതുതന്നെ ഇതിനു കാരണം. ആധുനിക മനുഷ്യന്റെ വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിയുടെ സന്തുലനാവസ്ഥയെ തകിടംമറിക്കുമ്പോൾ സ്വാഭാവിക ഗുണങ്ങൾ നഷ്ടപ്പെട്ട് പ്രകൃതിയുടെ താളം തെറ്റുന്നു. ആഗോള താപനവർദ്ധനയാണ് ഇതിനു കാരണമെന്ന് ശാസ്ത്രവും പറയുന്നു. അതിനെക്കുറിച്ചാണ് ഈ ലക്കത്തിലെ പ്രധാന ലേഖനം; 'അന്തരീക്ഷവും സമുദ്രവും ചുട്ടുപൊള്ളുന്നു.' ലാഭംമാത്രം ലക്ഷ്യമാക്കുന്ന വികസനരീതികളുടെ പ്രത്യാഘാതമാണ് ആഗോള താപനം എന്നും അത് ഭീകരമായ അപകട മേഖലകളിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്നു എന്നും ചൂട് കൂടിക്കൂടി ഭൂമിലോകത്തിന് സംഭാവന നൽകുക ദുരന്തങ്ങളായിരിക്കും എന്നും പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ ജോൺസൺ റോച്ച് നിരീക്ഷിക്കുന്നു. പരിസ്ഥിതി ദിനത്തിന്റെ ഈ വർഷത്തെ മുദ്രാവാക്യം 'പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പോരാടുക' എന്നതാണ്. ആ മുദ്രാവാക്യത്തെ പ്രവൃത്തിപഥത്തിലെത്തിച്ചിരിക്കുകയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി കമ്മീഷൻ. കഴിഞ്ഞ ഒരു വർഷക്കാലം ഇരയുമ്മൻതുറ തൊട്ട് മാമ്പള്ളി വരെയുള്ള തീരദേശങ്ങളിലെ പ്ലാസ്റ്റിക്, നിർമ്മാർജ്ജനം ചെയ്യുക മാത്രമല്ല, വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുയും ചെയ്തു. അങ്ങനെ പ്രകൃതിയോട് കൂട്ടുചേർന്നു അവർ. ആ പ്രവർത്തനങ്ങളെ വിശദമായി എഴുതുന്നു എബി മാത്യു; 'വിശ്വാസത്തിന്റെ വഴിയിലൂടെ പ്രകൃതി സംരക്ഷണത്തിലേക്ക്.'

ജനങ്ങളെ അവർ ആയിരിക്കുന്ന അവസ്ഥയിൽനിന്നും ആയിത്തീരേണ്ട അവസ്ഥയിലേക്ക് കൈപിടിച്ചുനടത്തിയ ഹോം മിഷൻ പ്രവർത്തനവുമായി മോൺ. നിക്കോളസ്; 'മാറ്റത്തിന്റെ മണിമുഴക്കം വിമോചനത്തിന്റെ കാഹളധ്വനി.' വേറിട്ടൊരു കാഴ്ചപ്പാടുമായി ഗ്ലേവിയസ്സ് അലക്സാണ്ടർ; 'വിദ്യാഭ്യാസം ഒരു സാമൂഹിക ബോധനശാസ്ത്രം.'കാലംചെയ്ത ഫ്രാൻസിസ് പാപ്പയെയും ഉദയംചെയ്ത ലെയോ പതിനാലാമൻ പാപ്പയെയും കുറിച്ച് ഇഗ്നേഷ്യസ് തോമസ്; 'സാർവത്രിക സഭയിൽ ഇനി ലെയോ യുഗം.' ജൂൺ തിരുഹൃദയമാസംകൂടിയാണ്. ഹൃദയം ഹൃദയത്തെ തൊടുമ്പോൾ ക്രിസ്തുവിനെ തൊടുന്നു എന്ന് വർഗീസ് ജോസഫച്ചൻ എഴുതുന്നു; 'ഹൃദയപൂർവം.' മനുഷ്യഹൃദയം വലുതാകുന്നതും വ്യത്യസ്ഥതകളെ ഉൾക്കൊള്ളുന്നതും മനുഷ്യർ സമാധാനത്തിലും സംസ്കാരത്തിലും വളരുന്നതും വായന വഴിയാണ് എന്ന് ജോണച്ചൻ; 'മാറുന്ന കാലത്തെ വായനകൾ.' വ്യതിരിക്തവും വ്യത്യസ്തവുമായ വിഷയങ്ങളാണ് ഇപ്രാവശ്യം.

ദൈവസൃഷ്ടിയായ ഭൂമിയും അതിലെ
ചരാചരങ്ങളും നശിച്ചു കൂടാ.
അതൊക്കയും അറിയുന്ന
വായനയും മരിച്ചുകൂടാ.
ആശംസകളോടെ,
പത്രാധിപർ


www.latinarchdiocesetrivandrum.org | www.archtvmnews.com



*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com



വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum



## പ്രതികരണങ്ങൾ



## സമാധാന ദൂതനായ ഫ്രാൻസിസ് പാപ്പ

**ജോണി സി. ദാസ്, പരുത്തിയൂർ**

അഭിവന്ദ്യ പിതാക്കന്മാർ സമാധാനദൂതൻ ഫ്രാൻസിസ് പാപ്പയെക്കുറിച്ച് പ്രതിപാദിച്ച അനുസ്മരണം ഏറെ ഹൃദ്യമായി. കരുണയും സ്നേഹവുമാണ്, ഇന്നിന്റെ ലോകത്തിനുവേണ്ടത് എന്ന് ആവർത്തിച്ച് പ്രഘോഷിച്ച സമാധാനത്തിന്റെ പ്രവാചകൻ ദൈവപിതാവിന്റെ ഭവനത്തിലേക്ക് കടന്നുപോയി. കുടിയേറ്റക്കാരോടും പ്രകൃതിദുരന്തങ്ങൾ അനുഭവിക്കുന്നവരോടും കരുണയും കരുതലും സഹാനുഭൂതിയും കാണിച്ചുകൊണ്ട് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രവാചകൻ കടന്നുപോയി.

ഒരു വ്യാഴവട്ടക്കാലം സഭയെ നയിച്ച പരമാചാര്യൻ, തന്റെ വാക്കിലും പ്രബോധനങ്ങളിലും അജഗണത്തിന് സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് മാതൃക നൽകുകയും ചെയ്തു. സഭയുടെ നവീകരണത്തിനും മാറ്റത്തിനും ഐക്യത്തിനും വേണ്ടി സഭയുടെ വാതായനങ്ങൾ ദൃഢനിശ്ചയത്തോടെ മലർക്കെ തുറന്നിട്ടതും ഫ്രാൻസിസ് പാപ്പ തന്നെയാണ്.

ഇരുളിൽ തപ്പിത്തടയുന്നവരെ പ്രകാശത്തിന്റെ കതിരുകൾ നൽകി, 'ഒപ്പമുണ്ട്' എന്നോതി, സഭാമക്കളെ തന്നോട് ചേർത്തുനിർത്തുവാൻ പാപ്പ അതീവ ശ്രദ്ധ കാണിച്ചു. പ്രത്യാശയുടെ തീർഥാടകരായ നാം പാപ്പയുടെ ആത്മാശാന്തിക്കായി പ്രാർത്ഥിക്കാം. നമ്മുടെ വിശ്വാസം തെല്ലും ചോർന്നുപോകാതെ കേഴുന്നവർക്ക് ആലംബമായും ആശ്വാസമായും മാറാം. ജീവിതം അപരനുവേണ്ടി എന്ന് പഠിപ്പിച്ച ക്രിസ്തുവിന് സ്വന്തം ജീവിതം വഴി സാക്ഷ്യമേകാം.

## സമാധാനത്തിന്റെ ഒലിവില

**ജാളി, മംഗലപുരം**

ഈസ്റ്റർ കഴിഞ്ഞ് തൊട്ടടുത്ത ദിവസം ഫ്രാൻസിസ് പാപ്പ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായിരുന്നു പാപ്പ. പാപ്പയെകുറിച്ചുള്ള പിതാക്കന്മാരുടെ ഓർമ്മക്കുറിപ്പുകളും ലോറൻസ് ഫെർണാണ്ടസിന്റെ കവിതയും സ്നേഹപ്പൂക്കൾ കൊണ്ടുള്ള ഹൃദ്യമായ ഹൃദയാഞ്ജലി ആയിരുന്നു. ബുദ്ധികൂർമ്മത കൊണ്ടല്ല, സ്നേഹത്തിൽ നെയ്തെടുത്ത കരുണകൊണ്ടാണ് പാപ്പ ലോകത്തോട് സംവദിച്ചത്. പാപ്പയുടെ വാക്കുകൾക്കായി ലോകം കാത്തിരുന്നു, കാതോർത്തിരുന്നു. വിദ്വേഷത്തിന്റെ വർത്തമാന കാലത്ത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കുളിർമഴയായിരുന്ന വത്തിക്കാനിൽനിന്നും ലോകത്തിനുമേൽ പെയ്തിറങ്ങിയത്.

വ്യത്യസ്ത സംസ്കാരങ്ങൾ സമന്വയിച്ച ഭാരതത്തിന്റെ വൈവിധ്യം കണ്ടറിയാൻ പാപ്പ ഏറെ കൊതിച്ചിരുന്നെങ്കിലും ആ വിശ്വസമാധാന തീർഥാടകന്റെ ആഗ്രഹം സഫലമായില്ല. പാവപ്പെട്ടവരോട് എന്നും പക്ഷം ചേർന്ന പാപ്പ എളിമയുടെ പ്രതീകവുമായിരുന്നു. ലോകമെങ്ങും സുവിശേഷത്തിന്റെ സത്തയുമായി ക്രിസ്തുവിന്റെ പ്രകാശം ചൊരിയുന്ന കേരള സഭയെയും ഇവിടത്തെ മിഷണറിമാരുടെ തീക്ഷ്ണതയെയുംകുറിച്ച് പാപ്പയ്ക്കെന്നും അഭിമാനം തന്നെയായിരുന്നു.

മുഖവിചാരത്തിലെ തലക്കെട്ടൽപ്പം മാറ്റിയാൽ കാലത്തിന്റെ അതിശയം തന്നെയായിരുന്നു പാപ്പ. അതുകൊണ്ടാണല്ലോ ലോക നേതാക്കൾ പാപ്പയുടെ സംസ്കാരത്തിന് വത്തിക്കാനിലേക്ക് പ്രവഹിച്ചത്.

ലോകത്തിൽ സമാധനത്തിന്റെ ഒലിവിലയുമായി, സ്നേഹത്തിന്റെ പ്രകാശവുമായി, കരുണയുടെ തുടിക്കുന്ന ഹൃദയവുമായി ലോകമനഃസാക്ഷിയുടെ ശബ്ദവുമായി നിലകൊണ്ട വെള്ളരിപ്രാവിന് കണ്ണീർ പൂക്കൾ. . .






# താളുകളിൽ


## ലേഖനം; പരിസ്ഥിതി



06 അന്തരീക്ഷവും സമുദ്രവും ചുട്ടുപൊള്ളുന്നു
എം. ജോൺസൺ റോച്ച്

## ലേഖനം



12 സാർവത്രിക സഭയിൽ ഇനി ലിയോ യുഗം
ഇഗ്നേഷ്യസ് തോമസ്



15 മാറുന്ന കാലത്തെ വായനകൾ
റവ. ഡോ. എ. ആർ. ജോൺ



18 വിദ്യാഭ്യാസം ഒരു സാമൂഹിക ബോധനശാസ്ത്രം
ഗ്ലേവിയസ് അലക്സാണ്ടർ



24 ഹൃദയപൂർവ്വം...
ഫാ.വർഗീസ് ജോസഫ്



26 മാറ്റത്തിന്റെ മണിമുഴക്കം വിമോചനത്തിന്റെ കാഹളധ്വനി
മോൺ. നിക്കോളാസ് റ്റി.

## കഥ



21 നല്ല മാതാവേ!
ജിജി കലവനാൽ Sdb

## കവിത



17 യരുശലേമിൽ അന്ന്
സിന്ദുമോൾ തോമസ്

## വായന



29 ആനി മസ്ക്രീൻ: സ്വാതന്ത്ര്യ സമര ചരിത്രത്തിലെ സമുജ്ജ്വല താരകം
ഡോ. ബീറ്റ ജോൺ

## നേർക്കാഴ്ച



42 ജാതിസെൻസസും സംവരണ രാഷ്ട്രീയവും
ജെ. സി.

11 കാനോൻ നിയമം

31 ആരോഗ്യം

34 വചന ജ്വാല - മേയ്, ജൂൺ

36 വാർത്തകൾ

38 നീർച്ചാൽ

ലേഖനം

# അന്തരീക്ഷവും സമുദ്രവും ചുട്ടുപൊള്ളുന്നു

എം. ജോൺസൺ റോച്ച്





ആഗോളതാപനം അപകടമേഖലയിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിലെ ചൂട് അനുദിനം വർദ്ധിക്കുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങളിൽ ചുഴലിക്കാറ്റും ചിലയിടങ്ങളിൽ അതിവൃഷ്ടിയും, വെള്ളപ്പൊക്കവും ഉണ്ടാകുന്നു. വ്യവസായവൽക്കരണ കാലഘട്ടത്തിൽ നിലനിന്നിരുന്ന ആഗോളതാപനിലയിൽ നിന്നും ഒന്നര ഡിഗ്രി സെൽഷ്യസ് വർദ്ധന കടന്ന് രണ്ടു സെൽഷ്യസ് ചൂടു കൂടിയാൽ അപകടരേഖയിലേക്ക് ലോകം എടുത്തെറിയപ്പെടുമെന്നും നാലു ഡിഗ്രിയിലേറെ സെൽഷ്യസ് താപനില ഉയർന്നാൽ ജീവിവംശത്തിന്റെ പകുതിയിലധികം ഇല്ലാതാകുമെന്നുമാണ് വിദഗ്ധ അഭിപ്രായം. അങ്ങനെ വീണ്ടെടുക്കാൻ കഴിയാ



ത്തവിധം ഭൂമിയിൽ ജീവന്റെ ആവാസവ്യവസ്ഥ ദുരിതപൂർണ്ണമാകും. മഞ്ഞുകട്ടികൾ ഉരുകുകയും, സമുദ്രനിരപ്പ് ഉയരുകയും ചെയ്താൽ ലോകത്തിൽ വിനാശങ്ങൾ ഉണ്ടാകും. മാലിദ്വീപ് പോലുള്ള പല രാഷ്ട്രങ്ങളും അധികം വൈകാതെ വെള്ളത്തിനടിയിലാകുമെന്നാണ് പരിസ്ഥിതി ശാസ്ത്രജ്ഞരുടെ നിഗമനം.

ഭൂമിയിൽ മഞ്ഞുരുകൽ ഒരു പ്രക്രിയയാണെങ്കിലും കഴിഞ്ഞ നൂറ്റവർഷത്തിനിടെയാണ് 10 മുതൽ 25 സെന്റിമീറ്റർ വരെ മഞ്ഞുരുകാൻ തുടങ്ങിയത്. അന്റാർട്ടിക്കയിലെ മഞ്ഞുരുകുന്നതിന്റെ അളവ് 1900 ടണ്ണാണെന്ന റെക്കാർഡ് അളവാണ് നാസയുടെ ഉപഗ്രഹമായ ഡാറ്റ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മുൻവർഷങ്ങളിൽ ഇതിന്റെ പകുതിക്കും താഴെയായിരുന്നു. ഓരോ വർഷവും രണ്ടു മുതൽ മൂന്നു എം.എം. വരെ സമുദ്രനിരപ്പ് ഉയരുന്നതായാണ് ഔദ്യോഗിക സമുദ്രശാസ്ത്ര സർവ്വേകൾ പറയുന്നത്. കരയിൽ താപനില ഉയരുന്നതിനേക്കാൾ ചെറിയതോതിൽ സമുദ്രത്തിൽ താപനില ഉയർന്നാൽപോലും അത് മത്സ്യങ്ങളുടേയും മറ്റ് ജലജീവികളുടെയും നാശത്തിനു വഴിവയ്ക്കും. തിരമാലകൾ ഉണ്ടാക്കുന്ന ഗതിവേഗം മത്സ്യസമ്പത്തിന്റെ നാശത്തിലേയ്ക്ക് നയിക്കാമെന്നു ഐ.പി.സി.സി. (ഇന്റർഗവൺമെന്റ് പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്) മുന്നറിയിപ്പ് നൽകുന്നു. കാലാവസ്ഥയുടെ തകിടം മറിച്ചിൽമൂലം ഇപ്പോൾ തന്നെ ജീവനും സ്വത്തിനും സംഭവിച്ചിട്ടുള്ള നഷ്ടം വളരെ വലുതാണ്. കാലാവസ്ഥ ഉച്ചകോടികൾ (United Nation Frame Work) തയ്യാറാക്കുന്ന രൂപരേഖകൾ പ്രായോഗികതലത്തിൽ എത്താതെ പൊയ്ക്കൊണ്ടിരിക്കുന്നു.

കാലാവസ്ഥയുടെ മാറ്റം കൊണ്ട് ധാന്യം, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം കുറഞ്ഞുവരികയാണ്. ലോകത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന മഴയുടെ അളവും വർഷംതോറും കുറഞ്ഞുവരുന്നു. പരിസ്ഥിതി തകിടം മറിയുന്നതിന്റെ ഫലമായി ലോകത്തിന്റെ വനസമ്പത്തും അതിലെ ജൈവവൈവിധ്യവും കുറയുന്നു. 2050 ഓടെ ഭൂമിയുടെ ഉപരിതലച്ചൂട് മൂന്ന് ഡിഗ്രി സെൽഷ്യസ് കൂടുമെന്ന് കറന്റ് സയൻസ് മാസിക പ്രസിദ്ധീകരിച്ച പാനൽ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതെല്ലാം മനസിലാക്കിയിട്ടാണ് താപനില 1.5 ഡിഗ്രി സെൽഷ്യസായി പരിമിതപ്പെടുത്തണമെന്ന് താത്വികമായെങ്കിലും അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

ലാഭം മാത്രം ലക്ഷ്യമാക്കുന്ന വികസനരീതിയുടെ അനിവാര്യമായ പ്രത്യാഘാതമാണ് ആഗോളതാപനം. പാരിസ്ഥിതിക സന്തുലനാവസ്ഥ ഉറപ്പുവരുത്താതെ ഭൂമിക്കും പ്രകൃതിക്കും അതിൽ വസിക്കുന്ന ജീവജാലങ്ങൾക്കും പരിഗണന നൽകാതെ നടത്തപ്പെട്ടന്ന വികസനമാണ് അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് വർദ്ധിപ്പിക്കാൻ കാരണമായത്. ലാഭാർത്തിയിൽ എല്ലാത്തരം ഫോസിൽ ഇന്ധനങ്ങളും യാതൊരു നിയന്ത്രണങ്ങളും മുൻകരുതലുമില്ലാതെ ഉപയോഗിച്ച് അമിതോൽപ്പാദനം നടത്തി ആഗോളതാപനത്തിലേക്ക് ഭൂമിയെ വലിച്ചിഴച്ചതിന്റെ ഉത്തരവാദിത്വം വികസിതരാജ്യങ്ങൾക്കാണ്. അന്തരീക്ഷത്തിൽ ഇതുവരെയുള്ള കാർബൺ ശേഖരത്തിന്റെ മഹാഭൂരിപക്ഷവും അമേരിക്കയുൾപ്പെടെയുള്ള വികസിതരാജ്യങ്ങളുടെ

**വികസിതരാജ്യങ്ങൾ വ്യവസായവൽക്കരണ കാലത്തു പുറന്തള്ളിയ വിഷവാതകങ്ങളുടെ ദുരന്തമാണ് ഇന്ന് ഈ ലോകം അനുഭവിക്കുന്നത്. കാർബൺഡൈഓക്സൈഡിന്റെ അളവ് കഴിഞ്ഞ ഒന്നര നൂറ്റാണ്ടിലെ വ്യവസായവത്ക്കരണത്തിലൂടെ 270 പി.പി. എമ്മിൽനിന്നും (പാർട്ട്സ് പെർ മില്യൺ) 380 പി.പി.എമ്മിനടുത്തുനിൽക്കുന്നു. ഇതു അന്തരീക്ഷത്തിലെ ചൂടുകൂട്ടി കാലാവസ്ഥ മാറ്റത്തിനു വഴിയൊരുക്കി.**

സംഭാവനയാണ്.

ഇത്തരമൊരു ലോകത്തെ നയിക്കുന്നത് ആഗോളവൽക്കരണവും ലോകവ്യാപാരസംഘടനയുമാണ്. ഇതിന്റെ ഫലമായി വ്യവസായസമ്പന്നമായ വികസിത രാജ്യങ്ങളിലെ മാലിന്യങ്ങളെ ദരിദ്രരാജ്യങ്ങളിലേക്ക് ഒഴുക്കിക്കളയുന്ന ഒരു സംസ്കാരമാണ് രൂപപ്പെട്ടിരിക്കുന്നത്. വികസിത രാജ്യങ്ങളിലെ കോർപ്പറേറ്റുകളും ഉപഭോക്താക്കളുമാണ് ആഗോളതാപനം വർദ്ധിപ്പിക്കുന്നതിന്റെ പ്രധാന ഉത്തരവാദികൾ. തങ്ങൾകൂടി ഈ ലോകത്തിൽനിന്നും തുടച്ചുനീക്കപ്പെടുമെന്ന ബോധമാണ് ആഗോളതാപനം കുറയ്ക്കാനുള്ള പരിഹാരമാർഗ്ഗങ്ങൾ തേടാൻ വികസിതരാജ്യങ്ങളെ ഇപ്പോൾ പ്രേരിപ്പിക്കുന്നത്. എങ്കിലും, അമേരിക്കൻ പ്രസിഡന്റ് ട്രംപിന് കാലാവസ്ഥ വ്യതിയാനത്തിൽ മനുഷ്യന്റെ പങ്കിനെ ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. തങ്ങളുടെ ഉൽപ്പാദനങ്ങളിലും ലാഭത്തിലും ഇടിച്ചിൽ സംഭവിക്കാതെ വികസ്വരരാജ്യങ്ങളുടെ തലയിൽ കൂടുതൽ ഉത്തരവാദിത്വം അടിച്ചേൽപ്പിക്കാനാണ് നാളിതുവരെ വ്യവസായവൽകൃത രാജ്യങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

വികസിതരാജ്യങ്ങൾ വ്യവസായവൽക്കരണ കാലത്തു പുറന്തള്ളിയ വിഷവാതകങ്ങളുടെ ദുരന്തമാണ് ഇന്ന് ഈ ലോകം അനുഭവിക്കുന്നത്. കാർബൺഡൈഓക്സൈഡിന്റെ അളവ് കഴിഞ്ഞ ഒന്നര നൂറ്റാണ്ടിലെ വ്യവസായവത്ക്കരണത്തിലൂടെ 270 പി.പി. എമ്മിൽനിന്നും (പാർട്ട്സ് പെർ മില്യൺ) 380 പി.പി.എമ്മിനടുത്തുനിൽക്കുന്നു. ഇതു അന്തരീക്ഷത്തിലെ ചൂടുകൂട്ടി കാലാവസ്ഥ മാറ്റത്തിനു വഴിയൊരുക്കി. കാലാവസ്ഥ മാറ്റത്തെകുറിച്ചുള്ള അന്താരാഷ്ട്ര സമിതിയായ ഐ.പി.സി.സി.യുടെ റിപ്പോർട്ടിൽ ഓരോ വർഷവും ആഗോളതാപനം വർദ്ധിക്കുന്നുവെന്നാണ്. ഹരിതഗൃഹവാതകങ്ങളുടെ സൃഷ്ടിയിൽ 90 ശതമാനവും മനുഷ്യരുടെ സംഭാവനയാണെന്നും ഐ.പി.സി.സി. നമ്മെ ഓർമ്മിപ്പിക്കുന്നു.

മുപ്പതുശതമാനം മലിനീകരണത്തിനു കാരണം ജൈവഇന്ധനം അടിസ്ഥാനമായുള്ള രാസപദാർത്ഥങ്ങളും, ആഗോളവൽകൃത ഭക്ഷ്യോൽപ്പന്നങ്ങളും, കാർഷിക രീതികളും കൂടാതെ വീട്ടിൽനിന്നും ഓഫീസുകളിൽ നിന്നുമുള്ള ബൾബുകൾ, ട്യൂബുകൾ, ഫാൻ, ഇലക്ട്രിക് ഹീറ്റർ, ടി.വി., വാഷിംഗ് മെഷീൻ, എ.സി. എന്നിവയിൽനിന്നും പുറത്തു വിടുന്ന കാർബൺഡയോക്സൈഡും കൂടി ഉൾപ്പെടും. ഹരിതഗൃഹവാതകങ്ങൾ ആര് എവിടെ ഏത് അളവിൽ പുറത്തു വിട്ടാലും ലോകം മുഴുവൻ പരക്കുന്നതും അതിന്റെ ഭാരം ലോകം മുഴുവൻ ചുമന്നു തീരേണ്ടതുമാണ്. കാലാവസ്ഥാ ദുരന്തങ്ങളുടെ അനുഭവങ്ങൾ ഓരോ രാജ്യത്തെ ജനങ്ങളെയും നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളായി മാറിയിരിക്കുകയാണ്. എങ്കിലും ഹരിതഗൃഹവാതകങ്ങൾ ജീവന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഭൂമി തണുത്തുറഞ്ഞുപോകാതിരിക്കുന്നതിനും, ജീവൻ നിലനിന്നുപോകുന്നതിനും ഹരിതഗൃഹവാതകങ്ങൾ നൽകുന്ന 15 ഡിഗ്രി സെൽഷ്യസിൽ കുറയാതെയുള്ള ചൂട് ഭൂമിക്കും, ജീവനും അത്യന്താപേക്ഷിതമാണ്. ഈ ചൂടുകൂടിക്കൂടി ഭൂമി ചുട്ടുപഴുത്താലോ, ഭൂമി ലോകത്തിന് സംഭാവന നൽകുന്നത് ദുരന്തങ്ങളായിരിക്കും. ഈ ദുരന്തങ്ങളിൽ നിന്ന് രക്ഷനേടാനായി രാഷ്ട്രീയകരാറുകളും, സാമ്പത്തിക പദ്ധതികളും, പ്രായോഗിക നടപടികളുമാണ് ആവശ്യം. ലോകമാകെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യയായ ക്ലീൻ ഡെവലപ്പ്മെന്റ് മെക്കാനിസം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകണം. ഓരോ രാജ്യവും എത്ര മാത്രം കാർബൺ ബഹിർഗമനം നടത്തുവന്നുവെന്ന അളവിന്റെ അടിസ്ഥാനത്തിലും, ലോകരാഷ്ട്രങ്ങളുടെ വളർച്ച വിലയിരുത്തിയും ഓരോ രാജ്യവും കാർബൺ എത്രമാത്രം കുറയ്ക്കണമെന്നുള്ള മാനദണ്ഡം പരിശോധിക്കാനും, നടപ്പിലാക്കാനുമായി ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ഒരു ഏജൻസിയെ കൊണ്ടുവരേണ്ടിയിരിക്കുന്നു.

അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ വനവത്ക്കരണം, മണ്ണ് സംരക്ഷണം, നദി സംരക്ഷണം എന്നിവയിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കുകയും, കാറ്റ്, തിരമാല, സൂര്യപ്രകാശം, ജൈവഇന്ധനം എന്നിവ ഉപയോഗിച്ചുള്ള ഊർജ്ജോത്പാദന പദ്ധതികൾക്ക് രൂപം കൊടുക്കുകയും വേണം. സി.എഫ്.എൽ., എൽ.ഇ.ഡി. വിളക്കുകൾ വൈദ്യുതി ലാഭിക്കുമെന്നു മാത്രമല്ല, ചൂടു കുറച്ച് കാർബൺഡയോക്സൈഡിന്റെ അളവ് കുറയ്ക്കുകയും ചെയ്യും. ബൾബുകൾ പുറന്തള്ളുന്ന കാർബണിന്റെ അളവിനെയും അവഗണിക്കാനാവില്ല. ആഗോളതാപനത്തിന്റെ 16 ശതമാനം വാഹനങ്ങളിൽ നിന്നുള്ള പുകമൂലം ഉണ്ടാകുന്നതാണ്. 250 ലിറ്റർ കത്തിയാൽ തന്നെ 15 കിലോഗ്രാം കാർബൺഡൈമോക്സൈഡ് അന്തരീക്ഷത്തിലുണ്ടാകും. ഇതു പരിഹരിക്കാൻ ഇലക്ട്രിക്കൽ, സി.എൻ.ജി. പോലുള്ള ബദൽ സാധ്യതകൾ ആരായണം. ആഗോളതാപനം തടയാനുള്ള സ്വാഭാവികവും ഏറ്റവും ചെലവുകുറഞ്ഞതുമായ മാർഗ്ഗം മരം വച്ചുപിടിപ്പിക്കലാണ്. ഒരു മരം അതിന്റെ ജീവിതകാലത്ത് 1000 കിലോഗ്രാം കാർബൺഡയോക്സൈഡ് വലിച്ചെടുക്കുന്നുവെന്നാണ് കണക്ക്. പേപ്പർ നിർമ്മാണത്തിനായും മരങ്ങൾ മുറിക്കുന്നുണ്ട്. പേപ്പറിന്റെ ഉപയോഗം കുറയ്ക്കാനായി പരമാവധി കാര്യങ്ങൾ ഓൺലൈൻ കൈകാര്യം ചെയ്യണം.

ചെലവ് കൂടിയതും അന്തരീക്ഷത്തിൽ കാർബൺ നിറയ്ക്കുന്നതുമായ വൈദ്യുതിയ്ക്ക് പകരം സൗരോർജ്ജത്തിൽ (സോളാർ) ആശ്രയിക്കണം. അതുപോലെതന്നെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനത്തിനും പ്രാധാന്യം നൽകണം. ജൈവവൈവിധ്യ പ്രകൃതി കാർഷികരീതികൾ അവലംബിക്കുന്നതിലൂടെ മാത്രം പ്രസരണത്തിന്റെ കുറവു വരുത്താൻ സാധിക്കും. പദാർത്ഥങ്ങളുടെ സമ്പുഷ്ടീകരണത്തിലൂടെ ഉണ്ടാകുന്ന കാർബണിനെ ഇതിലൂടെ അകറ്റിനിർത്താനും കഴിയും. ഹൈഡ്രോ പ്രോജക്ടുകൾക്കും പ്രാമുഖ്യം നൽകണം. ഇപ്പോൾ കൽക്കരി കത്തിച്ചുകൊണ്ട് 50 ശതമാനം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുകൊണ്ട് കാർബൺഡൈഓക്സൈഡും സൾഫർഡയോക്സൈഡും നൈട്രജനും അന്തരീക്ഷത്തിൽ വലിയതോതിൽ പരക്കുന്നു.

കാർബൺ ബഹിർഗമനം കുറയ്ക്കുവാനുള്ള നൂതനസാങ്കേതികവിദ്യകൾ ഗവേഷണത്തിലൂടെ കണ്ടെത്തേണ്ടതുണ്ട്. ഓരോവർഷവും ഹരിതഗൃഹവാതക വളർച്ചയുടെ തോത് കുറച്ചുകൊണ്ടുവരണം. കാർബൺ ബഹിർഗമനം കുറയ്ക്കുവാനുള്ള നടപടിയെടുക്കണമെന്നു പറഞ്ഞാൽ പെട്രോളിയം പോലുള്ള ഊർജ്ജസ്രോതസ്സുകളുടെയും വ്യവസായശാലകളുടെയും ഉപയോഗം കുറയ്ക്കണമെന്നാണ് അതിനർത്ഥം. ഊർജ്ജഉപയോഗം കുറച്ചാൽ വ്യവസായ ഉൽപ്പാദനവും വളർച്ചയും കുറയും. വികസനം നിലയ്ക്കാതെ തന്നെ നമുക്ക് വളരണം. ഭൂമിക്ക് നിലനിൽക്കുകയും വേണമെന്ന കാഴ്ച്ചപ്പാടിലൂടെയേ ഈ വിഷയത്തെ സമീപിക്കാനാകൂ.

●

*(പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമാണ് ലേഖകൻ)*

▶ശുശ്രൂഷാനുഭവം









# വിശ്വാസത്തിന്റെ വഴിയിലൂടെ പ്രകൃതി സംരക്ഷണത്തിലേക്ക്

എബി മാത്യു (TSSS, Environment coordinator)

ഭൂമിയെ സംരക്ഷിക്കുക എന്നത് ഇന്ന് വേറിട്ട ഒരു പ്രവർത്തിയല്ല, മറിച്ച് ഓരോരുത്തരും ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമാണ്. 2024-ൽ സാമൂഹ്യ ശുശ്രൂഷ സമിതിയുടെ (TSSS)പരിസ്ഥിതി കമ്മിഷൻ പ്രകൃതിയുടെ സംരക്ഷണത്തിനായി സമൂഹങ്ങളുടെയും സമൂഹമാധ്യമങ്ങളുടെയും പങ്കാളിത്തത്തോടെ വിവിധ പരിസ്ഥിതി പ്രവർത്തനങ്ങളും പരിസ്ഥിതി ബോധവത്കരണവും നടത്തി. ഭൂമിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിച്ച് ഭാവി തലമുറകൾക്കായി ഒരു ആരോഗ്യകരമായ പരിസ്ഥിതി ഒരുക്കുകയും സമൂഹത്തിൽ ആത്മീയതയും പ്രകൃതിയോടുള്ള ബഹുമാനവും അതുവഴി പുതിയ പുതിയ ചുവടുവയ്പുകൾ അടയാളപ്പെടുത്തുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം.



## 'ഗ്രീൻ വീക്ക്' ആചരണം

പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വ്യാപകമായി പരിസ്ഥിതി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. “നമ്മുടെ ഭൂമി, നമ്മുടെ ഭാവി” എന്ന പ്രമേയത്തിൽ ആവിഷ്കൃതമായി ഒരാഴ്ച നീണ്ടുനിന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി; ജൂൺ 1-ന സൈക്കിൾ റാലി, ജൂൺ 2-ന് പൊതു ശുചീകരണം, ജൂൺ 3-ന് ഡോർ ടു ഡോർ കാമ്പെയിൻ, ജൂൺ 5-ന് പരിസ്ഥിതി ദിനാചരണം, ജൂൺ 6-ന് കുടുംബതല ഡ്രൈ ഡേ, ജൂൺ 7-ന് മാലിന്യങ്ങളിൽ നിന്ന് ഹാൻഡ്ക്രാഫ്റ്റുകൾ നിർമ്മിക്കൽ, ജൂൺ 8-ന് അതിരൂപത തലത്തിൽ ബോധവത്കരണ ക്ലാസ്, ജൂൺ 9-ന് ഡോക്യുമെന്ററി, ഹാൻഡിക്രാഫ്റ്റ്, ഗ്രീൻ മാർക്കറ്റ് എന്നിവയുൾപ്പെട്ട പരിസ്ഥിതി പ്രദർശനങ്ങൾ.

## വൃക്ഷത്തൈകൾ: പ്രതീക്ഷയുടെ നാമ്പുകൾ

500-ൽ പരം വൃക്ഷത്തൈകൾ-ഫലവൃക്ഷങ്ങളും ഉൾപ്പെടെ-പള്ളികൾ, ഫോറോനകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി നട്ടുപിടിപ്പിച്ചു. പേര, മാങ്ങ, രംബുട്ടാൻ, തേക്ക് തുടങ്ങിയവ... പരിസ്ഥിതി ദിനത്തിൽ TSSS കോംബൗണ്ടിൽ വിവിധ ശുശ്രൂഷ പ്രതിനിധികൾ

ചേർന്ന് നട്ടുപിടിപ്പിച്ച ചെടികളുടെ കാഴ്ചകൾ നയനമനോഹരമാണ്.

## തീര സംരക്ഷണം

കടലിനും കരക്കും സമാന്തരമായി ഇരയുമ്മൻതുറ, കൊച്ചുതുറ, അടിമലത്തുറ, അഞ്ചുതെങ്ങ് തുടങ്ങിയ തീരപ്രദേശങ്ങളിൽ ബീച്ച് ക്ലീനിംഗ്, പ്ലാസ്റ്റിക് ശേഖരണം പോലുള്ള പരിപാടികൾ സംഘടിപ്പിച്ചു. 2023-ൽ തുമ്പയിൽ നട്ട കാറ്റാടി വൃക്ഷങ്ങൾ നല്ല രീതിയിൽ വളരുന്നുണ്ട്. ഇരയുമ്മൻതുറയിൽ 150 കാറ്റാടി വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. സാമൂഹ്യ ശുശ്രൂഷ സമിതിയും ലോയോളാ കോളേജും സൂചിത്വമിഷനും ചേർന്ന് അഞ്ചുതെങ്ങ് മേഖലയിൽനിന്നും ഏകദേശം 800 കിലോ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനക്ക് കൈമാറിക്കൊണ്ട് തീര സംരക്ഷണത്തിന് വഴിയൊരുക്കി.

## സെമിത്തേരി ഹരിതവൽക്കരണം

15-ലധികം പള്ളികളിലെ ശ്മശാനങ്ങൾ ശുചീകരിച്ച് പച്ചപ്പായി മാറ്റിയെടുത്തു. ഫലവൃക്ഷങ്ങൾ, പൂച്ചെടികൾ, മാലിന്യബിൻ എന്നിവ സ്ഥാപിച്ച്, ആ ആത്മീയ ഇടത്ത് പ്രാർത്ഥനയും പരിസ്ഥിതിയോടുള്ള ഉത്തരവാദിത്തവും നിറവേറ്റി.

## ഗ്രീൻ പ്രോട്ടോകോൾ തിരുനാൾ

സാമൂഹ്യ ശുശ്രൂഷ സമിതി തയ്യാറാക്കിയ ഹരിതനയം പ്രകാരം ഇടവകകളിലെ തിരുനാളുകൾ പരിസ്ഥിതി സൗഹൃദമാക്കി. പ്ലാസ്റ്റിക് തോരണങ്ങൾ തുണി കൊണ്ടുള്ള തോരണങ്ങൾ ഉപയോഗിച്ചും അതുപോലെതന്നെ പ്രകൃതിദത്തമായ അലങ്കാര വസ്തുക്കൾ ഉപയോഗിച്ചും ഹരിതകർമസേനയുടെ സഹകരണം waste management-ൽ ഉറപ്പുവരുത്തുകയും ചെയ്തു. അങ്ങനെ ഉത്സവങ്ങൾ വിശ്വാസത്തിന്റെയും പ്രകൃതിയോടുള്ള ഉത്തരവാദിത്തത്തിന്റെയും സമന്വയമായി മാറി.

## ജൈവ കൃഷിയും ഓർഗാനിക് ജീവിതശൈലിയും

KLM യൂണിറ്റുകൾ, SHG കൾ, സാമൂഹ്യ ശുശ്രൂഷ സമിതി വെച്ചുകൊടുക്കുന്ന വീടുകൾക്കും 400 കിലോ ഓർഗാനിക് വളവും പച്ചക്കറി വിത്തുകളും വിതരണം ചെയ്തു. കൂടാതെ ടെറസ് കൃഷി, കോഴിവളർത്തൽ എന്നിവയിൽ താത്പര്യമുള്ളവർക്ക് ധനസഹായം നൽകി അവരുടെ കൃഷിരീതികളെ വളർത്താൻ സഹായിച്ചു.

## 'തിരികെ'

സോഷ്യൽ മീഡിയ പരിസ്ഥിതി കാമ്പയിനിന്റെ ഭാഗമായി മാസംതോറും വ്യത്യസ്ത വിഷയങ്ങളിൽ – പ്ലാസ്റ്റിക് നിയന്ത്രണം മുതൽ പ്രകൃതിക്ഷോഭം വരെയുള്ളവ – സാമൂഹ്യ മാധ്യമങ്ങൾ വഴിയും (12 മാസം) നടത്തിയ കാമ്പയിനുകൾ പാരീഷ് തലത്തിലും യുവജന സമിതികളിലും ആവേശം സൃഷ്ടിച്ചു.

## പരിസ്ഥിതിനയം വിശ്വാസത്തിന്റെ ഹരിതരൂപം

'Laudato Si' എന്ന ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനത്തിന്റെ അടിസ്ഥാനത്തിൽ ഇടവക തലങ്ങളിൽ കാർബൺ ന്യൂട്രാലിറ്റിയിലേക്കുള്ള പരിസ്ഥിതി നയം രൂപപ്പെടുത്തി. വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ, ജലസംരക്ഷണം, ഹരിത പ്രോട്ടോകോൾ, പ്ലാസ്റ്റിക് ഒഴിവാക്കൽ, ഊർജ്ജ സംരക്ഷണം, ജീവജാല വൈവിധ്യം എന്നിവയും നയരേഖയിൽ ഉൾക്കൊള്ളിച്ച പ്രധാന ഭാഗങ്ങളാണ്.

സൃഷ്ടിയെ സംരക്ഷിക്കുക എന്നത് യഹോവയുടെ സൃഷ്ടിയിൽ പങ്കാളിയാകുന്നതും വരുംതലമുറയ്ക്കുള്ള പ്രതിബദ്ധതയുമാണ്. കലാപരതയോടെയുംആത്മീയതയോടെയും നടത്തിയ 2024 ലെ പരിസ്ഥിതി പ്രവർത്തനങ്ങൾ അക്ഷരാർത്ഥത്തിൽ ഒരു പച്ചപ്പ് യാത്രയായി മാറി. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ വെറും പരിപാടികൾ മാത്രമായി നിൽക്കേണ്ടവയല്ല മറിച്ച്, ചിന്താഗതിയുടെ മാറ്റത്തിനും ശുദ്ധീരണത്തിനുമായി മാറണം. ഇത്തരം ചുവടുവയ്പുകൾ സാമൂഹിക പങ്കാളിത്തത്തിന്റെ ശക്തി തെളിയിക്കുന്നു.

ഇനിയുള്ള നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണത്തിനായുള്ള വലിയൊരു ചുവടുവയ്പായി മാറട്ടെ. ശുദ്ധവും സുസ്ഥിരമായ ഭൂമിക്കുവേണ്ടി കൂട്ടായി നിന്ന് നമുക്ക് ഈ പ്രവർത്തനങ്ങൾ തുടരാം.


congratulations


REV. FR. NIJU AJITH
Licentiate in Catechetics from Christu Jyothi College, Bengaluru


REV. FR. IMMANUEL Y
B.ed in Malayalam Language from St.Jacob B.ed College, Kazhakootom


REV. FR. SHABIN L
MTh in Biblical Theology from St. Peter's Pontifical Institute, Bengaluru

Prayerful Wishes



# കാനോൻ നിയമം
## സാധുവായ / നിയമപരമായ വിവാഹത്തിനുവേണ്ട കാര്യങ്ങൾ



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1055 - 1123 പ്രകാരം, സാധുവായ വിവാഹാഘോഷത്തിനുവേണ്ടത് പ്രധാനമായും മൂന്നു കാര്യങ്ങളാണ്:

**1. വിവാഹം ചെയ്യേണ്ട വ്യക്തിയ്ക്ക് നിയമപരമായ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ, അയാൾക്ക് നിയമപരമായ വിലക്ക് ഉണ്ടായിരിക്കരുത്.**

**നിയമപരമായ യോഗ്യത:**

വിവാഹത്തിനുവേണ്ട നിയമപരമായ യോഗ്യത പ്രധാനമായും 5 കാര്യങ്ങളിലാണ്:

a. വിവാഹം ചെയ്യാനാഗ്രഹിക്കുന്നവർ പുരുഷനും സ്ത്രീയുമായിരിക്കണം (CIC 1055-1)

b. നിയമം അനുശാസിക്കുന്ന പ്രായപൂർത്തി ഉണ്ടായിരിക്കണം. CIC 1083-1 പ്രകാരം, സാധുവായ വിവാഹത്തിലേയ്ക്ക് പ്രവേശിക്കാൻ പുരുഷൻ 16 വയസ്സും സ്ത്രീ 14 വയസ്സും പൂർത്തിയായിരിക്കണം. CIC 1083-2ന്റെ ചുവടുപിടിച്ചുകൊണ്ട് ഭാരത കത്തോലിക്കാ സഭയിൽ ആഘോഷിക്കുന്ന എല്ലാ വിവാഹങ്ങൾക്കും സിവിൽ അംഗീകാരം ഉണ്ടാകേണ്ടതിന് ഇന്ത്യൻ സിവിൽ നിയമം നിർദ്ദേശിക്കുന്ന പ്രായപൂർത്തി പുരുഷനും സ്ത്രീയ്ക്കും ഉണ്ടായിരിക്കണമെന്ന് കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ (CCBI) നിശ്ചയിച്ചിരിക്കുന്നു. അതനുസരിച്ച് പുരുഷൻ 21 വയസ്സും സ്ത്രീ 18 വയസ്സും പൂർത്തിയായിരിക്കണം.

c. വിവാഹ സമ്മതം നല്കാൻ കഴിവുള്ളവരായിരിക്കണം (CIC 1095 - 1107)

d. ഭാര്യാ - ഭർതൃ ലൈംഗികബന്ധം പുലർത്താൻ ശേഷിയുണ്ടായിരിക്കണം (CIC 1084)

e. വൈവാഹിക ചുമതലകൾ ഏറ്റെടുക്കാനുള്ള ശേഷി ഉണ്ടായിരിക്കണം (CIC1055 - 1062).

അവകാശങ്ങളോടൊപ്പം നൂറുകണക്കിന് വൈവാഹിക ചുമതലകൾ രേഖപ്പെടുത്താൻ കഴിയും. എന്നിരുന്നാലും, കുടുംബവിഷയം കൈകാര്യം ചെയ്യുന്ന വിദഗ്ദരും സാമൂഹിക വിദഗ്ദരും ദൈവശാസ്ത്രജ്ഞരും പ്രധാനമായും ആറു ചുമതലകളാണ് ക്രൈസ്തവ ദമ്പതികൾക്കുവേണ്ടി പങ്കുവയ്ക്കുന്നത്:

i. പരസ്പര പൂരകമായിത്തീർന്നുകൊണ്ട് ഒന്നായിത്തീരാനുള്ള ചുമതല.

ii. ജീവിത പങ്കാളിയുടെ നന്മയ്ക്കായി ജീവിക്കാനുള്ള ചുമതല.

iii. ദാമ്പത്യ ലൈംഗികബന്ധം പുലർത്താനുള്ള ചുമതല.

iv. ദാമ്പത്യ ലൈംഗിക വിശ്വസ്തത പാലിക്കാനുള്ള ചുമതല.

v. വിവാഹ ബന്ധത്തിൽ ജനിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസവും വിശ്വാസവും നല്കാനുള്ള ചുമതല.

vi. ക്രൈസ്തവർ തമ്മിലുള്ള വിവാഹം കൂദാശയായതിനാൽ ദിവ്യകാരുണ്യം, കുമ്പസാരം മുതലായ കൂദാശകളുടെ സ്വീകരണത്തിലൂടെ കൗദാശിക ജീവിതം നയിക്കാനുള്ള ചുമതല.

**2. വിവാഹിതരാകുന്ന വ്യക്തികൾക്കിടയിൽ നിയമപരമായ വിവാഹസമ്മതം ഉണ്ടായിരിക്കണം (CIC 1095 - 1107).**

മുകളിൽ സൂചിപ്പിച്ചപോലെ അവകാശങ്ങൾക്കൊപ്പം ചുമതലകൾ ഉൾക്കൊള്ളുന്നവയാണ് വിവാഹജീവിതം. അതിനാൽ വധു-വരന്മാർ കൈമാറുന്ന വിവാഹ സമ്മതം നിയമപരമായിരിക്കണം. നിയമപരമായ വിവാഹസമ്മതം താഴെപ്പറയുന്ന പ്രധാനകാര്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്:

i. 'എന്താണ് വിവാഹം' എന്നതിനെക്കുറിച്ച് പരിമിതമായ അറിവെങ്കിലും ഉണ്ടായിരിക്കണം.


ii. വിവാഹം ചെയ്യാനാഗ്രഹിക്കുന്ന വ്യക്തിയെക്കുറിച്ച് പരിമിതമായ അറിവെങ്കിലും ഉണ്ടായിരിക്കണം.

iii. വിവാഹം ചെയ്യുന്ന വ്യക്തിയ്ക്ക് ചിന്തിക്കാനും, വിലയിരുത്താനും, തീരുമാനിക്കാനുമുള്ള ശേഷി ഉണ്ടായിരിക്കണം.

**3. നിയമപരമായ രീതിയിൽ വധു-വരന്മാർ വിവാഹ സമ്മതം കൈമാറണം. അതായത്, നിയമാനുസൃത പുരോഹിതന്റെയും കാര്യപ്രാപ്തിയുള്ള പ്രായപൂർത്തിയായ രണ്ടു സാക്ഷികളുടെയും സാന്നിധ്യത്തിലായിരിക്കണം വിവാഹസമ്മതം കൈമാറേണ്ടത് (CIC 1108 - 1123).**



ലേഖനം



# സാർവത്രിക സഭയിൽ ഇനി ലിയോ യുഗം

**തൊഴിലാളികളുടെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിക്കപ്പെടുന്ന 'റേരും നൊവാരും' (1891) എന്ന വിപ്ലാവാത്മകമായ ചാക്രികലേഖനം പുറത്തിറക്കിയ ലിയോ XIII -ാ മന്റെ പേര് സ്വീകരിച്ചുകൊണ്ട് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രതിനിധിയായിതീരാൻ താൻ ആഗ്രഹിക്കുന്നതായി പുതിയ പാപ്പ ലോകത്തോട് പ്രഖ്യാപിച്ചു.**



ഇഗ്നേഷ്യസ് തോമസ്

കർദ്ദിനാൾ റോബർട്ട് പ്രിവോസ്റ്റ് ആഗോള കത്തോലിക്കാ സഭയുടെ തലവനായി തെരഞ്ഞെടുത്തുവെന്ന വാർത്ത തെല്ലൊരതിശയത്തോടും അതിലുപരി ആഹ്ലാദത്തോടെയുമാണ് ലോകം ശ്രവിച്ചത്. വത്തിക്കാൻ കൂരിയായിലെ കരുത്തരായ കർദ്ദിനാൾമാരായ പിയാത്രോ പരോളിൻ, ലൂയിസ് അന്റോണിയോ റ്റാഗ്ലെ തുടങ്ങി അതിപ്രഗത്ഭരായ പാപ്പാബിലിമാർ സാധ്യതാ പട്ടികയിലുണ്ടായിരുന്നു. എന്നാൽ സഭയെ നയിക്കുന്ന പരിശുദ്ധാത്മാവ് റോബർട്ട് പ്രിവോസ്റ്റിന്റെ തെരഞ്ഞെടുപ്പിന് മാനദണ്ഡമാക്കിയത് പാപ്പാബിലിമാരുടെ "ആകാരവടിവോ ഉയരമോ നോക്കിയില്ല. മനുഷ്യൻ കാ

ണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു, കർത്താവാകട്ടെ ഹൃദയഭാവത്തിലും" ( സാമുവൽ 16:7). ദാവീദ് രാജാവിനെ ദൈവം രാജാവായി തെരഞ്ഞെടുത്ത അതേ മാർഗ്ഗത്തിലൂടെ തന്നെയാണ് സഭയുടെ ഓരോ ഇടയനെയും ആത്മാവ് തെരഞ്ഞെടുക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. പാവങ്ങളുടെ പക്ഷം ചേരുമെന്നും അരികുവല്ക്കരിക്കപ്പെട്ടവരോട് ഐക്യത്തിൽ വർത്തിച്ചിരുന്ന ഫ്രാൻസിസ് പാപ്പായുടെ കാല്പാടുകൾ താനും പിന്തുടരുമെന്നും പുതിയ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി. തൊഴിലാളികളുടെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിക്കപ്പെടുന്ന 'റേരും നൊവാരും' (1891) എന്ന വിപ്ലാവാത്മകമായ ചാക്രികലേഖനം പുറത്തിറക്കിയ ലിയോ XIII -ാ മന്റെ പേര് സ്വീകരിച്ചുകൊണ്ട് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രതിനിധിയായിത്തീരാൻ താൻ ആഗ്രഹിക്കുന്നതായി പുതിയ പാപ്പ ലോകത്തോട് പ്രഖ്യാപിച്ചു.

അമേരിക്കയിലെ ഇല്ലനോയിലെ ഷിക്കാഗോയിൽ ഫ്രഞ്ച് ഇറ്റാലിയൻ വംശജനായ പിതാവിൽനിന്നും സ്പാനിഷ് വംശജയായ മാതാവിൽനിന്നും ജന്മംകൊണ്ട റോബർട്ട് ഫ്രാൻസിസ് പ്രിവോസ്റ്റ് വ്യത്യസ്ത സാംസ്കാരിക പാരമ്പര്യങ്ങളുടെ സത്ത ഉൾചേർന്ന വ്യക്തിത്വത്തിനുടമയാണ്. അഗസ്റ്റീനിയൻ സഭയിൽ നിന്നുള്ള ഏഴാമത്തെ പാപ്പ, മിഷനറി സന്യാസി, ലാറ്റിനമേരിക്കയിലെ പെറുവിൽ ദീർഘനാൾ അജപാലന ശുശ്രൂഷ ചെയ്ത അനുഭവജ്ഞാനം രാജ്യാന്തര ഭൂഖണ്ഡാന്തര അതിർത്തികൾ ഭേദിച്ച് സേവന ശുശ്രൂഷകൾ ചെയ്ത കർമ്മയോഗി എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച് തഴക്കവും പഴക്കവും നേടിയ ഇടയനാണ് ആഗോളസഭയുടെ കടിഞ്ഞാൺ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്.

കരുത്തുറ്റ ധാർമ്മിക മൂല്യങ്ങളുടെ പ്രതിരൂപമായി നിലകൊണ്ട് വൻ ശക്തികളുടെ പ്രലോഭനങ്ങൾക്കും പ്രേരണകൾക്കും വശംവദനാകാതെ ദൈവരാജ്യമൂല്യങ്ങൾക്കനുസൃതമായി സഭാനൗകയെ ധീരതയോടെ മുന്നോട്ടു നയിക്കുക എന്ന ശ്രമകരമായ ദൗത്യത്തിന് പാപ്പ ആരംഭം കുറിച്ചിരിക്കുന്നു. ഫ്രാൻസിസ് പാപ്പ സഭയിൽ നിർവ്വഹിച്ച കാരുണ്യ ശുശ്രൂഷ കൂടുതൽ കരുത്തോടും ശക്തിയോടുംകൂടി ലിയോ പാപ്പ മുന്നോട്ടു കൊണ്ടുപോകും എന്നുതന്നെയാണ് ഏവരുടെയും പ്രതീക്ഷ.



## ലിയോ XIV-ാമന്റെ ദർശനങ്ങൾ

ലിയോ പാപ്പ ആദ്യമായി സെന്റ് പീറ്റേഴ്സ് ബസലിക്കായുടെ മട്ടുപ്പാവിൽ നിന്ന് ജനങ്ങളോട് മുഖ്യമായും മൂന്ന് കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്.

**1. പ്രേഷിതത്വം:**

ക്രിസ്തു ദർശനം ലോകമെങ്ങും സർവ്വജനതയെയും അറിയിക്കണം. അതിനായി സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ തീവ്രതരമാക്കണം.

**2. സാമൂഹ്യനീതി :**

ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വർദ്ധിച്ചുവരുന്ന അന്തരം ഭയാനകമാണ്. ഈ അന്തരം ലോക സമാധാനത്തിനും സ്വസ്ഥതക്കും ഭീഷണിയായി മാറുന്നു. ലോകത്തിന്റെ സംതുലിതാവസ്ഥയെതന്നെ തകിടം മറിക്കുന്ന ഈ വിടവ് നികത്തിയില്ലെങ്കിൽ ലോകത്തിൽ സമാധാനവും സന്തോഷവും പുലരുകയില്ല.

**3. പാലം പണിയുക :**

സമാധാനം പുലരണമെങ്കിൽ ബന്ധങ്ങളുടെ പാലം പണിയണം. വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലും സഭാ സമൂഹങ്ങൾ തമ്മിലും ഊഷ്മള ബന്ധങ്ങളുടെ പാലം പണിയണം. ധ്രുവീകരണങ്ങളുടെയും വിള്ളലുകളുടെയും ലോകത്തിൽ സുവിശേഷാധിഷ്ഠിതമായ നിലപാടുകൾ കൈക്കൊള്ളുകയും ആ നിലപാടുകളിൽ ഉറച്ചു നിന്ന് സഭയെ മുന്നോട്ടു നയിക്കുകയും ചെയ്യുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് ലിയോ പാപ്പയും ഏറ്റെടുക്കുന്നത്. പുരോഹിതനായും മെത്രാനായും സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ തനതായ പങ്കുവഹിക്കുകയും മതിയായ അനുഭവജ്ഞാനം നേടുകയും ചെയ്ത വ്യക്തിയാണ് ലിയോ പതിനാലാമൻ പാപ്പ. അമേരിക്കയുടെ സമ്പൽസമൃദ്ധിയുടെ മടിത്തട്ടിൽ പിറന്ന് ദാരിദ്ര്യത്തിന്റെ മുഖം പേറുന്ന പെറു എന്ന മൂന്നാം ലോകരാഷ്ട്രത്തിൽ ദരിദ്ര ജനവിഭാഗങ്ങളുടെ ഇടയിൽ പ്രേഷിത പ്രവർത്തനം ചെയ്ത ഇടയന്റെ മിഷനറി അനുഭവം പ്രേഷിതയായ സഭക്ക് മുതൽക്കൂട്ടായി തീരും എന്ന കാര്യത്തിൽ സംശയമില്ല.

സാമൂഹ്യ നീതിക്കായി ശബ്ദമുയർത്തുന്ന ധീര പോരാളിയായി സൈബർ ഇടത്തിൽ അദ്ദേഹത്തെ കണ്ടെത്താനാകും. ട്വിറ്ററിൽ 14 വർഷമായി അദ്ദേഹം പോസ്റ്റുകൾ ഇടുന്നു. "ക്രിസ്ത്യാനികൾ ആദ്യം തങ്ങളുടെ കുടുംബത്തെയും സമുദായത്തെയും സ്നേഹിക്കണം" എന്ന അമേരിക്കൻ വെസ് പ്രസിഡന്റ് ജെ.ഡി. വാൻസിന്റെ പോസ്റ്റിന് മറുപടിയായി സഹജീവികളോടുള്ള സ്നേഹത്തിന് തരം തിരിവുണ്ടാക്കാൻ ക്രിസ്തു നമ്മെ ചുമതലപ്പെടുത്തിയിട്ടില്ല എന്നത്രെ ലിയോ പാപ്പ മറുപടി നല്കിയത്. വംശീയത, സഭയ്ക്കകത്തെ ലൈംഗീക ചൂഷണം കോവിഡ് 19, ജോർജ് ഫ്ളോയ്ഡിന്റെ കൊലപാതകം, റഷ്യ യുക്രൈയ്ൻ യുദ്ധം, വധശിക്ഷയിലെ അധാർമ്മികത, പരിസ്ഥിതി സംരക്ഷണം തുടങ്ങി കാലികമായ നിരവധി വിഷയങ്ങളിൽ തന്റെ അഭിപ്രായങ്ങൾ ട്വിറ്ററിലൂടെ അദ്ദേഹം പങ്കുവച്ചിട്ടുണ്ട്. 400 ലധികം പോസ്റ്റുകൾ പങ്കുവച്ചിട്ടുള്ള ലിയോ പതിനാലാമനെ ന്യൂജെൻ പാപ്പയായി വിശേഷിപ്പിക്കാവുന്നതാണ്.

## സമാധാനത്തിന്റെ പ്രവാചകൻ

സമാധനത്തിന്റെ പ്രവാചകനും പ്രചാരകനുമായിത്തീരാനുള്ള തന്റെ ആഗ്രഹം പാപ്പ സ്ഥാനമേറ്റെടുത്തുകൊണ്ട് അദ്ദേഹം പ്രകടിപ്പിക്കുകയു



ണ്ടായി. ''നിങ്ങളുടെ കുടുംബങ്ങളിലും സർവ്വജനങ്ങളിലും ഭൂമിമുഴുവനിലും സമാധാനം പുലരാൻ ഞാനാഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുവെന്ന്'' അദ്ദേഹം പ്രഖ്യാപിച്ചു.

പെറുവിലെ ഇടതുപക്ഷ വക്താക്കൾക്കും തീവ്രപാരമ്പര്യവാദികൾക്കും മദ്ധ്യേ തുറവിയുടെയും സംവാദത്തിന്റെയും പാതതെളിച്ച വ്യക്തിയാണ് ലിയോ പാപ്പ. സംവാദങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും ബന്ധങ്ങളുടെ പാലം പണിയാമെന്ന് അദ്ദേഹം പെറുവിൽ തെളിയിച്ചു. കർദ്ദിനാൾ റോബർട്ട് പ്രിവോസ്റ്റ് പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട വാർത്ത അറിഞ്ഞ് പെറുവിയൻ പ്രസിഡന്റ് ഡീനബൊലു നല്കിയ ആശംസാസന്ദേശത്തിൽ ഇപ്രകാരം പറയുകയുണ്ടായി; ''നമ്മുടെ നാട്ടിലദ്ദേഹം പ്രത്യാശ വിതച്ചു. ഏറ്റവും ദരിദ്രരായവരോടൊപ്പം അദ്ദേഹം നടന്നു. നമ്മുടെ ജനങ്ങളുടെ സന്തോഷം പങ്കിട്ടു. പെറുവിലേക്കുള്ള അദ്ദേഹത്തിന്റെ വരവ് കേവലം ഔപചാരികമായിരുന്നില്ല. ആഴത്തിലുള്ള ആത്മീയതയും മാനുഷിക നിയോഗവുമായിരുന്നു. നമ്മിൽ ഒരാളാകാനും നമുക്കിടയിൽ ജീവിക്കാനും ഈ രാജ്യത്തിന്റെ വിശ്വാസം, സംസ്ക്കാരം, സ്വപ്നങ്ങൾ എന്നിവ തന്റെ ഹൃദയത്തിൽ വഹിക്കാനുമുള്ള നിയോഗം അദ്ദേഹം ഏറ്റെടുത്തു. ദരിദ്രരോടും കുടിയേറ്റക്കാരോടും പ്രതിബദ്ധത പുലർത്തിയ അജപാലന ശുശ്രൂഷയാണ് അദ്ദേഹം നിർവ്വഹിച്ചത്. 15 ലക്ഷത്തോളംവരുന്ന വെനിസ്വേലൻ കുടിയേറ്റക്കാരോട് കർദ്ദിനാൾ റോബർട്ട് പ്രിവോസ്റ്റ് പുലർത്തിയ കാരുണ്യവും കരുതലും അങ്ങേയറ്റം ശ്ലാഘനീയമായിരുന്നു.'' കുടിയേറ്റക്കാരുടെ പൗരത്വാവകാശങ്ങൾ റദ്ദാക്കാനും രേഖകളില്ലാത്ത കുടിയേറ്റക്കാരുടെ രജിസ്റ്ററി തയ്യാറാക്കാനും അമേരിക്കൻ പ്രസിഡന്റ് ട്രംപ് നടപടികളാരംഭിച്ചപ്പോൾ മാനവാന്തസ്സിനെക്കുറിച്ചും മനുഷ്യാവകാശങ്ങളെക്കുറിച്ചും അദ്ദേഹം ഉറക്കെ സംസാരിച്ചു.

## ലിയോ പാപ്പ അഭിമുഖീകരിക്കേണ്ട വെല്ലുവിളികൾ

പാപ്പാ തെരഞ്ഞെടുപ്പിന് മുന്നോടിയായി കർദ്ദിനാളന്മാർ 12 ഓളം യോഗങ്ങൾ ചേർന്നിരുന്നു. ആ യോഗങ്ങളിലെല്ലാം ഭൂരിഭാഗം പേരും സഭാശുശ്രൂഷയിൽ ഫ്രാൻസിസ് പാപ്പായുടെ പാത പിന്തുടരുന്ന പിൻഗാമിയെ വേണം തെരഞ്ഞെടുക്കേണ്ടതെന്ന അഭിപ്രായക്കാരായിരുന്നു. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ അൽമായർക്ക് കൂടുതൽ പങ്കാളിത്തവും ഉത്തരവാദിത്തവും നല്കണമെന്നും സിനിഡാലിറ്റിയുടെയും മനുഷ്യമഹത്വത്തിന്റെയും പ്രാധാന്യം ലോകത്തോട് വിളിച്ചു പറയുന്ന ധീരതയാർന്ന ശബ്ദം സഭയിൽ നിന്നുണ്ടാകണമെന്നും കർദ്ദിനാളന്മാർ ആഗ്രഹിച്ചു.

ലിയോ പാപ്പ അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികളെയും അദ്ദേഹത്തെക്കുറിച്ചുള്ള പ്രതീക്ഷകളെയുംകുറിച്ച് റ്റാബ്ലെറ്റിന്റെ എഡിറ്റർ കാതറിൻ പെപ്പിൻസ്റ്റർ പറഞ്ഞതിങ്ങനെയാണ്; ''നിരവധിയായ പ്രശ്നങ്ങളെയും വെല്ലുവിളികളെയും സഭാതലവനെന്ന നിലയിൽ അദ്ദേഹത്തിനു അഭിമുഖീകരിക്കേണ്ടതുണ്ട്.'' സഭാധികാരികൾക്ക് നേരെ ഉയർന്ന ലൈംഗിക ആരോപണങ്ങൾ സഭയുടെ വിശ്വാസ്യതക്ക് തന്നെ സാരമായ കോട്ടങ്ങൾ വരുത്തിവച്ചിട്ടുണ്ട്. ആരോപണ വിധേയരായവരോടു പുലർത്തേണ്ട സമീപനങ്ങൾ അവർക്കെതിരെ കൈക്കൊള്ളേണ്ട നടപടികൾ; ലൈംഗികാതിക്രമങ്ങൾക്ക് ഇരയായവരോടുള്ള സമീപനം അവർക്ക് നൽകേണ്ട സംരക്ഷണം എന്നീ വിഷയങ്ങളിൽ ഫ്രാൻസിസ് പാപ്പായുടെ നിലപാടുകളാണോ ലിയോ പാപ്പാക്കുള്ളതെന്ന് പ്രത്യേകിച്ച് സഭയുടെ ചെറു വീഴ്ചകൾ പോലും പർവതീകരിച്ചു കാട്ടുന്ന പാശ്ചാത്യ ലോകത്തെ പത്രവർത്തകർ, ഇപ്പോഴെ കൂട്ടലും കിഴിക്കലുമായി കഴിയുന്നു.

വിവിധ ഡിക്കാസ്റ്ററികളിൽ വനിതകളെ ഉൾപ്പെടുത്തി സ്ത്രീകളെ സഭാശുശ്രൂഷകളിൽ ഉത്തരവാദിത്തമേല്പിച്ച ഫ്രാൻസിസ് പാപ്പയുടെ പിൻഗാമി എന്ന നിലയിൽ ഈ പാതപിന്തുടരുമോ എന്ന് ലോകം ഉറ്റുനോക്കുന്നു. വിവേചന ബുദ്ധിയോടും സംയമനത്തോടും സഭാപഠനങ്ങൾക്കനുസൃതമായും സ്വവർഗാനുരാഗികളോട് പുലർത്തേണ്ട സമീപനം അടുത്തനാളുകളിൽതന്നെ പാപ്പാക്ക് വ്യക്തമാക്കേണ്ടിവരും.

കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ, ദാരിദ്ര്യവും യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, രാഷ്ട്രീയ അസ്ഥിരതമൂലം ചെറുതും വലുതുമായ രാഷ്ട്രങ്ങളിൽ നിലനില്ക്കുന്ന സംഘർഷ പൂർണ്ണമായ അന്തരീക്ഷം; ഇവിടെയെല്ലാം നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായി പ്രവാചക ധീരതയോടെ സ്വരമുയർത്തുകയും നിലപാടുകൾ സ്വീകരിക്കേണ്ടിവരുകയും ചെയ്യണം. ഇങ്ങനെ ലോകത്തിന്റെ ധാർമ്മിക മനസാക്ഷി സൂക്ഷിപ്പുകാരനെന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്തമാണ് പാപ്പായിൽ വന്നു ചേരുന്നത്.

അരികുവല്ക്കരിക്കപ്പെട്ട ദരിദ്രരോട് സഭ പക്ഷം ചേരുമ്പോൾതന്നെ വത്തിക്കൻ അഭിമുഖീകരിച്ചുവരുന്ന ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും വേണം.

ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സഭയുടെ ശീഘ്രഗതിയിലുള്ള വളർച്ചയോടൊപ്പം ക്രൈസ്തവീകതയുടെ പിള്ളത്തൊട്ടിലായിരുന്ന യൂറോപ്പിൽ സഭയുടെ തളർച്ചയും ഇസ്ലാംമതത്തിന്റെ വളർച്ചയും കാണേണ്ടിയിരിക്കുന്നു. ഈ വളർച്ചയോടും തളർച്ചയോടും സഭ എങ്ങനെ ഭാവാത്മകമായി പ്രതികരിക്കും എന്നതും ആകാംക്ഷയോടെ ലോകം വീക്ഷിക്കുന്നു. വ്യത്യസ്ത സംസ്ക്കാരങ്ങളോടും വിവിധ വിചാരധാരകളോടും സംതുലിതമായ സമീപനം പുതിയ പാപ്പ സ്വീകരിക്കുമെന്നുതന്നെ നമുക്ക് പ്രത്യാശിക്കാം.

●


▶ ലേഖനം

# മാറുന്ന കാലത്തെ വായനകൾ



റവ. ഡോ. എ. ആർ. ജോൺ

അന്വേഷണത്തിന്റെയും അനുഭവത്തിന്റെയും ആസ്വാദനത്തിന്റെയും അനുഭൂതിയുടെയും യാത്രയാണ് വായന. ജീവിതത്തെ അതിന്റെ വ്യത്യസ്ഥ കോണുകളിൽനിന്നും സ്വയം അകലം പാലിച്ചും, നിരീക്ഷിച്ചും, കൂടാതെ ജീവിതത്തിന്റെ സൗന്ദര്യവും സാധ്യതകളും സമ്മാനിക്കുന്നതും വായനയാണ്. മൂല്യങ്ങളുടെ പഠനകളരിയും ദാർശനികതയുടെ അടിത്തറയും വയനതന്നെയല്ലേ സമ്മാനിക്കുന്നത്.



ഓരോ വായനയും ഓരോ പുസ്തക പാരായണവും ഓരോ പുതുജനനവുമാണ്. വീണ്ടും ജനിക്കണമെന്ന ക്രിസ്തുമൊഴിയിൽ ജ്ഞാനമാർഗ്ഗത്തിന്റെ അടരുകളുണ്ട്. വായന നൽകുന്ന സാന്ത്വനവും വായന നൽകുന്ന കാഴ്ചപ്പാടുകളും ദർശനവും മാതൃഗർഭത്തിൽ നിന്നുള്ള ആദ്യപിറവി പോരെന്നും വായനയിലൂടെ അനുഭവങ്ങളിലൂടെ അനവധി നവജനനങ്ങൾ സാധ്യമാക്കണമെന്നും അതാണ് നവയുഗസൃഷ്ടിക്കടിസ്ഥാനമെന്നും അറിയണം.

മനുഷ്യസാഹചര്യങ്ങൾ അതെത്ര മോശമായാലും ഉയർത്തെഴുന്നേല്പ് സാധ്യമാണെന്ന് നമ്മെ മനഃശാസ്ത്ര കണ്ണുകളോടെ പഠിപ്പിക്കുന്നതാണ് അതിജീവനത്തിന്റെ ശാസ്ത്രം. അത് സാധ്യമാക്കുന്നതാകട്ടെ വായനയുടെ ലോകത്തിലൂടെയാണ്. പോരായ്മകളും വല്ലായ്മകളും ഇല്ലായ്മകളും ഒക്കെക്കൊണ്ട് ജീവിതം നിറഞ്ഞാലും തല ഉയർത്തി നട്ടെല്ല് നിവർത്തി വായനയെ മുറുകെ പിടിച്ചുകൊണ്ട് ജീവിതക്കയങ്ങൾ ചാടിക്കടക്കാനാകും.

ആയിരിക്കിലും, വായനയ്ക്ക് സത്യാനന്തര കാലഘട്ടത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അച്ചടിച്ച പുസ്തകത്തിന്റെ വലിപ്പവും തുകയും തൂക്കവും അറിഞ്ഞ് അച്ചടിമഷിയുടെയും പുതുപുസ്തകത്തിന്റെയും ഗന്ധം അനുഭവിച്ച് വായിക്കുന്ന രീതികൾക്ക് ഒത്തിരി മാറ്റം വന്നുകൊണ്ടിരിക്കുന്നു.

ഇന്ന് ഇ-ബുക്കുകളുടെയും ഓഡിയോ ബുക്കുകളുടെയും, ഓൺലൈൻ വായനയുടെയും കാലമാണ്. എല്ലാം വിരൽത്തുമ്പിൽ ലഭ്യവുമാണ്. ഒത്തിരിയേറെ ഓൺലൈൻ ബുക്ക്

ക്ലാസ്സുകളും വായന ആപ്പുകളും സമൂഹിക മാധ്യമങ്ങളിൽ വായനക്കാരുടെ കൂട്ടായ്മകളും കൂടിക്കൂടി വരികയാണ്. ഇവയെല്ലാം ഗുളിക രൂപത്തിൽ വായനയെ ചെറുതാക്കാനും ആഴമായതും പരന്നതുമായ ശ്രേഷ്ഠവായനകൾക്ക് വിഘ്ലാദം സൃഷ്ടിച്ചിട്ടുണ്ട്. പ്രധാന ആശയങ്ങൾക്കുവേണ്ടിയും ബുള്ളറ്റ് പോയറ്റുകൾക്കുവേണ്ടിയും വേഗത്തിൽ ആശയങ്ങൾ ലഭ്യമാക്കാനുള്ള ത്വരയുടെയും വേഗതയുടെയും ഇടയിൽ വായനയുടെ സൗന്ദര്യവും വായന അർഹിക്കുന്ന സത്യസന്ധതയ്ക്കും മങ്ങൽ വന്നിട്ടുണ്ട്.

സാങ്കേതിക വിദ്യയുടെ വളർച്ചയും ആധുനികവൽക്കരണവും വിദ്യ അഭ്യാസിക്കുന്നതിൽ വന്ന മാറ്റങ്ങളും കോവിഡാനന്തരകാലവും തിരക്കിന്റെ ജീവിത ശൈലികളും വായനയുടെ രീതികൾക്കും മാറ്റം വരുത്തി. വായനയുടെ രൂപത്തിലും ഭാവത്തിലും ശൈലി മാറ്റങ്ങൾ വന്നാലും വായന തുടരുക എന്നതാണ് അത്യന്തം അനിവാര്യമായ കാര്യം.

വായന ശ്രദ്ധ വർദ്ധിപ്പിക്കും ബുദ്ധിയെയും സംസ്ക്കാരത്തെയും വർദ്ധിപ്പിക്കും. ഭാഷാശുദ്ധിയും ധൈര്യവും മൂല്യവും ലോകവിവരവും മാനസിക ഉന്മേശവും കൂടാതെ ആനന്ദം വർദ്ധിപ്പിക്കുകയും ചെയ്യും. ടെൻഷൻ, വിഷാദം, അസ്വസ്ഥതകൾ എന്നിവ കുറയ്ക്കുകയും മാനുഷിക മൂല്യങ്ങളായ അനുകമ്പ, ദയ, കാരുണ, സഹാനുഭൂതി, പരനന്മ എന്നിവയെ വർദ്ധിപ്പിക്കുകയും ചെയ്യും.

കഥയും കവിതയും വായിക്കുന്നവന് ക്രൂരത കുറവായിരിക്കും. അത് വർദ്ധിക്കുന്നുണ്ടെങ്കിൽ വായനക്കുറവും ശരിയായ വായനയുടെ അഭാവവുമായിരിക്കും. വായിക്കാത്തവന് വെളിച്ചമില്ല അല്ലെങ്കിൽ വെളിച്ചത്തിന്റെ വഴിയിലൂടെയല്ല നടക്കുന്നത്.

വായനയിൽ ശുദ്ധി പ്രധാനമാണ്. ശുദ്ധിയില്ലാത്ത വായനകൾ അധഃപതനത്തിലേയ്ക്കു നയിക്കുകയും മനുഷ്യമനസ്സിനെ പലതരത്തിലുള്ള അടിമത്തത്തിലെത്തിക്കുകയും ചെയ്യും. ശുദ്ധവായനയും വായനയുടെ തെരഞ്ഞെടുപ്പും അതിന്റെ വ്യാഖ്യാനവും വായനയെപ്പോലെയോ, അതിനെക്കാളോ പ്രാധാന്യം അർഹിക്കുന്നതാണ്.

ഏത് പ്രവൃത്തിചെയ്തുകൊണ്ടിരുന്നാലും ഏത് തരം ജോലികളിൽ ഏർപ്പെട്ടാലും വായനയ്ക്ക് സമയം കണ്ടെത്തി മാറ്റിവയ്ക്കണം. മനുഷ്യഹൃദയം വലുതാക്കുന്നതും വ്യത്യസ്ഥതകളെ ഉൾക്കൊള്ളുന്നതും സമാധാനത്തിലും സംസ്ക്കാരത്തിലും സമൂഹം വളരുന്നതും വായന വഴിയാണ്. മാറുന്ന ലോകത്തിൽ വായനയ്ക്ക് മാറ്റം വന്നേക്കാം; വന്നോട്ടെ, എന്നാൽ വായന മരിക്കാൻ പാടില്ല.

ഒ.എൻ.വി.കുറുപ്പ് ഒരിക്കൽ പറഞ്ഞതോർക്കുന്നു; 'കൊലപാതകവും ആക്രമവും വർദ്ധിക്കാൻ കാരണം കഥയും കവിതയും വായിക്കാത്തതുകൊണ്ടാണ്.' ●





▶ കവിത




# യരൂശലേമിൽ അന്ന്

സിന്ദുമോൾ തോമസ്

കിദ്രോൻ കടക്കുമ്പോൾ
ഹൃദയത്തിലൊരു മരക്കുരിശിന്റെ
ഭാരം
ഒലിവുമലയിലേക്കു നടക്കുമ്പോൾ
മനസ്സിലൊരു ഗോൽഗോഥായുടെ
കയറ്റം
നൂറ്റാണ്ടുകൾ പഴക്കമുള്ള
ഒലിവുമരച്ചുവട്ടിൽ മുട്ടുകുത്തി.
നേർത്ത നിലാവുപരന്നൊഴുകുന്ന രാവ്
ആകാശങ്ങളിൽ ഇരിക്കുന്നവനെ
ആകുലതയോടെ വിളിച്ചു:
'പിതാവേ, കഴിയുമെങ്കിൽ . . .'
ദുഃഖിച്ചു തളർന്ന ആത്മാവ്
വീണുപോകുന്ന ദുർബലമായ ശരീരം
ചെത്തിയൊരുക്കാത്ത കരിങ്കല്ലിന്മേൽ
കൈകൾ താങ്ങി. . .
ചെന്നിവിയർത്തു. . .
മഞ്ചാടിത്തുള്ളികൾ
പാറമേൽ വീണു ചിതറി. . .
ഓർമ്മകെട്ടുറക്കത്തിലാഴ്ന്നവർ -
നിദ്രാവിഹീനങ്ങളായ
അലച്ചിലിന്റെഓഹരി മിച്ചം.
ഗലീലിക്കടലിൽ നിന്നൊരു കുളിർകാറ്റ്
ജോർദ്ദാനിലൂടെ താഴേയ്ക്കൊഴുകി
നദിക്കരയിലെ
അരളിപ്പൂക്കളെ ആശ്വസിപ്പിച്ച്
നഗരാതിർത്തി ചുറ്റി
ഒലിവുമലകയറിവന്നു.
ഫരിസേയർ കൂട്ടം കൂടിനിന്ന്
ഒച്ച താഴ്ത്തിപ്പിറുപിറുക്കുന്നു,
സിനഗോഗിന്റെഅകമുറിയിൽ
ഗൂഢാലോചന പൂർണവളർച്ചയെത്തി;
നെടുകയും കുറുകയും
ഓരോ മരത്തടികൾ
ആരോ ചേർത്തു കെട്ടുന്നു.
ഒറ്റുകാരൻ സ്നേഹത്തിൻറെ
തിരിച്ചറിയൽ രേഖയുമായി
എത്തിക്കഴിഞ്ഞു.
'ഉരുക്കിന്റെവാളല്ല വചനത്തിന്റെ
വാൾ മതി'
ഇനി വിചാരണക്കാലം,
നാല്പതു ചാട്ടയടി,
പരിഹസിക്കുന്ന പടയാളികൾ,
തലകുലുക്കുന്ന ജനാവലി.
ദൂരെ ദൂരെ നസറേത്തിൽ
ഒരു ചെറുവിളക്കിന്
നെടുവീർപ്പിന്റെപുകച്ചിൽ,
പെസഹാവിളമ്പിക്കാത്തിരിക്കും
വഴിയിൽ
പരന്നൊഴുകുന്ന കണ്ണുനീർത്തിളക്കം.

●



ലേഖനം





# വിദ്യാഭ്യാസം ഒരു സാമൂഹിക ബോധനശാസ്ത്രം

ഗ്ലേവിയസ് അലക്സാണ്ടർ

മധ്യവേനലവധിക്കുശേഷം സംസ്ഥാനത്തെ സ്കൂളുകൾ ജൂൺ രണ്ടിന് തുറക്കുകയാണ്. പ്ലസ് വൺ ക്ലാസുകൾ ജൂൺ പതിനെട്ടിന് ആരംഭിക്കും എന്നാണ് ഔദ്യോഗിക വിവരം. വിശ്രമത്തിന്റെയും വിനോദത്തിന്റെയും ഉന്മേഷം വീണ്ടെടുക്കലിന്റെയും അവധിക്കാലം കഴിഞ്ഞ്, പുതിയ അധ്യയന വർഷത്തെ വരവേൽക്കാൻ വിദ്യാർത്ഥി ലോകം ഒരുങ്ങുകയാണ്. നവാഗതരെ സ്വീകരിക്കാൻ താളമേളങ്ങളും വർണ്ണക്കാഴ്ചകളുമൊരുക്കി വിദ്യാലയങ്ങൾ കാത്തിരിക്കുന്നു. പരിശീലനങ്ങളുടെ പ്രസരിപ്പോടെ അധ്യാപകരും ഒരുക്കത്തോടെ തയ്യാറായിരിക്കുന്നു. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ തുറക്കുന്നതിനോടനുബന്ധിച്ച് നടത്തുന്ന മുന്നൊരുക്കങ്ങൾക്കും തയ്യാറെടുപ്പുകൾക്കും സമാനമായ ഒന്ന് ലോകത്ത് മറ്റൊരിടത്തും കാണാൻ കഴി




**സുംബ ഡാൻസും
സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവും
പുതിയ അധ്യയനവർഷത്തെ
പുതുമകളാണ്.
രണ്ടുമുതൽ പത്തുവരെയുള്ള
ക്ലാസ്സുകളിൽ ആദ്യ രണ്ടാഴ്ച
ലഹരിക്കെതിരായ അവബോധം
ഉണ്ടാക്കാനും നിയമബോധം
ഉറപ്പാക്കാനും പ്രത്യേക പിരീഡുകൾ
ഈ വർഷം ക്രമീകരിച്ചിരിക്കുന്നു.**

യില്ല. സ്റ്റേറ്റും കുടുംബങ്ങളും വിദ്യാഭ്യാസ വകുപ്പും വിദ്യാലയങ്ങളും പഠിതാക്കളും ഈ തയ്യാറെടുപ്പുകളിൽ അവരവരുടെ ഭാഗം ഭംഗിയായി നിർവ്വഹിക്കുന്നു. വസ്ത്രശാലകളും, മാളുകളും മേളകളും നാടൊട്ടുക്കും സജ്ജീവമായി. കുട്ടികളെ ആകർഷിക്കുന്ന ഉൽപ്പന്നങ്ങളുമായി ചൈനയും കൊറിയയും ജപ്പാനും കൊച്ചു കേരളത്തിന്റെ സ്കൂൾ വിപണി കയ്യടക്കാൻ മത്സരിക്കുന്നു.

ജൂൺ മുതൽ മാർച്ച് വരെ പത്തു മാസം ദൈർഘ്യമുള്ള അക്കാദമിക വർഷത്തിന്റെ അവസാനം കാത്തിരിപ്പിനൊടുവിൽ പരീക്ഷാകാലത്തിന്റെ സമ്മർദ്ദങ്ങൾക്കുശേഷം വിദ്യാർത്ഥികൾക്ക് വീണുകിട്ടുന്ന സൗഭാഗ്യമാണ് രണ്ടുമാസത്തെ മധ്യവേനൽ അവധി. അവരുടെ മാനസ്സിക ശാരീരിക ഉല്ലാസത്തിനും, നൈപുണ്യ വികസനത്തിനും സാമൂഹിക ബോധനനിർമ്മിതിക്കും ഏറെ സഹായകരമായ ഈ അവധിക്കാലത്തിന് അക്കാദമികതലത്തിലും മനശാസ്ത്രതലത്തിലും ഏറെ പ്രാധാന്യമാണുള്ളത്. സൂക്ഷ്മവും ശാസ്ത്രീയവും ഭാവനാപൂർണ്ണവുമായ അവധിക്കാല ആസൂത്രണം അനിവാര്യമായ ഒന്നാണ്. സ്കൂളുകളും കുടുംബങ്ങളും കൃത്യമായി തയ്യാറാക്കിയ കാര്യപരിപാടികൾ കൂടാതെയുള്ള അവധിക്കാലം സാഹചര്യങ്ങൾ സങ്കീർണ്ണമാക്കാനും സാധ്യതകൾ ഏറെയാണ്. മോശമായ സൗഹൃദങ്ങൾ, ശീലങ്ങൾ, പഠന വിടവുകളും നഷ്ടങ്ങളും(learning gaps and losses) സംഭവിക്കാതിരിക്കാനുള്ള ജാഗ്രതയും ആസൂത്രണങ്ങളും അനിവാര്യമാണ്.

പഠനം നിരന്തരമായ ഒരു സ്വാഭാവിക പ്രക്രിയയായിരിക്കെ, കുട്ടികളുടെ സ്വതന്ത്ര്യവും സ്വാഭാവികവുമായ ഒഴിവുദിന സന്തോഷങ്ങളെ തടസ്സപ്പെടുത്താതെ പഠനത്തുടർച്ച ഉറപ്പാക്കാൻ സാധിച്ചാൽ അത് വിദ്യാലയത്തിന്റെയും കുടുംബത്തിന്റെയും വലിയൊരു നേട്ടമാണ്. പഴയ തലമുറകളുടെ ഗൃഹാതുരസ്മരണകളിൽ ഏറെ മാധുര്യമുള്ളത് മധ്യവേനലവധിക്കാലത്തെ വൈവിധ്യമുള്ള വിനോദങ്ങളും സാഹസങ്ങളും കുട്ടിക്കുറുമ്പുകളും ബന്ധുവീട് സന്ദർശനങ്ങളും സൗഹൃദ കൂടിവരവുകളും കുടുംബങ്ങളുമായുള്ള അവിസ്മരണീയ മുഹൂർത്തങ്ങളുമാണ്. വിശാലമായ കളിക്കളങ്ങളും പുൽമേടുകളും തൊടികളും പാടങ്ങളും പഞ്ചാരമണൽപ്പുറങ്ങളും ഓർമ്മകളാകുന്ന കാലത്ത് നമ്മുടെ മക്കളുടെ അവധിക്കാലം കാരാഗൃഹവാസമാകുന്നില്ല എന്ന് ഉറപ്പിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. പ്രവാസവും കുടിയേറ്റങ്ങളും പാഷനും പ്രസ്റ്റീജുമായ കാലത്ത് സ്വഭവനങ്ങളിൽപോലും മക്കൾ ഏകാന്ത തടവുകാരാകുന്നുണ്ടോ?ഇത്തരം സന്ദർഭങ്ങളെ അഭിസംബോധന ചെയ്യുന്നിടത്താണ് നമ്മൾ ജയിക്കുന്നത്.

പഠന വിടവുകൾ നികത്തുന്നതിനും വ്യക്തിത്വ വികസനത്തിനുമുള്ള ധ്യാനകാലമാകണം(Incubation period) പുതിയ അധ്യയന വർഷത്തെ ആദ്യ ആഴ്ചകൾ. വിദ്യാർത്ഥികൾ മുന്നറിവുകൾ അളക്കപ്പെടുകയും പുതിയ പാഠങ്ങളിലേക്ക് പ്രവേശിക്കാൻ പാകത്തിനൊത്ത പാലമൊരുക്കാനുള്ള ബോധനരീതികൾ പ്രയോഗിക്കേണ്ടതും വർഷാരംഭത്തിൽ ആകണം. സുംബ ഡാൻസും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവും പുതിയ അധ്യയനവർഷത്തെ പുതുമകളാണ്. രണ്ടുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ ആദ്യ രണ്ടാഴ്ച ലഹരിക്കെതിരായ അവബോധം ഉണ്ടാക്കാനും നിയമബോധം ഉറപ്പാക്കാനും പ്രത്യേക പിരീഡുകൾ ഈ വർഷം ക്രമീകരിച്ചിരിക്കുന്നു. രണ്ടുമുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി രണ്ടാഴ്ചത്തെ സ്കൂൾ ടൈംടേബിളിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. നിയമബോധം, ലഹരിക്കെതിരായ അവബോധം, സൈബർ അവബോധം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം, പൊതു നിരത്തിലെ നിയമങ്ങൾ തുടങ്ങിയവയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നത്.

ജൂൺ 3 മുതൽ 13 വരെ സർക്കുലർ അനുസരിച്ചുള്ള ക്ലാസുകൾ നടക്കും. ഈ ദിവസങ്ങളിൽ ദിവസവും ഒരു മണിക്കൂർ ഇതിനായി മാറ്റിവയ്ക്കണമെന്നാണ് അറിയിപ്പ്. വ്യക്തിത്വ വികസനവും സാമൂഹികവത്ക്കരണ പ്രക്രിയകളും വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരിക്കെ, അവ ലക്ഷ്യംവച്ചുകൊണ്ടുള്ള പഠനബോധന പ്രക്രിയകൾക്ക് തുടർച്ച അനിവാര്യമാണ്. രണ്ടാഴ്ചക്കാലം ദിവസം ഒരു മണിക്കൂർ മാറ്റിവച്ചതുകൊണ്ട് ശ്രേഷ്ഠമായ ഈ വിദ്യാഭ്യാസ ലക്ഷ്യം സാധ്യമാകില്ല. പഠിതാവിന് പഠനം ആസ്വാദ്യവും ആസ്വാദനം ആനന്ദത്തിനും ആനന്ദം ആത്മസാക്ഷാത്ക്കാരത്തിലേക്കും നയിക്കുമ്പോഴാണല്ലോ വിദ്യാഭ്യാസം സമ്പൂർണ്ണമാകുന്നത്.

വിദ്യാഭ്യാസത്തിന് ഒരു സാമൂഹിക മാനമുണ്ട്. 'കുട്ടിയെ വളർത്താൻ ഒരു ഗ്രാമം വേണം' എന്ന ആഫ്രിക്കൻ പഴമൊഴി ഉദ്ധരിച്ചുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ വത്തിക്കാനിൽ വച്ച്, കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള ഇറ്റലിയിലെ മാതാപിതാക്കളുടെ സംഘടനയായ Associazione Genitori Per Education നെ അഭിസംബോധന ചെയ്തത്. സാമൂഹിക മാറ്റങ്ങളും,വിദ്യാഭ്യാസ രംഗത്തെ നവീനരീതികളും സസൂക്ഷ്മം വീക്ഷിക്കാനും വിലയിരുത്താനും




ഉൾക്കൊള്ളാനും പ്രതികരിക്കാനും കഴിയുന്ന ഒരു രക്ഷാകർതൃ സമൂഹത്തോളം വിലമതിക്കുന്ന മറ്റൊന്നില്ല. സ്കൂളിൽ മാത്രമല്ല, കുടുംബങ്ങളിലും മികച്ച അധ്യാപകർ ഉണ്ടാകണം. മാതാപിതാക്കളേയും അധ്യാപകരായി ഉയർത്താനുള്ള പദ്ധതികളും നമുക്ക് വേണം. പാഠപുസ്തകങ്ങളെക്കുറിച്ചും ബോധന രീതികളെക്കുറിച്ചും മൂല്യ നിർണ്ണയത്തെക്കുറിച്ചും കുട്ടികൾക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക മാനസിക വെല്ലുവിളികളെക്കുറിച്ചും കൃത്യമായ അവബോധം മാതാപിതാക്കളിൽ സൃഷ്ടിച്ചെടുക്കാൻ കഴിയണം. മാതാപിതാക്കളുടെ സാമൂഹിക ബന്ധങ്ങൾ വിപുലീകരിക്കുന്നതിനും സുദൃഢമാക്കുന്നതിനുമുള്ള അവസരങ്ങളും സ്കൂളുകൾ സൃഷ്ടിക്കണം.

SCHOOL FOR PARENTIG എന്ന ആശയം നമുക്കും പരീക്ഷിക്കാൻ കഴിയുന്നതാണ്. നിർമ്മിതബുദ്ധിപോലുള്ള നവീന സങ്കേതങ്ങൾ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ രംഗങ്ങളിൽ അഭൂതപൂർവ്വമായ സ്വാധീനം ചെലുത്തുകയും വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴി വയ്ക്കുകയും ചെയ്യുന്നു. പഠന ഫലങ്ങൾ മെച്ചപ്പെടുത്താനും നിർദ്ദേശങ്ങൾ വ്യക്തിഗതമാക്കാനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഫലപ്രദമായ ഫീഡ്ബാക്ക് നൽകാനും നിർമ്മിത ബുദ്ധിക്ക് കഴിവുണ്ട്. വിദ്യാഭ്യാസരംഗത്ത് എഐയുടെ നേട്ടം അതിന് അഡാപ്റ്റീവ് ലേണിംഗ് സാധ്യമാക്കാൻ കഴിയും എന്നതാണ്. ഓരോ പഠിതാവിന്റെയും പ്രകടനം, പഠന ലക്ഷ്യങ്ങൾ, താല്പര്യങ്ങൾ എന്നിവ ക്രമീകരിക്കുന്ന ഒരു ബോധനരീതിയാണ് അഡാപ്റ്റീവ് ലേണിംഗ്.

വിദ്യഭ്യാസ രംഗത്ത് എ ഐ സാധ്യമാക്കുന്ന മറ്റൊരു സൗകര്യം അത് വ്യക്തിഗത പഠനം സുഗമമാക്കും എന്നതാണ്. വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചികൾ, പ്രചോദനങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി എന്ത്, എങ്ങനെ, എപ്പോൾ, എവിടെയാണ് പഠിക്കേണ്ടത് എന്ന് തെരഞ്ഞെടുക്കാൻ അനുവദിക്കുന്ന ഒരു ബോധനരീതിയാണ് വ്യക്തിഗത പഠനം. എ ഐയ്യ് ഫീഡ്ബാക്കും വിലയിരുത്തലും കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. രണ്ടും ഫലപ്രദമായ പഠനത്തിന്റെ അനിവാര്യ ഘടകങ്ങളാണ്. നിർമ്മിതബുദ്ധിയുടെ അനന്ത സാധ്യതകൾ വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ കൂടുതൽ സുഗമവും കാലോചിതവുമാക്കും എന്ന് വിശ്വസിക്കുമ്പോഴും എഐയുടെ അനിയന്ത്രിതമായ സ്വാധീനം മനുഷ്യബുദ്ധിയുടെ വികാസത്തെ അപായപ്പെടുത്തുമെന്ന ആശങ്കകളും ഉയരുന്നുണ്ട്. നൈതികതയാകണം എഐയുടെ വികസനത്തിന്റെയും വ്യാപക പ്രയോഗത്തിന്റെയും ലക്ഷ്യം എന്ന് കത്തോലിക്കാ സഭ നിഷ്കർഷിക്കുന്നതിനു പിന്നിലെ യുക്തിയും ഇത്തരം ആശങ്കകളാണ്.

Antiqua Et Nova എന്ന വത്തിക്കാൻ പ്രസിദ്ധീകരിച്ച ലേഖനത്തിൽ നിർമ്മിത ബുദ്ധിക്കുമുകളിൽ വാഴ്ത്തപ്പെടേണ്ടതും വളർത്തപ്പെടേണ്ടതുമായ മനുഷ്യബുദ്ധിയെ തിരിച്ചറിയാനുള്ള ആഹ്വാനമാണ്. മനുഷ്യ ബുദ്ധിയുടെ കൃത്രിമ രൂപമായി നിർമ്മിത ബുദ്ധിയെ കാണരുത്, പകരം അത് മനുഷ്യ ബുദ്ധിയുടെ ഉൽപ്പന്നമാണെന്ന് ലേഖനം സ്ഥാപിക്കുന്നു. ലോക സമാധാനത്തിനും മനുഷ്യകുലത്തിന്റെ അഭിവൃദ്ധിക്കും മാനവിക മൂല്യങ്ങളുടെ പ്രയോഗങ്ങൾക്കുമായാണ് എഐ പോലുള്ള ശാസ്ത്ര സാങ്കേതിക കണ്ടുപിടിത്തങ്ങൾ പ്രയോജനപ്പെടുത്തേണ്ടതെന്ന് സഭ വിശ്വസിക്കുന്നു. ആ അർത്ഥത്തിൽ സമ്പൂർണ്ണ മനുഷ്യനെ മെനഞ്ഞെടുക്കാനുള്ള ദൈവിക പ്രവൃത്തിയായ വിദ്യാഭ്യാസശുശ്രൂഷയിൽ നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം കരുതലോടെയാകണം.

വിദ്യാഭ്യാസ രംഗത്തെ സാങ്കേതിക വത്ക്കരണം മനുഷ്യനും മെഷീനും തമ്മിലുള്ള സമ്പർക്കമാണ്. അത് മനുഷ്യനും മനുഷ്യനും തമ്മിലുള്ള അടുത്തിടപഴകലുകളുടെ സാധ്യത കുറയ്ക്കുന്നതു മൂലം വിദ്യാർത്ഥികളുടെ സാമൂഹിക വത്ക്കരണത്തെയും വൈകാരിക ബുദ്ധിയുടെ വികാസത്തെയും സാരമായി ബാധിക്കുന്നതിന്റെ പ്രത്യാഘാതങ്ങളാണ് നമുക്ക് ചുറ്റും സംഭവിക്കുന്ന സാമൂഹിക തിന്മകളും സംഘർഷങ്ങളും. ഭാഷയും സാഹിത്യവും ശാസ്ത്രവും ചരിത്രവും ഗണിതവും വിദ്യാർത്ഥിയുടെ വൈജ്ഞാനിക അറിവ് വർദ്ധിപ്പിക്കുന്നതോടൊപ്പം വൈകാരിക പക്വതയും വൈകാരിക വിശുദ്ധിയും ആർജ്ജിക്കാൻ സഹായിക്കുകയും വേണം. കുറ്റവാസനകളിൽനിന്നും ആക്രമണോത്സുകതയിൽ നിന്നും ദുശ്ശീലങ്ങളിൽനിന്നും മൗലികവാദങ്ങളിൽനിന്നും അകലം പ്രാപിച്ച് പൗരബോധവും നീതിബോധവുമുള്ള തലമുറയെ വാർത്തെടുക്കാൻ ഉതകുന്ന തരത്തിൽ വിദ്യാർത്ഥികളുടെ വൈകാരിക ബുദ്ധിയെ പാകപ്പെടുത്താനുള്ള പദ്ധതികൾക്ക് നമ്മുടെ വിദ്യാഭ്യാസ സംവിധാനങ്ങളിൽ പ്രഥമഗണനീയമായ സ്ഥാനം നൽകണം. വിദ്യാർത്ഥികേന്ദ്രീകൃത വിദ്യാഭ്യാസത്തിൽ അവരെ കേൾക്കാനും അറിയാനും അവരുടെ അഭിരുചികൾക്കനുസരിച്ച് പഠനബോധന ടൂളുകൾ വികസിപ്പിക്കാനും കഴിയണം. CATCH THEM YOUNG എന്ന പ്രയോഗം നമ്മുടെ വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിൽ പ്രധാനമായ ഒന്നാണ്. നമ്മുടെ ജനാധിപത്യവും മതേതരഭാവങ്ങളും ഭരണഘടനാ മൂല്യങ്ങളും കടുത്ത വെല്ലുവിളി നേരിടുന്ന വർത്തമാന കാലത്തെ അതിജീവിക്കാനുള്ള വൈജ്ഞാനികവും വൈകാരികവുമായ കരുത്താർജ്ജിക്കാനുള്ള ഉപാധിയായി വിദ്യാഭ്യാസ രംഗത്തെ പരിഷ്കരിക്കാനും പാകപ്പെടുത്തിയെടുക്കാനും സർക്കാരിനും അധ്യാപകർക്കും രക്ഷകർത്താക്കൾക്കും കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു. പുതിയ അധ്യയനവർഷത്തെ പുതുമകളെ വരവേൽക്കാൻ പുത്തനുടുപ്പും പുതമണമുള്ള പുസ്തകങ്ങളും കുടയും ബഹുമായി വിദ്യാലയ വാതിൽ കടന്നെത്തുന്ന കുരുന്നുകൾക്ക് അക്ഷര സ്വാഗതം. ●

▶ കഥ



# നല്ല മാതാവേ!

ജിജി കലവനാൽ Sdb



"നമ്മടെ മാതാവിനെ കാണാൻ ഒരു ഭംഗിയുമില്ല!" വൈകുന്നേരത്തെ ജപമാല പഠിച്ച കഴിഞ്ഞപ്പോഴാണ് ക്ളീറ്റസമ്മയ്ക്ക് ആ വെളിപാട് ഉണ്ടായത്.

'നമ്മുടെ മാതാവിന് അത്ര ഭംഗി പോര!' കടൽത്തീരത്തെ പൂഴിക്കൂമുകളിൽവിരിച്ച പായയിൽ കാൽനീട്ടിയും ഒരു കയ്യിലൂന്നി ചടഞ്ഞുമിരുന്നവരിൽ ചിലർ മാതാവിനെയും വേറെ ചിലർ ക്ളീറ്റസമ്മയെയും തുറിച്ച നോക്കി.

മാതാവിനെ നോക്കിയവർ അറിയാതെ പറഞ്ഞു:

"ശരിയാണല്ലോ..."

ക്ളീറ്റസമ്മയെ നോക്കിയവർ പറഞ്ഞു: "എന്തൊരു വർത്താനമാ ഈ പറയുന്നത്? മാതാവിന് സൗന്ദര്യമില്ലെന്നോ?" അവർക്കത് ദഹിക്കാൻ കഴിഞ്ഞില്ല; "പിന്നെ ഈ പറയുന്നവള് വെളുത്തു തുടുത്ത സുന്ദരിയല്ലേ?"

പക്ഷേ, പിന്നീടവർ മാതാവിനെ നോക്കിയപ്പോൾ അവരും അറിയാതെ പറഞ്ഞു പോയി; "ശരിയാണല്ലോ!"

അടുത്തുള്ള കൊവേന്തയിൽ പണ്ടെങ്ങോ ഉണ്ടായിരുന്ന സായിപ്പച്ചൻ സ്ഥാപിച്ച അമലോൽഭവ മാതാവിന്റെ അവികല രൂപം തുറയിലെ അമ്മമാരുടെ കദനങ്ങളുടെ

കാഠിന്യത്തിന്റെ ചൂടും പുകയുമേറ്റ് ആകെ വികലമായി. മുഖമാകെ കരുവാളിച്ചു. വെളുത്ത വസ്ത്രം കരിപുരണ്ട് കരിക്കില ത്തുണി പോലെയായി. മാതാവിന്റെ നീല ഉടുപ്പ് 'കറുപ്പാണോ?' 'അല്ല.' 'എന്നാൽ നീലയാണോ?' 'അതുമല്ല.' എന്നവിധ ത്തിൽ ആയിരിക്കുന്നു. മാതാവിന്റെ രൂപക്കൂടുപോലും അവരുടെ അടുപ്പിൻ പാതകത്തേക്കാൾ പൊകഞ്ഞ് ഇരുണ്ടു പോയി. അതിനുമുകളിലുള്ള ചെറിയ കുരിശ് കീഴ്ഭാഗം പാതി അടർന്നു വളഞ്ഞു തുരുമ്പിച്ച ഒരു കമ്പിയുടെ ബല ത്തിൽ, വൈകുന്നേരങ്ങളിൽ ചീട്ടുകളി സംഘത്തിന്റെ കളി നോക്കി ആടിയാടി നിൽക്കുന്ന വിൽഫ്രഡ് പെരേരയെപ്പോ ലെ കാറ്റത്ത് ഇളകിയാടി.

ക്ളീറ്റസമ്മ മഠത്തിൽ അമ്മ മാരുടെ ബോർഡിങ്ങിൽനിന്നാണ് പഠിച്ചത്. മഠത്തിലുള്ള അമ്മമാരുടെ കടിച്ചാൽ പൊട്ടാത്ത പേരുകൾ കട പ്പുറത്തുള്ള ചില പെൺപിള്ളേർക്ക് സ്വന്തമായിരുന്നു. അങ്ങനെ യൂക്കറി സ്റ്റിയ, ബെനെഡിക്ടമ്മ, കോളാസ്റ്റിക്ക തുടങ്ങിയ എടുത്താൽ പൊങ്ങാത്തതും പ്രായത്തിൽ കൂടുതൽ പക്വത തോന്നു ന്നതുമായ പേരുകളുടെ ഭാരംപേറിയ കുറെ ചെറിയ പെൺകുട്ടികൾ ആ തുറയിൽ ഉണ്ടായിരുന്നു. അവിടുത്തെ സെമിത്തേരിയിൽ അടക്കം ചെയ്ത പലർ ക്കും വിദേശികളുടെ പേരും ആയിരുന്നു. പല ആൺകുട്ടികളുടെ പേരിനുറവിടവും അവിടെ നിന്നായിരുന്നു.

പലരുടെയും പേരുകൾ ഗംഭീരം ആയിരുന്നെങ്കിലും മഴക്കാലത്ത് കടൽ ക്ഷോഭം കാരണവും വേനൽക്കാലത്ത് കടലമ്മ മീനെല്ലാം ഒളിപ്പിച്ചു വെച്ചതി നാലും മീനുള്ള കാലത്ത് മിച്ചംവയ്ക്കാൻ ഒന്നുമില്ലാത്ത തരത്തിൽ ചിലവുണ്ടാ യിരുന്നതിനാലും ഒട്ടുമിക്കപ്പോഴും വീട്ടു കളിൽ കഷ്ടകാലം ആയിരുന്നു.

തലയിലെ ചരുവത്തിൽ മീനും നിറച്ച് മുട്ടക്കായ മുട്ടക്കെല്ലാം 'മീനേ...' എന്ന് വിളിച്ചു പറഞ്ഞും കവലകളിൽ മീൻ വിറ്റും തളർന്നെത്തുന്നവർ നേരം ഇരുളുമ്പോൾ മാതാവിന്റെ മുമ്പിൽ തിരികൊളുത്തി ജപമാല പഠിക്കാൻ ചടഞ്ഞിരിക്കും. പാട്ടുപാടിയും ജപമാല പഠിച്ചും ഇതിനിടയിൽ ഉറക്കം തൂങ്ങിയും അവർ മാതാവിന്റെ മുമ്പിൽ "മാതാവേ, ഇഹലോക ജീവിതത്തിലെ കഷ്ടപ്പാടു കൾ നിനക്കറിവുള്ളതാണല്ലോ!" എന്ന് മാതാവിനെ ഓർമിപ്പിച്ച് നെടുവീർപ്പിടും.

അവരുടെ പരിഭവങ്ങളും സങ്കട ങ്ങളും പരാതികളും അവർ മാതാവിന്റെ മുമ്പിലും പരസ്പരവും അവതരിപ്പിക്കും. കടം കൊടുക്കലും തിരികെ വാങ്ങലും, "മാതാവാണേ..." എന്നതുടങ്ങുന്ന ആണ യിടലുകളും തിരകൾക്കു മീതെ ഉയർന്നു കേൾക്കേണ്ടതിനാൽ അവരുടെ പ്രാർ ത്ഥനകൾക്കും പരാതികൾക്കും ഉയർ ന്ന ശബ്ദം ആയിരുന്നു. അകലെനിന്ന് കേൾക്കുന്നവർക്ക് അവർ വഴക്ക് കൂടു കയാണെന്നേ തോന്നൂ.

പ്രാർത്ഥിക്കാൻ മാത്രമല്ല വീട്ടിൽ പ്രശ്നങ്ങൾ തലപൊക്കുമ്പോഴും അവർ അഭയം പ്രാപിച്ചിരുന്നത് മാതാവിന്റെ മുമ്പിൽ ആയിരുന്നു. അവരവിടെ പൊഴിച്ച കണ്ണുനീരിന് ഒരു കണക്കുമില്ല. പാതിരാവരെ അവിടെയിരുന്നും അവി ടെത്തന്നെ കിടന്നുറങ്ങിയും വെളുപ്പിച്ച എത്രയോ രാത്രികൾ!

മകൻ പറഞ്ഞാൽ കേൾക്കാ തെയും പണിക്കൊന്നും പോകാതെയും വീട്ടിൽ കയറാതെയും കറങ്ങി നടന്ന പ്പോൾ മനംനൊന്ത് ഒരു രാത്രിയിൽ ക്ലീ റ്റസമ്മ മാതാവിന്റെ മുമ്പിൽ തനിച്ചിരുന്ന് തന്റെ ദുഃഖങ്ങൾ വിവരിച്ച് ഉറക്കെ പ്രാർ ത്ഥിച്ചു; "ഈ ലോക ദുരിതങ്ങൾ നിനക്ക് അറിവുള്ളതാണല്ലോ!" തൊണ്ടയിൽ എന്തോ കുടുങ്ങിയപോലെ അവളുടെ പതംപറച്ചിൽ പെട്ടെന്ന് നിന്നു. ഈശോ വീടുവിട്ടിറങ്ങിയതും പലയിടങ്ങളിലും കറങ്ങി നടന്നതും ആൾക്കാർ അവ നെതിരെ തിരിഞ്ഞതും എന്തിന് കൊ ല്ലാൻവരെ ശ്രമിച്ചതും മാതാവിനെ എത്ര മാത്രം വേദനിപ്പിച്ചിട്ടുണ്ടാവും?

"മാതാവേ നീ യഥാർത്ഥത്തിൽ ഭാഗ്യവതി ആയിരുന്നോ?"

"നീ സന്തോഷവതിയായിരു ന്നോ?"

"ഈശോയെ ഓർത്ത് നീ എത്ര മാത്രം വേദനിച്ചിട്ടുണ്ട്?"

"അത്രയധികം ഈശോ നിന്നെ ഓർത്ത് ദുഃഖിച്ചിരുന്നോ?"

അമ്മമാർ മക്കളെ ഓർക്കുന്ന പോലെ ഒരു മക്കളും അമ്മമാരെ ഓർ ക്കാറില്ല. അവരെപ്പറ്റി വേദനിക്കാറില്ല.

മാതാവിന്റെ വ്യാകുലത്തിനുമു മ്പിൽ അവളുടെ വേദന അലിഞ്ഞില്ലാ തായി. പിന്നെയവൾ കരഞ്ഞത് തന്നെ യോർത്ത് മാത്രമായിരുന്നില്ല.

ക്ളീറ്റസമ്മ പറഞ്ഞ സത്യം മുളക്പോലെ നീറി.

"നമ്മടെ മാതാവിനെ കാണാൻ ഒരു ഭംഗിയുമില്ല!"

"എന്തേ ഇത്രയും നാൾ നമ്മളത് ശ്രദ്ധിക്കാതിരുന്നത്?"

മാതാവിന്റെ കഴുത്തിൽ അണിഞ്ഞ ഹാരത്തിനും അവളുടെ മുമ്പിൽ കത്തിയ തിരിക്കും ഒരു കുറവും ഉണ്ടായിരുന്നില്ല. പക്ഷേ, കൺമുമ്പിൽ കണ്ട മാതാവിന്റെ രൂപത്തിന്റെ ഭംഗി ആരും അതുവരെ അത്ര കാര്യമാക്കിയി രുന്നില്ല.

"നമുക്കിതൊന്ന് പെയിൻറ് അടി ച്ചാലോ?"

തുടർന്ന് അഭിപ്രായപ്രകടനങ്ങ ളുടെ വേലിയേറ്റവും വേലിയിറക്കങ്ങളും ഉണ്ടായി. തിരമാലപോലെ അവരുടെ ശബ്ദം ഉയർന്നുതാണുകൊണ്ടിരുന്നു. ശബ്ദം ക്രമാതീതമായി ഉയർന്നപ്പോൾ, "എന്താ അവിടെ?" എന്ന ചോദ്യവുമായി അകലെ ചീട്ടു കളിച്ചുകൊണ്ടിരുന്നവർ എഴുന്നേറ്റ് നോക്കി. തുറയിലെ പെണ്ണു ങ്ങൾ ക്ഷോഭിച്ചാൽ കടൽ ക്ഷോഭിക്കു ന്നതിനേക്കാൾ ഭീകരമാണെന്നവർക്ക റിയാം.

"നമ്മൾ പെയിൻറ് അടിച്ചാൽ മാ താവിന്റെ ആദ്യരൂപം തിരിച്ചു കിട്ടുമോ?"

"അതിനാദ്യരൂപം ആര് കണ്ടി രിക്കുന്നു?"

"ഇരുണ്ടു പോയന്നല്ലേ ഉള്ളൂ, മാതാവ് അവിടെത്തന്നെ ഉണ്ടല്ലോ?" ബിയാട്രിസ് പറഞ്ഞതിനോട് വയോളയ്ക്കു യോജിക്കാനായില്ല. തന്നെക്കാൾ രണ്ട് ക്ലാസ് കൂടുതൽ പഠിച്ചതിനാൽ വലിയ അറിവുള്ളവളാണെന്നാണ് ബിയാട്രി സിന്റെ ഭാവം എന്ന ധാരണ ഉള്ളിൽ ഉള്ളതിനാൽ ബിയാട്രിസ് പറയുന്ന എന്തിനെയും എതിർക്കുക വയോള പതിവാക്കിയിരുന്നു.

"മറ്റ് മാതാക്കളെ വെച്ച് നോക്കു മ്പോൾ നമ്മുടെ മാതാവിനത്ര സൗന്ദര്യം പോരാ." വയോള ഉറപ്പിച്ചു പറഞ്ഞു.

"ഒരു പ്രായം കഴിയുമ്പോൾ ഏതു മാതാവിനും അല്പം സൗന്ദര്യം കുറയും." ബിയാട്രിസ് വീണ്ടും പറഞ്ഞു.

"അത് കൊള്ളിച്ചുള്ള വർത്തമാ നം ആണല്ലോ ബിയാട്രീസ്." വയോള ചെറുതായൊന്നിടഞ്ഞു.

"ശരിയല്ലേ? പ്രായം കൂടുമ്പോൾ തൊലി മെല്ലെ ചുരുങ്ങും, മുടി നരക്കും, പല്ലുകൾ കൊഴിയും. ഇതൊക്കെ സ്വാ

ഭാവികമാണ്. എന്നാലും അമ്മ അമ്മയല്ലാതാകുന്നില്ലല്ലോ. മക്കൾ, അമ്മയ്ക്ക് സൗന്ദര്യം പോര പ്രായമായ അപ്പന് മര്യാദ പോരാ, എന്ന് പറഞ്ഞു തുടങ്ങിയാൽ നമ്മൾ എന്ത് ചെയ്യും?"

വയോളയ്ക്ക് മറുപടി പറയാൻ പറ്റുന്നതിനുമുമ്പ് ക്ലീറ്റസമ്മ പൊതു കുമ്പസാരം നടത്തി: "മാതാവിന് സൗന്ദര്യം പോരാ എന്ന് പറഞ്ഞത് എന്റെ തെറ്റ്" ക്ലീറ്റസമ്മയ്ക്ക് സങ്കടം വന്നു. "പൊറുക്കാനാവാത്ത തെറ്റ്. ബിയാട്രിസ് പറഞ്ഞതിൽ കാര്യമുണ്ട്. എന്റെ മക്കൾ എന്നോട് ഇത് പറഞ്ഞാൽ... രാവിലെ തൊട്ടുള്ള വെയിലുംകൊണ്ട് മീനും ചുമന്ന് വഴികളായ വഴികളെല്ലാം നടന്നു നടന്നെന്റെ കാല് വിണ്ടുകീറി. മുഖവും ദേഹവുമെല്ലാം കറുത്ത് കരുവാളിച്ചു. ബസ്സിൽ കയറുമ്പോൾ ആൾക്കാർ മൂക്ക് പൊത്തി നിൽക്കുന്നു. ചില ബസ്സുകാർ കയറാൻ കൂടി സമ്മതിക്കാറില്ല. മീനും നാറി മുഷിച്ചത് ഉടുത്ത് കറുത്തു കരുവാളിച്ച ഞാനാണ് മാതാവിന് സൗന്ദര്യം പോരെന്നു പറഞ്ഞത്. എന്റെ മാതാവേ ഞാൻ മറ്റൊന്നും വിചാരിച്ച് പറഞ്ഞതല്ലേ..." ക്ലീറ്റസമ്മ വിതുമ്പി.

"നീ ഒന്ന് സമാധാനിക്ക്... നീ മാതാവിനെ കുറ്റം പറഞ്ഞതല്ലല്ലോ. മാതാവിന്റെ രൂപത്തിന്റെ ഭംഗി കുറഞ്ഞെന്നു പറഞ്ഞതല്ലേ? നിന്റെ മനസ്സിൽ തോന്നിയത് നീ പറഞ്ഞു. ഞങ്ങളിൽ പലർക്കും നീ പറഞ്ഞപ്പോൾ അങ്ങനെ തോന്നുകയും ചെയ്തു. നീ തെറ്റൊന്നും ചെയ്തിട്ടില്ല." മറ്റുള്ളവർ ക്ലീറ്റസമ്മയെ സമാധാനിപ്പിച്ചു.

പിന്നീട് നടന്ന ചർച്ചകളിൽ മാതാവിന്റെ രൂപത്തിന് ഒരു മാറ്റവും വരുത്തേണ്ട എന്ന് അവർ തീരുമാനിച്ചു. "സൗന്ദര്യം ആന്തരികമാണ് അത് കാണാൻ ഉൾക്കാഴ്ച വേണം." എന്ന് ബിയാട്രിസ് പറഞ്ഞതിനോട് എല്ലാവരും സമ്മതിച്ചു.

ഇടഞ്ഞുനിന്ന വയോള അവസാനത്തെ പ്രാർത്ഥന ചെല്ലാൻ നിയോഗിക്കപ്പെട്ടപ്പോൾ ചെറുതായൊന്ന് തണുത്തു.

വെയിലിനെയും മഴയെയും ഉപ്പുകാറ്റിനെയും പ്രതിരോധിച്ച് തുറയിലെ അമ്മമാരുടെ മുഴുവൻ സങ്കടങ്ങളുംപേറി നിൽക്കുന്ന മാതാവ് തങ്ങളിൽ ഒരുവളാണെന്ന് അവർക്ക് തോന്നി. മാതാവിനോട് മുമ്പുള്ളതിനേക്കാൾ കൂടുതൽ അടുപ്പവും സ്നേഹവും അവരിൽ ഉളവായി.

"നിത്യസഹായ മാതേ പ്രാർത്ഥിക്കാ ഞങ്ങൾക്കായി നീ..."

അവസാനം പാടിയ പാട്ടിന് പതിവിലും കൂടുതൽ ഊർജ്ജം ഉണ്ടായിരുന്നു.

ചീട്ടുകളി സംഘം പിരിഞ്ഞു പോയിരിക്കുന്നു.

വിൽഫ്രഡ് പെരേര കടലിന് അഭിമുഖമായി ആടിയാടി നിൽക്കുന്നു.


ചുരുട്ടിക്കൂട്ടിയ പായുമായി അമ്മമാർ തിരിച്ചുനടക്കുമ്പോഴും മാതാവിന്റെ മുമ്പിൽ തിരികൾ അണഞ്ഞിരുന്നില്ല. അതിന്റെ വെളിച്ചത്തിൽ അരിച്ചിറങ്ങുന്ന ഇരുളിനെ തോൽപ്പിച്ച് മാതാവിന്റെ പുഞ്ചിരിക്കുന്ന മുഖം തെളിഞ്ഞുനിന്നു.

●



▶ ലേഖനം





# ഹൃദയപൂർവ്വം...

**ഫാ. വർഗീസ് ജോസഫ്**



മുൻപെന്നോ കേട്ട സംഭവമാണ്. ഒരു ആശുപത്രിയിൽ മാരകരോഗം പിടിപെട്ടവരെ മാത്രം കിടത്തിയിരിക്കുന്ന ഒരു വാർഡ്. എപ്പോൾ വേണമെങ്കിലും മരിച്ചുപോകാൻ സാധ്യതയുള്ള ആ വാർഡിലെ മനുഷ്യർക്ക് ഇനി മരുന്നില്ല. നൽകാവുന്ന ഒരു ആശ്വാസം വേദനയില്ലാതെ മരണത്തിലേക്ക് യാത്രയാകുക എന്നത് മാത്രമാണ്. അവിടെ പന്ത്രണ്ടു വയസ്സുള്ള ബാലൻ കിടപ്പുണ്ട്. വാതിലിന്റെ പുറത്ത് അവന്റെ അപ്പൻ കാത്തുനിന്ന് ഡോക്ടറോട് സംസാരിക്കുമ്പോൾ അവൻ വേദനകൊണ്ട് ഉറങ്ങുന്നില്ല എന്ന് അറിയുന്നു. കരഞ്ഞുകൊണ്ട് ആ മനുഷ്യൻ ഡോക്ടറോട് ഒരു അപേക്ഷ എന്നോണം പറയും: ഡോക്ടറേ, കഴിഞ്ഞ പന്ത്രണ്ടു വർഷം എന്റെ നെഞ്ചിൽ കിടത്തിയാണ് ഞാനവനെ ഉറക്കിയിരുന്നത്. എന്നെ ഒന്ന് കയറാൻ അനുവദിച്ചാൽ എന്റെ മകനെ നെഞ്ചിൽ കിടത്തി ഉറക്കിയിട്ട് ഞാൻ പുറത്ത് വരാം. മാ

രകമായ രോഗികൾ ഉള്ളതുകൊണ്ട് ഡോക്ടറിന് അങ്ങനെ ഒരു അനുവാദം നൽകാൻ കഴിഞ്ഞില്ല. ഒടുവിൽ ആ മനുഷ്യന്റെ അവസാനത്തെ അപേക്ഷ എന്നോണം പറഞ്ഞു. ഡോക്ടർ എനിക്ക് ഒരു സഹായം ചെയ്യണം. എന്റെ മകന്റെ കട്ടിൽ ആ ചുവരിനോട് ചേർത്തിടണം എന്നിട്ട് അവനോട് പറയണം: നിന്റെ അപ്പൻ ആ ചുവരിന്റെ അപ്പുറത്തുണ്ട്. എന്തിനിത് ചെയ്യണം എന്ന് അപ്പോഴും ഡോക്ടറിന് മനസ്സിലായില്ല. എന്നിട്ടും ഒരു അപ്പന്റെ കണ്ണീരിനെപ്രതി അങ്ങനെ ചെയ്തു. ഡോക്ടർ വന്നു കട്ടിൽ ചുവരിനോട് ചേർത്ത് ഇട്ടിട്ട് പറഞ്ഞു: നിന്റെ അപ്പൻ അപ്പുറത്തുണ്ട്. അർദ്ധരാത്രി വീണ്ടും ഡോക്ടർ ആ വഴി വരുമ്പോൾ രണ്ട് കയ്യും വിരിച്ചുവച്ച് ഹൃദയം ചുവരിനോട് ചേർത്തുവച്ച് നിറകണ്ണുകളോടെ നിൽക്കുന്ന അപ്പനെയാണ് കാണുന്നത്. സംഭവം ഇവിടെ അവസാനിച്ചു. എന്നാൽ മതിലിനപ്പുറം അപ്പനുണ്ട് എന്ന വിശ്വാസത്തിൽ ഹൃദയതാളമറിഞ്ഞ് ആ കുട്ടി മരണത്തിന്റെ അവസാന നിമിഷവും സുഖമായി ഉറങ്ങി എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം. ഒരു മതിലിനപ്പുറം വിരിച്ച കരങ്ങളുമായി എല്ലാവേദനകളിലും ഹൃദയത്തോട് ചേർത്ത് കിടത്താൻ ഒരപ്പനുണ്ട് എന്ന വിശ്വാസമാണ് തിരുഹൃദയമാസത്തിന്റെ പ്രത്യാശ.

ഹൃദയവുമായി ബന്ധപ്പെട്ട വിചാരങ്ങളിൽ വല്ലാണ്ട് വ്യാകുലനായത് ക്രിസ്തുതന്നെയാണ്. വായിൽനിന്ന് വരുന്നതല്ല ഹൃദയത്തിൽനിന്ന് പുറപ്പെടുന്നതാണ് ഒരുവനെ അശുദ്ധനാക്കുന്നത്. (മത്തായി 15:18) എന്നൊക്കെ വ്യാവലാതിപ്പെട്ടത് അതുകൊണ്ടാണല്ലോ! സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കണമെന്നും ഹൃദയം കഠിനമാക്കരുത് എന്നും ആവർത്തിച്ച് പറഞ്ഞപ്പോൾ ഹൃദയത്തോട് ക്രിസ്തു ആഭിമുഖ്യം പുലർത്തി എന്നത് സുനിശ്ചിതമാണ്. എന്തിന് ഏറെ പറയുന്നു, നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കണമെന്ന് (മത്തായി 22:37) പറഞ്ഞപ്പോൾ ഹൃദയമാണെല്ലാം എന്ന വ്യക്തത വന്നുകാണുമല്ലോ?

Extra Sensory Perception എന്നൊരു പഠനമുണ്ട്. ശരീരത്തിനപ്പുറം വിചാരങ്ങൾകൊണ്ടും വികാരങ്ങൾകൊണ്ടും ബന്ധപ്പെടുന്ന ഒരു അവസ്ഥ. ദൂരെയുള്ള മകന് ഒരു അസുഖം വരുമ്പോൾ ഒരു വല്ലായ്മ അനുഭവിക്കുന്ന അമ്മയും, വിദേശത്തുള്ള ഭർത്താവിന് എന്തോ



സങ്കടമുണ്ടെന്ന് നാട്ടിലുള്ള ഭാര്യ തിരിച്ചറിയുന്നതും ഈ ബന്ധത്തിലാണ്. ഒരു Heart to Heart connection! ഇങ്ങനെ ഒരു ബന്ധം എല്ലാവരും നേടിയെടുക്കേണ്ടത് ക്രിസ്തുവിലാണ്. ഒരായുസ്സിന്റെ നീണ്ടകാലം ക്രിസ്തുവിനെ ഉള്ളിൽ സ്വീകരിച്ചിട്ട് പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ എന്നിൽ ഞാനല്ല ക്രിസ്തുവാണ് ജീവിക്കുന്നത് എന്ന പറയാൻ കഴിയാതെ പോകുന്നത് എന്താണ്? പോട്ടെ, ക്രിസ്തുഹൃദയത്തിന്റെ ഏതെങ്കിലും ഒരു നന്മ എന്റെ ഹൃദയത്തിലും വളരാതെ പോകുന്നത് എന്തുകൊണ്ടാണ്? ഹൃദയം തിരുഹൃദയമാവാത്തതിന്റെ ദൂരമുള്ളതുകൊണ്ടാണ്. ഹൃദയം തിരുഹൃദയവുമായി കണക്ടായ മൂന്ന് വ്യക്തികൾ സുവിശേഷത്തിലുണ്ട്.

ഒന്ന്: യോഹന്നാൻ, അത്ര മേനി പറയാവുന്ന മനുഷ്യനൊന്നുമല്ല അയാൾ. ഒരു നാടിനെ അഗ്നി ഇറക്കി നശിപ്പിക്കട്ടെ എന്ന് യേശുവിനോട് ക്വട്ടേഷൻ പിടിച്ച ശിഷ്യനാണ് (മാർക്കോ:10:35). മറ്റുള്ളവരെ അംഗീകരിക്കാനും മടിയുണ്ടായിരുന്നു. നിന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കുന്നുവെന്ന് കണ്ട് അവനെ കാണാൻ തടഞ്ഞു എന്ന് പറഞ്ഞതിന് പിന്നെ അർത്ഥമെന്താണ്? ഒടുവിൽ അധികാരം മോഹിച്ച് ഇടതും വലതും ഇരിക്കാൻ അവകാശം ചോദിച്ചവനു. എന്നാൽ എല്ലാം തലകീഴായി തിരിഞ്ഞത് അന്ത്യാത്താഴത്തിലാണ്. ഒടുവിലെ യാത്രമൊഴി ക്രിസ്തു നൽകുമ്പോൾ യോഹന്നാൻ ക്രിസ്തുവിന്റെ ഹൃദയത്തോട് ചേർന്നിരുന്നു. എല്ലാ ശിഷ്യന്മാർക്കും ക്രിസ്തുവിന്റെ അടുത്തിരിക്കാനാണ് ഭാഗ്യം ലഭിച്ചത്. യോഹന്നാനാകട്ടെ അകത്തും. ഹൃദയം കണ്ടവന് പിന്നീട് ആ സ്നേഹവലയത്തിൽനിന്ന് ഓടാനാകില്ലല്ലോ? കുരിശിന്റെ യാത്രയിൽ കല്ലേറ്റദൂരം അയാളും ഉണ്ടായിരുന്നു. ഒടുവിൽ സ്നേഹത്തിന്റെ വെളിപാട് ധ്യാനിച്ചത് കാലത്തിന്റെ ചരിത്രമാണ്.!

രണ്ട് : ലോഞ്ചിനൂസ്, പേര് സുപരിചിതമെങ്കിലും ആളിനെ പരിചിതമുണ്ടാകും. ക്രിസ്തുവിന്റെ വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തിയ പടയാളി. ഒടുങ്ങാത്ത ശത്രുതയിൽ കുത്തിയതാണ്. ആ രക്തവും, വെള്ളവും പകുതി കാഴ്ചയുള്ള അവന്റെ കണ്ണുകളിൽ പതിച്ചു. പൂർണ്ണമായും കാഴ്ച ലഭിക്കുന്ന ആ നിമിഷം അവൻ കാണുന്നത് തുടിക്കുന്ന ക്രിസ്തുവിന്റെ ഹൃദയമാണ്; പിന്നീട് കണ്ട സ്നേഹത്തെ ഓടി നടന്നുപറഞ്ഞ മനുഷ്യൻ, ഇന്ന് സഭയുടെ വിശുദ്ധനാണ്.

മൂന്ന്: തോമസ്, ക്രിസ്തുവിന്റെ വിലാപ്പുറം കാണുകകയും അതിൽ വിരൽ ഇടുകയും ചെയ്യാതെ വിശ്വസിക്കില്ലാ എന്ന് വാശിപിടിച്ചവൻ. വാശി സ്നേഹമായിരുന്നെങ്കിൽ ആ സ്നേഹത്തെ സംശയമെന്ന് ആരോ നിനച്ചു. എന്നിട്ടും അടങ്ങാത്ത ആഗ്രഹത്തിൽ ക്രിസ്തു പാർശ്വം കാട്ടികൊടുക്കുമ്പോൾ തീർച്ചയായും ആ മുറിപ്പാടുകളിൽ ഹൃദയവും കണ്ടിട്ടുണ്ടാകും. അതുകൊണ്ട് ആ ജീവിതം പിന്നീട് ക്രിസ്തുവിനെ പ്രഘോഷിക്കാൻ നടന്നുതീർത്തു.

ഒരു മതിലിനപ്പുറം, ഒരു കല്ലേറ്റദൂരം തിരുഹൃദയം കണ്ടവരുടെ ജീവിതം നൂറ്റിയെൻപതു ഡിഗ്രി മാറിയിട്ടുണ്ട്. ഹൃദയം ഹൃദയത്തെ തൊടുമ്പോൾ മനുഷ്യർക്ക് പുതുതായി എല്ലാം തുടങ്ങാൻ മനസ്സുണ്ടാകും. തിരുഹൃദയമാസം ഒരു ഓർമ്മപ്പെടുത്തലാണ്. ഇത്തിരി ഹൃദയത്തിൽ ഒത്തിരി സ്നേഹം സൂക്ഷിക്കുന്ന ഒരു ദൈവപുത്രനെ ഹൃദയം കാത്തിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തൽ. ഒന്നും നഷ്ടപ്പെട്ടിട്ടില്ലാ എന്നും കണ്ടുകിട്ടുവോളം തേടിപ്പോകണമെന്നും അവിടെ ചേർത്തുപ്പിടിക്കുന്ന ഒരു ഹൃദയമുണ്ടെന്നും ധ്യാനിക്കാം. ശേഷം, നമുക്ക് ഹൃദയംകൊണ്ട് ജീവിക്കാം.

●





# മാറ്റത്തിന്റെ മണിമുഴക്കം വിമോചനത്തിന്റെ കാഹളധ്വനി

മോൺ. നിക്കോളാസ് റ്റി.

**ഹോം മിഷനിലൂടെ ജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയും ഉയർച്ചയുമാണ് അവർ ഏറെ ഉന്നം വച്ചത്. ഇടവകയുടെ ആത്മീയ ഭൗതീക അവസ്ഥയെക്കുറിച്ച് ഇടവകയെ ബോധ്യപ്പെടുത്തുവാൻ ഹോം മിഷന് കഴിഞ്ഞു. ജനങ്ങളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിത്തീരേണ്ട അവസ്ഥയിലേക്ക് ഹോംമിഷൻ കൈപിടിച്ചു നടത്തി.**



## ആമുഖം

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ അജപാലന ശുശ്രൂഷയിൽ ആരംഭിച്ച ഹോം മിഷൻ കുടുംബ കേന്ദ്രീകൃത അജപാലനത്തിന് ഊന്നൽ നൽകി. കാലക്രമേണ, ഹോം മിഷൻ ബി.സി.സി. ഏറ്റെടുത്തു നടത്തുന്നു. ഹോം മിഷന്റെ പ്രവർത്തനം കുടുംബ കേന്ദ്രീകൃതമായിതന്നെ നിലകൊള്ളുമ്പോഴും കുടുംബങ്ങളുടെ 'സാമൂഹിക ആത്മീയ' ജീവിതത്തെക്കുറിച്ചുള്ള വിലയിരുത്തലിലും കർമ്മപരിപാടികൾ ആസൂത്രണം

ചെയ്യുന്നതിലും മുൻപന്തിയിൽ നിൽക്കുന്നു. അതിരൂപതയിലെ ഏറ്റവും വലിയ ഇടവകയായ വിഴിഞ്ഞത്തു നടത്തിയ ഹോം മിഷനെക്കുറിച്ചുള്ള കുറിപ്പാണ് ചുവടെ. ഈ കുറിപ്പിന് 3 ഭാഗങ്ങൾ ഉണ്ട്: നടന്ന പ്രവർത്തനങ്ങൾ, അനുകമ്പയുടെ ആൾരൂപങ്ങൾ, ദൈവരാജ്യത്തിനുള്ള ദിശാബോധം. 3-ാം ഭാഗമാണ് ഹോം മിഷന്റെ വിലയിരുത്തൽ. ഈ ഭാഗം നമ്മെ പ്രചോദിപ്പിക്കുകയും പ്രകോപിക്കുകയും ചെയ്യും.

## 1. ഹോം മിഷൻ: നടന്ന പ്രവർത്തനങ്ങൾ

2024 സെപ്റ്റംബർ 15 മുതൽ ഡിസംബർ 15 വരെ വിഴിഞ്ഞം ഇടവകയിൽ ഹോം മിഷനിലൂടെ കുടുംബ കേന്ദ്രീകൃത സാമൂഹിക ആത്മീയ ഇടയദൗത്യം നിർവ്വഹിക്കപ്പെട്ടു.

യേശു പോകാനിരുന്ന നഗരങ്ങളിലേയ്ക്കും ഗ്രാമങ്ങളിലേയ്ക്കും 2 പേരെ വീതം അയച്ചതുപോലെ വിഴിഞ്ഞം ഇടവകയിൽ ഹോം മിഷനു വന്ന 24 സന്യാസിനികൾ 2 പേർ വീതം 16 പ്രാദേശികങ്ങളിലെ (വാർഡുകളിലെ) 161 യൂണിറ്റുകളിലെ കുടുംബങ്ങൾ സന്ദർശിക്കുകയുണ്ടായി. ഓരോ കുടുംബങ്ങളിലും 2 മണിക്കൂർവീതം അവർ ചെലവഴിച്ചു. ഹോം മിഷനിൽ പങ്കെടുത്ത സന്യാസിനികളിൽ ഭൂരിഭാഗം പേരും മധ്യവയസ്ക്കരായിരുന്നു. വിഴിഞ്ഞം ഇടവകയുടെ ഭൂപ്രദേശം നിമ്നോന്നതങ്ങളാണ്. അക്കാരണത്താൽത്തന്നെ, ഓരോ ഭവനങ്ങളിൽ എത്തിച്ചേരുക അത്ര എളുപ്പമായിരുന്നില്ല. എങ്കിലും, സന്യാസിനികൾ ഏറെ ശ്രദ്ധയോടും അതിലേറെ ഗൗരവത്തോടുംകൂടെ തങ്ങളുടെ ആരോഗ്യംപോലും തുണവൽഗണിച്ചുകൊണ്ട് ഏറ്റെടുത്ത ദൗത്യം വിശ്വസ്തതയോടെ സമയബന്ധിതമായി ചെയ്തുതീർത്തു. ഓരോ കുടുംബത്തെയും യൂണിറ്റിനെയും പ്രാദേശികത്തെയും കൃത്യമായി വിശകലനം ചെയ്യുകയും അപഗ്രഥിക്കുകയും വിലയിരുത്തുകയും ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കി ഓരോ വാർഡിലെയും ഭാരവാഹികളെ വിളിച്ച് അവതരിപ്പിച്ചു എന്നതും അവയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ പ്രാദേശിക ഭാരവാഹികൾ ഇടവക വികാരി, സഹവികാരിമാർ, സിസ്റ്റേഴ്സ് എന്നിവരെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്തു എന്നതും ഏറെ ശ്ലാഘനീയമാണ്. 16 വാർഡുകളിലും ഇത്ര ശ്രമകരമായി റിപ്പോർട്ടുകൾ അവതരിപ്പിച്ചത് വിഴിഞ്ഞം ഇടവകയിലായിരുന്നുവെന്ന് രൂപത ബി.സി.സി. ടീം പറയുകയുണ്ടായി, ജനത്തോടുള്ള കരുണയും കരുതലുമാണിത്.

ഇടവകയിലെ 3 കോൺവെന്റുകൾക്കും (ഉർസുലൈൻ, ഹോളിക്രോസ്, ഗുഡ്ഷെപ്പേഡ്) സഹവികാരിമാർക്കും സന്യാസിനിമാർക്കും പ്രാദേശികങ്ങളുടെ ചുമതല നൽകപ്പെട്ടിട്ടുണ്ട്. അതിരൂപതയിലെ ഏറ്റവും വലിയ ഇടവകയായ വിഴിഞ്ഞത്ത് ഹോം മിഷൻ നടക്കില്ല എന്ന് പലരും നിരുത്സാഹപ്പെടുത്തിയെന്നും എന്നാൽ ഫലപ്രദമായി വിഴിഞ്ഞം ഇടവകയിൽ നടത്താൻ കഴിഞ്ഞുവെന്നും അതിരൂപതാ ടീം പറഞ്ഞു. നിശ്ചയദാർഢ്യം ഏറെ നല്ലതായി.

അതിരൂപതാ അദ്ധ്യക്ഷനായിരുന്ന സൂസപാക്യം പിതാവും, സഹായമെത്രാൻ ക്രിസ്തുദാസ് പിതാവും ശുശ്രൂഷാഡയറക്ടർമാരും പങ്കെടുത്ത ഹോം മിഷൻ കൃത്യമായി ഭംഗിയായി ചിട്ടയോടുകൂടെ ത്യാഗമനോഭാവത്തോടെ ബഹുമാനപ്പെട്ട ഡാനിയേൽ രാജമണിയച്ചൻ ക്രമീകരിച്ചത് ഏറെ ശ്ലാഘനീയമാണ്. ഇടവക കൗൺസിലും ഇടവകാംഗങ്ങളും വളരെ കൃത്യമായി ഹോം മിഷനെ വരവേറ്റു, സാന്നിധ്യവും പ്രാർഥനയും സഹകരണവുമായി അവരൊക്കെ കൂടെയുണ്ടായിരുന്നു. അഭിനന്ദനങ്ങൾ!

## 2. ഹോം മിഷൻ: അനുകമ്പയുടെ ഇടയദൗത്യം

ജനങ്ങളെ കണ്ടപ്പോൾ യേശുവിന് അനുകമ്പ തോന്നി. കാരണം അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ നിസ്സഹായരും ആലംബഹീനരുമായിരുന്നു. ഇതാണ് വിഴിഞ്ഞത്തും ഏറെക്കുറെ സന്യാസിനികൾ കണ്ടതും അനുഭവിച്ചതും. ജനത്തിനുവേണ്ടി സന്യാസിനികൾ പ്രാർഥിച്ചും പ്രവർത്തിച്ചും അവരുടെ ദൗത്യം അവർ പൂർത്തിയാക്കി (മത്താ 9:35-10:1). സന്യാസിനികളുടെ സാന്നിധ്യവും സഹകരണവും ആളുകൾക്ക് യേശുവിന്റെ അനുകമ്പയുടെ ആൾരൂപമായി, പുതിയ അനുഭവമായി. യേശുവിനെപ്പോലെ അപ്പമേകാനുള്ള അനുകമ്പ (മത്ത 14:14, 15:32), വേദനയനുഭവിക്കുന്നവരോടുള്ള അനുകമ്പ സന്യാസിനികൾ പ്രകടമാക്കി. മാത്രവുമല്ല ഹോം മിഷനിലൂടെ ജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയും ഉയർച്ചയുമാണ് അവർ ഏറെ ഉന്നം വച്ചത്. ഇടവകയുടെ ആത്മീയ ഭൗതീക അവസ്ഥയെക്കുറിച്ച് ഇടവകയെ ബോധ്യപ്പെടുത്തുവാൻ ഹോം മിഷന് കഴിഞ്ഞു. ജനങ്ങളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിത്തീരേണ്ട അവസ്ഥയിലേക്ക് ഹോംമിഷൻ കൈപിടിച്ചു നടത്തി.

## 3. ഹോം മിഷൻ: ദൈവരാജ്യത്തിലേയ്ക്കുള്ള ദിശാബോധം

### 3:1 ഹോം മിഷൻ : 'അറിവ്, അനുഭവം, അക്ഷരം'

ഹോം മിഷൻ നല്കിയ അറിവും അനുഭവവും അക്ഷരങ്ങളായപ്പോൾ 485 പേജുകളുള്ള ഒരു ഗ്രന്ഥതല്ലജം രൂപപ്പെട്ടു. അറിവ് അഗ്നിയാണല്ലോ! അഗ്നി കത്തിജ്വലിച്ചപ്പോൾ ചിറകറ്റു വീഴുന്ന മനുഷ്യജീവിതങ്ങളെക്കണ്ടു. പരിശുദ്ധാത്മാവിനാൽ ജനിച്ച, അഭിഷിക്തനായ യേശുവിനെപ്പോലെ പാവപ്പെട്ടവർക്ക് സുവിശേഷമാകാൻ ഏറെ ആഗ്രഹിച്ചുകൊണ്ട് ഇടവക വികാരിയും കൗൺസിലും ഓരോ വാർഡിലെയും റിപ്പോർട്ട് അവരവരുടെ വാർഡുകളിലെ ഭാരവാഹികളെ ഏല്പിച്ച്, ഒപ്പം ശുശ്രൂഷാസമിതികളെയും യൂണിറ്റ് തലത്തിലും വാർഡ്തലത്തിലും അവരവരുടെ യൂണിറ്റുകളെയും വാർഡുകളെയും അവരുടെ ഇടയിലുള്ള വേദനിക്കുന്നവരുടെ കണ്ണുനീരിലൂടെയും, ചോരയിലൂടെയും, വിയർപ്പിലൂടെയും ജനം വായിച്ചെടുത്തു. അവർ അടയാളപ്പെടുത്തിയതാണ് വിഴിഞ്ഞം സിന്ധുയാത്ര മാതാ ദൈവാലയത്തിലെ 2025-2026 ലെ പ്ലാനും പദ്ധതിയും. വേദനിക്കുന്ന ജനത്തിന്റെ വളർച്ചയുടെയും വികസനത്തിന്റെയും മാഗ്നകാർട്ടയാണ് പ്ലാനും പദ്ധതിയും എന്നു പറയാം. ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി ജനങ്ങൾ രൂപീകരിച്ചതാണ് പ്ലാനും പദ്ധതിയും. ഇതിനുമുമ്പുവരെ ചർച്ച, പഠനക്ലാസുകൾ എന്നിവ പൊതുവായി നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ മുതൽ 4 വാർഡുകൾ വീതം ഉൾക്കൊള്ളുന്ന 4 സോണുകളിലൂടെ എല്ലാ ജനങ്ങളിലേക്കും വികസനവും വിമോചനവും എത്തിക്കാൻ സാധിക്കുന്നു. ഇതിനുള്ള ഉൾക്കണ്ണു തുറന്ന് തന്നത് ഹോം മിഷനിൽ നിന്ന് ലഭിച്ച അറിവാണ്. ആരും നഷ്ടപ്പെടാതെയും ആരെയും നഷ്ടപ്പെടുത്താതെയുമുള്ള കരുതലാണിത്, അതിനായി കാലം കാത്തുവച്ചത് ഹോം മിഷനെയാണ് (ലൂക്കാ: 4:18, യോഹ 17).

### 3:2 ഹോം മിഷൻ: ക്രിയാത്മക യാത്ര

ജനങ്ങളെ കാണുകയും



കേൾക്കുകയും ചെയ്യുന്ന ജനങ്ങളെ അന്വേഷിക്കുന്ന ദൈവദാസന്മാരെ, ദൈവദാസിമാരെ ജനം അന്വേഷിക്കുന്നു. അവരുടെ ആവശ്യങ്ങളിലും അവശതകളിലും കൂടെനിന്ന് സഹായിക്കാനുള്ളവർക്കായി അവർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. അതിനായുള്ള തുടർ ക്രമീകരണങ്ങൾ ഹോം മിഷൻ ക്രിയാത്മകമായി ചെയ്യണം.

### 3:3 ഹോം മിഷൻ: 'പ്രത്യാശയോടെ ചുവടുറപ്പിച്ചുള്ള യാത്ര'

ബി.സി.സി.യുടെ റിസോഴ്സ് ടീം രൂപീകരിച്ച് അവർക്കായി 3 ദിവസത്തെ പ്രത്യേക പരിശീലനം കാര്യവട്ടത്തുള്ള ലയോള എക്സ്റ്റൻഷൻ ടീം അംഗങ്ങൾ നല്കി. ശുശ്രൂഷകൾക്കപ്പുറം പോകാനും ജനങ്ങളെ കരുതാനും നയിക്കാനും സദാ സന്നദ്ധരായിരിക്കുന്ന വിഴിഞ്ഞം ഇടവകയുടെ പൊതു സമിതിയിൽ നിന്നെടുത്ത ഉപദേശക സമിതിയും ബി.സി.സി. റിസോഴ്സ് ടീം അംഗങ്ങളോട് ഒത്തുചേരുന്നു. പ്രത്യാശയോടുള്ള യാത്ര ആരംഭിച്ചു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. പ്രത്യാശയുടെ നങ്കൂരം നമ്മെ വിശ്വാസത്തിലുറപ്പിക്കും. ഹൃദയംകൊണ്ട് വിശ്വസിച്ച് അധരം കൊണ്ട് പ്രഘോഷിക്കുന്ന സുവിശേഷം ജീവിക്കാൻ നമ്മെ പ്രാപ്തരാക്കും (റോമ 10:10).

### 3:4 ഹോം മിഷൻ: രക്ഷാകരമായ അകലവും ആരോഗ്യകരമായ അടുപ്പവും

ജനങ്ങൾ വളർന്നു, പക്വത പ്രാപിച്ചു, എല്ലാം അവർ ചെയ്യും എന്ന് പറഞ്ഞ് അവരുടെ കൈകളിൽ എല്ലാം ഏല്പിച്ചുകൊടുത്തു മാറി നില്ക്കലല്ല, മാറ്റി നിറുത്തലല്ല ശുശ്രൂഷാപൗരോഹിത്യവും സന്യാസവും. ദൈവരാജ്യത്തിനുവേണ്ടി ശ്രമം ചെയ്യുന്ന സന്യാസവും ശുശ്രൂഷാ പൗരോഹിത്യവും വളരെ കൃത്യമായി, ഹൃദ്യമായി, ജനങ്ങളെ യേശുവിനെപ്പോലെ നയിക്കാൻ കൂടെയുണ്ടാകണം, അവരുടെ കൂട്ടിനുണ്ടാകണം. ആചാരാനുഷ്ഠാന കർമ്മങ്ങളുടെ ആധിക്യവും ആധിപത്യവും കുറയണം. വൈദീക സന്യസ്ത



സ്ഥലം മാറ്റങ്ങൾ ഹോം മിഷൻ പ്രവർത്തനങ്ങളുടെ ഗതിമാറ്റാനും മന്ദഗതിയിലാക്കാനും കാരണമായിത്തീരാം. വേണ്ടപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. നല്ലൊരു ദിശാബോധത്തിലൂടെ സഞ്ചരിക്കാൻ ബി.സി.സി. റിസോഴ്സ് ടീമും പൊതു സമിതിയിലെ ഉപദേശക സമിതിയും തുടർപ്രവർത്തനങ്ങൾക്ക് വെള്ളിവെളിച്ചം വീശിക്കൊണ്ടിരിക്കണം.

### 3:5 ഹോം മിഷൻ: ഇരുളിൽ പ്രകാശം

ഒരു പ്രദേശം വളരുക വിദ്യാഭ്യാസത്തിലൂടെയും വിശ്വാസത്തിലൂടെയുമാണ്. സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ 3 വർഷം കൊണ്ട് 3 കോടിയിലധികം രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇരുളകറ്റുന്ന ഗുരുപാഠം ശ്രവിക്കാൻ 10 -ാം ക്ലാസിലെ കുട്ടികളിൽ 50 പേരടങ്ങുന്ന വിദ്യാർത്ഥികളെ വീതം 3 ബാച്ചുകളിലായി ലെയോള എക്സ്റ്റൻഷൻ സർവീസിന്റെ സഹായത്തോടെ പഠന നിലവാരത്തിന്റെ ഉയർച്ചയ്ക്കായി ക്രമീകരിക്കുവാൻ കഴിഞ്ഞു. ഇനി പ്ലസ്ടു പഠിക്കുന്നവരെയും ഇതുപോലെ രൂപപ്പെടുത്തി പഠനത്തിനും ജീവിതത്തിലും ഏറെ ഉൾക്കാഴ്ചയുള്ളവരായി വളർത്താനുള്ള കർമ്മപരിപാടിയിലാണ്, അതിനുള്ള ക്രമീകരണങ്ങളും നടക്കുന്നു. 2025 ഡിസംബർ മുതൽ 2026 മാർച്ച് വരെ പരീക്ഷയെ ഉന്നം വച്ചുള്ള പ്രത്യേക പഠനക്ലാസുകളും ക്രമീകരിക്കാൻ, ആഴപ്പെടുത്താൻ, ഹോം മിഷൻ ഊന്നൽ നൽകിയതുകൊണ്ട് ഊർജ്ജസ്വലമായി മുന്നോട്ടു പോകുന്നു.

### 3:6 ഹോം മിഷൻ: 'ആംബുലൻസ് 108'

രോഗികളെ പരിചരിക്കൽ, സുഖപ്പെടുത്തൽ എന്നിവ കുറച്ചുകൂടി മെച്ചപ്പെടുത്താൻ ഹോം മിഷൻ സഹായിച്ചു. ഹൃദയസംബന്ധമായ രോഗികളും ന്യൂറോളജിക്കൽ രോഗികളുമാണിവിടെ കൂടുതൽ കാണുന്നത്. ഹൃദയസംബന്ധമായ രോഗങ്ങൾ കണ്ടെത്താൻ എസ്.പി. ഫോർട്ട് മെഡിസിറ്റിയുമായി ചേർന്ന് റോട്ടറി ക്ലബിന്റെ സഹായത്തോടെ 116 പേരുടെ ഹൃദയരോഗങ്ങൾ പരിശോധിക്കാനും തുടർനടപടികൾ നടത്താനും കഴിഞ്ഞു. ഇവിടത്തെ രോഗാവസ്ഥയുടെ കാര്യകാരണങ്ങൾ പഠിക്കാനും പരിശോധിക്കാനും മാലിന്യവിമുക്ത ലഹരിവിമുക്ത വിഴിഞ്ഞം രൂപപ്പെടുത്താനുമുള്ള നടപടിക്രമങ്ങൾ കുറെക്കൂടി ഊർജ്ജ സ്വലമായി കൊണ്ടുപോകാൻ ഹോം മിഷൻ പ്രവർത്തനങ്ങൾ പ്രചോദിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്നു.

### 3:7 ഹോം മിഷൻ: കനിവ്

മത്സ്യമേഖലയിൽ ജോലി ചെയ്ത് അവശനിലയിൽ കഴിയുന്ന 101 പേർക്ക് മാസം തോറും 1000 രൂപാ വീതം നൽകി സഹായിക്കുവാൻ ഇടവകയുടെ മത്സ്യകുത്തകയിൽ നിന്നും ഒന്നരക്കോടി സ്ഥിരം നിക്ഷേപം ചെയ്തു. 25-05-2025 ന് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ആ മഹനീയ കർമ്മം നിർവ്വഹിച്ചു. അഭയ ചാരിറ്റബിൾ ട്രസ്റ്റിലൂടെ രോഗികൾക്കുള്ള സഹായം തുടരുന്നു. മാത്രമല്ല അത്യാവശ്യമായ മെഡിക്കൽ കെയറും ഹോളിക്രോസ് സിസ്റ്റേഴ്സ് ചെയ്യുന്നുണ്ട്.

### 3:8 ഹോം മിഷൻ: അതിരൂപത ശുശ്രൂഷകൾ

ഹോം മിഷൻ നടന്നിട്ടുള്ള ഇടവകകളിൽ അതിരൂപതാ ശുശ്രൂഷാ സമിതികൾ എത്തിച്ചേരുകയും, കഴിയുന്നിടത്തോളം ആളിലും അർത്ഥത്തിലും ഹോം മിഷന്റെ അടിസ്ഥാനത്തിൽ പ്രവർത്തനോന്മുഖമാകണം. എവിടെയാണോ ജനം അവിടെ നിന്ന് പഠിക്കണം, അവിടെ നിന്നു തുടങ്ങണം. അപ്പോൾ ദൈവവും കൂടെയുണ്ടായിരിക്കും. ഹോം മിഷനിലൂടെ, ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്താനും പുതിയത് മെച്ചപ്പെടുത്താനും ഉൾപ്രേരണ നൽകി.

## ഉപസംഹാരം

ജനങ്ങളുടെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും വിമോചനത്തിനുമായുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരാൻ ആളിലും അർത്ഥത്തിലും ഇടവക കൗൺസിലും നല്ല മനസ്സുള്ളവരും തയ്യാറാകുന്നുവെന്നുള്ളത് വലിയൊരു നേട്ടവും മാറ്റത്തിന്റെ നന്ദിയുമാണ്. മറ്റു വാക്കുകളിൽ മാറ്റത്തിന്റെ മണിമുഴക്കവും വിമോചനത്തിന്റെ കാഹള ധ്വനിയുമാണ് ഹോം മിഷൻ തുടങ്ങിവച്ചത്. ഇത് സിനഡാലിറ്റിയിലൂടെ തുടരണം. ലിയോ പതിനാലാമൻ പാപ്പയും നമ്മെ നയിക്കുന്നത് ഈ വഴിയ്ക്കാണ്. ●





# ആനി മസ്ക്രീൻ: സ്വാതന്ത്ര്യ സമരചരിത്രത്തിലെ സമുജ്ജ്വല താരകം

**ഡോ. ബീറ്റ ജോൺ**

1902-ൽ ഒരു ഇടത്തരം ലത്തീൻ കത്തോലിക്ക കുടുംബത്തിൽ ഗബ്രിയേൽ മസ്ക്രീൻ, മറിയം എന്നീ ദമ്പതികളുടെ മകളായി വഴുതക്കാട് ജനിച്ച ആനി മസ്ക്രീൻ ഉയർന്ന വിദ്യാഭ്യാസം നേടുകയും രാഷ്ട്രീയ സാമൂഹിക രംഗത്ത് നിസ്വാർത്ഥമായി പ്രവർത്തിക്കുകയും, ഉറച്ച തീരുമാനങ്ങൾ കൈക്കൊള്ളുകയും, ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത ഒരു മഹത് വനിതയാണ്. ഒരു ബഹുമുഖ പ്രതിഭയായ ഈ വ്യക്തിത്വത്തിന്റെ ജീവിത വഴികളെ അനാവരണം ചെയ്യുന്ന 15 ലേഖനങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഒരു ലേഖന സമാഹാരം ആണ് ആനി മസ്ക്രീൻ: സ്വാതന്ത്ര്യ സമരചരിത്രത്തിലെ സമുജ്ജ്വല താരകം.




കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷനാണ് ഈ ധീര വനിതയെക്കുറിച്ചുള്ള പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇഗ്നേഷ്യസ് തോമസ് (എഡിറ്റർ), റവ. ഡോ. ആൻറണി പാട്ടപ്പറമ്പിൽ (മാനേജിങ് എഡിറ്റർ), ഡോ. എസ്. റെയ്മൺ, പ്രൊഫ. ഇഗ്നീഷ്യസ് ഗോൻസാൽവസ് എന്നിവർ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ ആയിട്ടുള്ള ഈ പുസ്തകത്തിൽ അധ്യാപകർ, സിവിൽ സർവീസ് ഉദ്യോഗസ്ഥർ, ഗവേഷകർ, ജേർണലിസ്റ്റുകൾ, രാഷ്ട്രീയപ്രവർത്തകർ തുടങ്ങി വ്യത്യസ്ത ജീവിത മേഖലകളിൽ തങ്ങളുടെ പ്രാവിണ്യം തെളിയിച്ചിട്ടുള്ള വ്യക്തികളാണ് ലേഖനങ്ങൾ എഴുതിയിരി



ക്കുന്നത്.

കാൽ നൂറ്റാണ്ടിലധികംകാലം തിരുവിതാംകൂറിന്റെയും കേരളത്തിന്റെയും രാഷ്ട്രീയ രംഗത്ത് ഉറച്ച നിലപാടുകളോടെ നിലകൊണ്ട ധീര വനിതയാണ് ആനി മസ്ക്രീൻ. തിരുവിതാംകൂർ അസംബ്ലിയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട പ്രഥമ വനിത, തിരുകൊച്ചിയിലെ ആദ്യ വനിതാ മന്ത്രി, ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയിലെ അംഗം, ഭരണഘടനയുടെ കരട് രേഖയിൽ ഒപ്പിട്ട ആദ്യ തിരുവിതാംകൂർ സമാജിക, തെക്കേ ഇന്ത്യയിൽനിന്നും ഇന്ത്യയുടെ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിതാ സമാജിക, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഏക വനിത, തിരുവിതാംകൂറിൽനിന്നും ഉത്തരവാദ ഭരണസമരത്തിൽ ഏറ്റവുമധികകാലം ജയിൽവാസം അനുഭവിക്കേണ്ടിവന്ന സ്വാതന്ത്ര്യ സമര സേനാനി എന്നീ നിലകളിൽ രാഷ്ട്രീയ സേവനം നൽകിയ ആനി മസ്ക്രീനിന്റെ ജീവിതത്തെയാണ് 15 വ്യത്യസ്ത ലേഖനങ്ങളിലൂടെ ഇവിടെ പ്രതിപാദിക്കപ്പെടുന്നത്.

ഈ ധീര വനിതയുടെ ജീവിതത്തിൽ സംഭവിച്ച പല സംഭവങ്ങളും സമാഹാരത്തിലെ 15 ലേഖനങ്ങളിലും വിവരിക്കുന്നുണ്ട്, ഉദാഹരണമായി അന്നത്തെ തിരുവിതാംകൂർ രാഷ്ട്രീയ അരാജകത്വത്തിനെതിരെ ശബ്ദമുയർത്തിയതിന്റെപേരിൽ സർ സിപിയുടെ അനുചരന്മാർ അർദ്ധരാത്രിയിൽ ആനി മസ്ക്രീനിന്റെ വീട്ടിൽ അതിക്രമിച്ച് കയറി വസ്തുങ്ങൾ ഉൾപ്പെടെ കൊള്ളചെയ്യപ്പെട്ട സംഭവം ഉൾപ്പെടെ ആനി മസ്ക്രീനിന്റെ ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളെയും സമഗ്രമായി ഇതിൽ പ്രതിപാദിക്കുന്നു. എന്നാൽ രാഷ്ട്രീയകേരളം ഈ ധീര വനിതയെ വേണ്ടരീതിയിൽ ആദരിച്ചിരുന്നില്ല എന്നതിനുള്ള വസ്തുതകൾ ലേഖനങ്ങളിൽ വിവരിക്കുന്നുണ്ട് അതോടൊപ്പം ആനിമസ്ക്രീനിന്റെ ദീപ്തമായ സ്മരണ നിലനിർത്തുന്നതിനുവേണ്ടി അവരുടെ പ്രതിമ വിമൻസ് കോളേജിന് സമീപം സ്ഥാപിക്കുവാൻ അധികാരികൾ തീരുമാനിക്കുകയും അരനൂറ്റാണ്ടിനു ശേഷം ആ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും ചെയ്തു. ഈ സ്വപ്ന സാക്ഷാത്കാരത്തിന്റെ നാൾ വഴികളെക്കുറിച്ചുമുള്ള ലേഖനങ്ങളും സമാഹാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

അഭിവന്ദ്യ തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ്. ജെ. നെറ്റോ അവതാരികയും കണ്ണൂർ ലത്തീൻ രൂപത അദ്ധ്യക്ഷൻ ഡോ. അലക്സ് വടക്കുംതല, ശ്രീ. എ കെ ആന്റണി എന്നിവർ ആശംസകളും എഴുതിയ ഈ പുസ്തകത്തിലെ ലേഖനങ്ങൾ;

**ആനി മസ്ക്രീൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ സമുജ്ജ്വല താരകം**
ഡോ. ചാൾസ് ഡയസ്

**ദിവാൻ ഭരണത്തെ വട്ടം ചുറ്റിച്ച ആനി മസ്ക്രീൻ**
മലയിൻകീഴ് ഗോപാലകൃഷ്ണൻ

**ആനി മസ്ക്രീൻ സ്ത്രീ ശാക്തീകരണത്തിൽ മായാത്ത മുദ്ര പതിപ്പിച്ച ധീരവനിത**
ലീഡ ജേക്കബ് IAS (Rtd.)

**അനന്തപുരിയിൽ ആനി മസ്ക്രീന്റെ പ്രതിമ**
മോൺ. യൂജിൻ എച്ച് പെരേര

**ആനി മസ്ക്രീൻ തിരുവിതാംകൂറിന്റെ ഝാൻസി റാണി**
ഡോ.എസ് റെയ്മ ൺ

**ആനി മസ്ക്രീൻ പ്രവാചക ധീരതയുടെ പര്യായം**
ജോൺ കച്ചിറമറ്റം

**ആനി മസ്ക്രീൻ ഭാരതത്തിന്റെ വീരപുത്രി**
ആന്റണി ആൽബർട്ട്

**ആനി മസ്ക്രീൻ തിരുവിതാംകൂർ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രതിരോധത്തിന്റെ ശബ്ദം**
ഡോ. രജിത. റ്റി

**ആനി മസ്ക്രീനും കേരള നവോത്ഥാനവും**
ജോയി ഗോതുരുത്ത്

**ആനി മസ്ക്രീൻ ആദർശ ധീരതയുടെ ആൾരൂപം**
ഇഗ്നേഷ്യസ് തോമസ്

**ആനി മസ്ക്രീൻ തളരാത്ത സമര പോരാളി**
ഡോ. ഗ്രിഗറി പോൾ

**ആനി മസ്ക്രീൻ തിരുവിതാംകൂർ സമര ചരിത്രത്തിലെ വീരനായിക**
ഡോ. മഞ്ജു എസ്. എസ്

**ആനി മസ്ക്രീൻ ഉത്തരവാദ പ്രക്ഷോഭത്തിന്റെ മുന്നണി പോരാളി**
ഡോ. ബീറ്റാ ജോൺ

**ഇന്ത്യൻ ഭരണഘടന നിർമ്മിതിയിൽ ആനി മസ്ക്രീന്റെ സംഭാവന**
ഡോ. സുരേഷ്. ജെ

**ഉത്തരവാദ ഭരണപ്രക്ഷോഭവും നെയ്യാറ്റിൻകര വെടിവയ്പ്പും**
മനു എസ്. എസ്

പ്രണതാ ബുക്സ്, കൊച്ചി വിതരണക്കാരായ ഈപുസ്തകം ആനി മസ്ക്രീൻ എന്ന വ്യക്തിയുടെ ജീവിതത്തെക്കുറിച്ച് വളരെ ആഴമായി ഗ്രഹിക്കുവാൻ സഹായിക്കുന്ന ഒന്നാണ്.

●


അഭിനന്ദനങ്ങൾ



കെ.ആർ.എൽ.സി.ബി.സി
ഹെറിറ്റേജ് കമ്മിഷൻ അസോസിയേറ്റ്
സെക്രട്ടറിയായി നിയമിതനായ
തിരുവനന്തപുരം അതിരൂപതാംഗം
റവ. ഫാ. ഡോ. ജോൺബോസ്കോ
പ്രാർഥനാശംസകൾ





# താക്കോൽ ദ്വാര ശസ്ത്രക്രിയ ഹെർണിയ


## റവ. ഡോ. ലെനിൻ രാജ്

(മാനേജർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, പാളയം)

## ഡോ. അനു ആന്റണി വർഗീസ് MBBS, MS, FIAGES

(തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സർജറി വിഭാഗത്തിൽ നിന്ന് ഒന്നാം റാങ്കോടെ സ്വർണ്ണ മെഡൽ നേടി. വെരിക്കോസ് വെയിനുകൾക്ക് റേഡിയോ ഫ്രീക്വൻസി അബ്ലേഷൻ (ആർഎഫ്എ) അവതരിപ്പിച്ച കേരളത്തിലെ ആദ്യത്തെ സർജൻ, 9,000-ത്തിലധികം കേസുകൾ വിജയകരമായി പൂർത്തിയാക്കി. തിരുവനന്തപുരത്ത് 500-ലധികം ബാരിയാട്രിക് സർജറികൾ നടത്തിയ ആദ്യത്തെ ചുരുക്കം ചില സർജന്മാരിൽ ഒരാളാണ് അദ്ദേഹം. നിലവിൽ, തിരുവനന്തപുരത്ത് RCC ഒഴികെ സ്വകാര്യ മേഖലയിൽ റോബോട്ടിക് സർജറികൾ നടത്തുന്ന ഏക സർജൻ. തിരുവനന്തപുരത്ത് ആദ്യത്തെ റോബോട്ടിക് തൈറോയ്ഡ് സർജറി നടത്തിയതിന്റെ ബഹുമതിയും അദ്ദേഹത്തിനുണ്ട്.)




### >> എന്താണ് ഹെർണിയ?

നമ്മുടെ ശരീരത്തിലെ ഉദരഭാഗത്ത് പാർശ്വഭിത്തിയിൽ ഉണ്ടാകുന്ന ചെറിയ വിടവുകളിലൂടെ വയറിനകത്തുള്ള കണ്ടന്റ്സ് അത് ചെറുകുടലാകാം, വൻകുടലാകാം, മൂത്രാശയമാകാം ഈ കണ്ടന്റ്സിൽ ഏതെങ്കിലും ഒന്ന് പുറത്തേക്ക്തള്ളി വരുന്നതിനെയാണ് ഹെർണിയ എന്ന് പറയുന്നത്.


### >> ഹെർണിയ എത്രവിധമാണുള്ളത്?

സാധാരണ ഉദരഭാഗത്ത് പാർശ്വ ഭിത്തിയിൽ ഉണ്ടാകുന്ന വിടവിൻമേൽ അതിലൂടെ പുറത്തുവരുന്നതിനെയാണ് ഹെർണിയ എന്ന് പറയുന്നത്. ഹെർണിയ പലതരത്തിലാണ് ഉണ്ടാകാറുള്ളത്. അത് തരം തിരിച്ചിരിക്കുന്നത് പാർശ്വഭിത്തിയിലെ ഉദരഭാഗത്ത്

ഏതൊക്കെ സ്ഥലങ്ങളിലൂടെ വരുന്നു എന്നുള്ളതിനെ ആശ്രയിച്ചാണ്, അത് ഇരിക്കുന്നത്. വെൻട്രൽ ഹെർണിയ എന്ന് പറഞ്ഞാൽ പാർശ്വഭിത്തിയുടെ മുൻഭാഗത്ത് മുകൾ മുതൽ അടിവരെയുള്ള സ്ഥലങ്ങളിൽ മിഡ് ലൈനിൽ എവിടെയെങ്കിലും വരുന്നതിനെയാണ് വെൻട്രൽ ഹെർണിയ എന്ന് പറയുന്നത്. ആ വെൻട്രൽ ഹെർണിയയിൽ തന്നെ എപ്പി ഗ്യാസ്ട്രിക് ഹെർണിയ, അമ്പിളിക്കൽ ഹെർണിയ, പാര അമ്പിളിക്കൽ ഹെർണിയ, ഹൈപ്പോ ഗ്യാസ്ട്രിക് ഹെർണിയ, എന്നുള്ള രീതിയിൽ ഹെർണിയയെ ക്ലാസ്സിഫൈ ചെയ്തിട്ടുണ്ട്. പിന്നെ ഹിപ്പിന്റെ ഭാഗത്തും ഇടുപ്പിന്റെ ഭാഗത്തായിട്ടും രണ്ടു സൈഡിലും വരുന്നതിനെ ഇൻകൊയ്നൽ ഹെർണിയ എന്ന് പറയും. കുറച്ചും കൂടി ലാറ്ററലായിട്ട് സൈഡിലേക്ക് മാറി കിഡ്നിയുടെ സ്ഥാനത്തിനടുത്തുകൂടി വരുന്നതിനെ ഇൻസിഷണൽ ലംബാർ ഹെർണിയ എന്നു പറയും വയറിന്റെ ഉദരഭാഗത്ത് ഏതെങ്കിലും വയറിന്റെ പാർശ്വ ഭിത്തിയിൽ എപ്പോഴെങ്കിലും ഒരു സർജറിക്ക് വേണ്ടി ഉണ്ടാക്കുന്ന മുറിവിൽനിന്ന് ആ മുറിവിലൂടെ പുതിയതായിട്ട് ഹെർണിയ വരികയാണെങ്കിൽ അതിനെ ഇൻസിഷണൽ ഹെർണിയ എന്ന് പറയും.

### >> ഹെർണിയ വരാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?

ഹെർണിയ വരാനുള്ള കാരണങ്ങൾ രണ്ടുതരത്തിലാണ് നമ്മൾ പറയുന്നത്. ഒന്ന് - നേരത്തെ ഉണ്ടായ മുറിവുകളിലൂടെ ഉണ്ടാകുന്ന ഇൻസിഷണൽ ഹെർണിയ അല്ലെങ്കിൽ നമ്മുടെ ഇടുപ്പിന്റെ ഭാഗത്തുണ്ടാകുന്ന മസിലിന്റെ ബലക്കുറവ് അത് ക്രമേണ 40, 50 വയസ്സാകുമ്പോഴാണ് വരുന്നത് അതിനെ ഡയറക്റ്റ് ഇൻകൊയ്നൽ ഹെർണിയ എന്നു പറയും. ജന്മനാതന്നെ നമ്മുടെ ഇൻകോയിനൽ റീജിയനിൽ വയറിന് അകത്തുള്ള സാധനങ്ങൾ താഴെ സ്ക്രോട്ടത്തിലേക്ക് പോകാനും, സ്ക്രോട്ടത്തിലുള്ള സാധനങ്ങളുടെ ബ്ലഡ് സപ്ലൈയും മറ്റു കാര്യങ്ങളും വയറിനുള്ളിലേക്ക് വരാനുമുള്ള ചെറിയ ദ്വാരം ഉണ്ട് അത് ഇൻകൊയ്നൽ കനാൽ എന്ന് പറയും. അത് ജനിച്ചു കഴിയുമ്പോൾ ഇല്ലാതാകേണ്ടതാണ്. അത് സ്ഥിരമായതാണെങ്കിൽ അതിനെ ജന്മനാലുള്ള പരോക്ഷമായ ഇൻകൊയിനൽ ഹെർണിയ എന്ന് പറയും.




### >> എല്ലാ ഹെർണിയയ്ക്കും വേദന ഉണ്ടാകുമോ?

സാധാരണ ഗതിയിൽ ഹെർണിയയ്ക്ക് വേദന ഉണ്ടാകുന്നത് കോംപ്ലിക്കേഷൻ ഉണ്ടാകുമ്പോൾ ആണ്. വയറിന്റെ ഉള്ളിലുള്ള ഏതെങ്കിലും കണ്ടന്റ് പുറത്തേക്ക് വരുമ്പോഴാണ് ഹെർണിയ എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് സാധാരണഗതിയിൽ ചുമയ്ക്കുമ്പോൾ അല്ലെങ്കിൽ മലബന്ധം ഉണ്ടെങ്കിൽ മലം പോകുവാൻ സ്ട്രെയിൻ ചെയ്യുമ്പോൾ അല്ലെങ്കിൽ യൂറിൻ പാസ് ചെയ്യാൻ സ്ട്രെയിൻ ചെയ്യുമ്പോൾ എന്തെങ്കിലും അമിതമായ ഭാരം ഉയർത്തുമ്പോൾ ഇങ്ങനെയുള്ള കണ്ടീഷനിൽ ഇൻട്രാ അബ്ഡോമിനൽ പ്രഷർ കൂടും അങ്ങനെ കൂടുന്ന സമയത്ത് വയറിന് അകത്തുള്ള കണ്ടന്റ് പുറത്തേക്ക് വരും ഈ സമയത്ത് സാധാരണ ഗതിയിൽ കണ്ടെന്റിന്റെ വലുപ്പം അനുസരിച്ച് ചെറുകുടലിലുണ്ടാകുന്ന വലിച്ചിലു കാരണം രോഗിക്ക് വേദനയുണ്ടാകാറുണ്ട് എന്നാൽ പ്രധാനമായിട്ടും ഇതിൽ ഈ കണ്ടന്റ് പുറത്തേക്ക് വന്നിട്ട് അത് തിരിച്ചു പോകാത്ത അവസ്ഥയാണ് അങ്ങനെയുള്ള അവസ്ഥയെ ഒബ്സ്ട്രക്റ്റഡ് ഹെർണിയ എന്ന് പറയും. ഈ സാഹചര്യത്തിലാണ് വേദന കൂടുതലായിട്ട് ഉണ്ടാകുന്നത്. ആ ഒബ്സ്ട്രക്റ്റഡ് ഹെർണിയ ദ്രുതഗതിയിലും ശരിയായ രീതിയിലും ചികിത്സിച്ചില്ലെങ്കിൽ ആ കണ്ടന്റിന്റെ രക്തയോട്ടം തകരാറിലാകുകയും രക്തയോട്ടം ഇല്ലാതെ ഗാൻഗ്രീൻ ആകുകയും ചെയ്യുന്ന കണ്ടീഷൻ സ്ട്രയൻഗുലേറ്റഡ് ഹെർണിയ ആ സമയത്ത് നേരത്തെ ഉണ്ടായിരുന്ന വേദന കുറഞ്ഞു വരാനും സാധ്യതയുണ്ട്.

### >> ഹെർണിയ എങ്ങനെയാണ് നിർണയിക്കുന്നത്?

സാധാരണ പരിചയസമ്പന്നനായ ഒരു സർജൻ ക്ലിനിക്കിൽ എക്സാമിൻ ചെയ്യുമ്പോൾ തന്നെ കഫ് ഇംപൽസ് എന്ന ക്ലിനിക്കൽ ഫൈൻഡിങ്സ്കൊണ്ട് അത് ഹെർണിയ ഉണ്ടെന്ന് സ്ഥിരീകരിക്കാം. അടുത്ത സ്റ്റെപ്പ് നമ്മൾ കണ്ടുപിടിക്കുന്നത് അൾട്രാസൗണ്ട് സ്കാൻ എടുക്കുന്നത് വഴിയാണ് അൾട്രാ സൗണ്ട് എടുക്കുമ്പോൾ ആ ഹെർണിയയ്ക്ക് എത്രയാണ് വലിപ്പമെന്നും, എന്ത് കണ്ടന്റ് ആണ് പുറത്തേക്ക് തള്ളി വരുന്നത് എന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പേഷ്യന്റിന് വേദനയുണ്ട് എന്നാൽ ക്ലിനിക്കലി ഹെർണിയ ഡയഗ്നോസ് ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ നമുക്ക് സി റ്റി സ്കാനിന്റെ സഹായത്തോടുകൂടെ നേരത്തെ കൃത്യമായി ഹെർണിയ സ്ഥിതീകരിക്കാൻ സാധിക്കും.

### >> ഒന്നിലധികം സിസേറിയൻ ചെയ്യേണ്ടിവരുന്ന സ്ത്രീകളിൽ ഹെർണിയ ഉണ്ടാകാൻ സാധ്യതയുണ്ടോ?

തീർച്ചയായിട്ടും, ഇൻസിഷണൽ ഹെർണിയ എന്ന കണ്ടീഷന് മുൻപ് ഉണ്ടാകുന്ന സർജിക്കൽ സ്കാർ (മുറിപ്പാട്) ലൂടെ ഹെർണിയ പുറത്തേക്ക് വരുമ്പോഴാണ് ഇൻസിഷണൽ ഹെർണിയ ഉണ്ടാകുന്നത്. സിസേറിയൻ ചെയ്യുന്ന സ്ത്രീകളിൽ ഹെർണിയ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. അതു കൂടാതെ ഓപ്പൺ അപ്പെന്റിസെക്ടമി അല്ലെങ്കിൽ വയറിന്റെ മധ്യഭാഗത്ത് മറ്റ് കണ്ടീഷനുവേണ്ടി സർജിക്കൽ പ്രൊസീജിയർ ചെയ്യുന്ന ഇൻസിഷനിലൂടെ വരുന്ന ഹെർണിയയാണ് ഇൻസിഷണൽ ഹെർണിയ ഉണ്ടാക്കുന്നത്.

(തുടരും...)





# ഏതൊരു ജീവിത സാഹചര്യവും വിശുദ്ധിക്ക് തടസ്സമാകില്ലെന്ന് തെളിയിച്ച സന്യാസിനിയുടെ കഥ

സിസ്റ്റർ ജിജി വർഗീസ്

ഒരേ ലക്ഷ്യത്തിലെത്തിച്ചേരാൻ മനുഷ്യർ പല മാർഗങ്ങളിലൂടെ സഞ്ചരിക്കാറുണ്ട്. അതുപോലെ ഉള്ളിൽ ജ്വലിച്ച ചൈതന്യത്തിന്റെ ഉറവിടംതേടി മനുഷ്യർ പണ്ടുമുതലേ സഞ്ചരിച്ചിരുന്നു. ഒടുവിൽ എത്തിച്ചേർന്നിടം ഒന്ന് തന്നെ. നാം അതിനെ ആധ്യാത്മികത എന്ന് വിളിച്ചു. ഓരോ വ്യക്തിക്കും ദൈവം വെളിപ്പെടുന്നത് അവരുടെ ജീവിതാവസ്ഥകളിൽ വ്യത്യസ്ത രീതികളിലാണ്. ഒന്ന് നല്ലത് മറ്റൊന്ന് കെട്ടത് എന്ന് വിധിക്കാൻ നമുക്കാകില്ല. സന്യാസിമാർ വ്യത്യസ്ത മാർഗ്ഗങ്ങൾതേടി ചിലർ ഗുഹകളിൽ ഏകരായി കഴിഞ്ഞപ്പോൾ മറ്റുചിലർ സംഘംചേർന്ന് ആശ്രമ ജീവിതം നയിച്ചു. ദൈവം ഈ യാത്രകളിലെല്ലാം അവർക്ക് സഹചാരിയായി. 'ദൈവമേ ഞാൻ അങ്ങയുടെ സന്നിധിയിൽനിന്ന് പോകുമ്പോഴും അതിനു പകരമായി എന്റെ ഹൃദയം അങ്ങേയ്ക്ക് നൽകുന്നു.' നിരന്തര ദൈവസാന്നിധ്യബോധം അതാണ് മദർ മരിയ സ്കില്ലിയുടെ ആധ്യാത്മികതയുടെ പ്രത്യേകത.

19 ആം നൂറ്റാണ്ട് യൂറോപ്പിനെ സംബന്ധിച്ച് വെല്ലുവിളികളുടെ നൂറ്റാണ്ട് ആയിരുന്നു സഭാവിരുദ്ധമായ പടയണികൾ അന്നവിടെ അരങ്ങു തകർത്തു. ലിബറലിസവും സെക്കുറലിസവും സമൂഹചിന്തയെ വിപ്ലവത്തിന്റെയും വിനാശത്തിന്റെയും വഴികളിലേക്ക് തിരിച്ചുവിട്ടു. ഇങ്ങനെ പ്രക്ഷുബ്ധമായ ഒരു കാലയളവിലാണ് മദർ മരിയ സ്കില്ലിയെ ദൈവം പുതിയൊരു സന്യാസ സഭയുടെ സാരഥിയായി തിരഞ്ഞെടുത്തത്. 1825 മെയ് 15ന് ഇറ്റലിയിലെ മോന്തേ വാർക്കിയിൽ ജനനം. രണ്ടാമതായി ഒരു ആൺകുഞ്ഞിനെ പ്രതീക്ഷിച്ചിരുന്ന മാതാപിതാക്കളെ നിരാശപ്പെടുത്തിയതിനാൽ ജ്ഞാനസ്നാനം രഹസ്യമായും പെട്ടെന്നും നടത്തി. ചെറുപ്പം മുതലേ തന്റെ അമ്മയുടെ പരിഗണന ലഭിക്കാതെ വളർന്നതിനാൽ കുഞ്ഞു മനസ്സിനെ നൊമ്പരപ്പെടുത്തുന്ന അനവധി കയ്പ്പേറിയ അനുഭവങ്ങളിലൂടെ അവൾക്ക് കടന്നു പോകേണ്ടിവന്നു. എങ്കിലും ഇന്നത്തെ മനശാസ്ത്രം പറയുന്നതുപോലെ യാതൊരുവിധ വൈകാരിക പ്രശ്നങ്ങൾക്കും ഇവ കാരണമായില്ല. മറ്റുള്ളവരെ മുറിപ്പെടുത്തുന്ന വ്യക്തിത്വം അവളിൽ രൂപപ്പെട്ടുമില്ല. കാരണം അവൾ തന്റെ ജീവിതം മുഴുവൻ പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിന് ഏൽപ്പിച്ചിരുന്നു. ഏതു കൊടുങ്കാറ്റിലും അണയാത്ത ദീപനാളമായി അവൾ രൂപപ്പെട്ടു.

ബാല്യംമുതലേ സന്യാസ ജീവിതത്തിന്റേതായ തന്റെ വിളി അവൾ തിരിച്ചറിഞ്ഞിരുന്നു. അസാധാരണമായ രീതിയിൽ ക്രിസ്തു അവളെ നയിച്ചു എന്നുവേണം പറയാൻ. സഹോദരിയുടെ സഹായത്തോടെ സെന്റ് മരിയ മഗ്ദലേന ദി പാസി യുടെ സഭയിൽ പ്രവേശിച്ചു. എന്നാൽ ദൈവം തന്നിൽ നിന്ന് മറ്റെന്തോ ആവശ്യപ്പെടുന്നു എന്ന വെളിപാടിനെത്തുടർന്ന് തന്റെ കുടുംബത്തിലേക്ക് മടങ്ങി. ശേഷം, ചില കുടുംബങ്ങൾ ഏൽപ്പിച്ച പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്വയം സമർപ്പിച്ചു. അവർക്ക് സിവിൽ വിദ്യാഭ്യാസം മാത്രമല്ല മതപഠനവും നൽകിയിരുന്നു. കൂടാതെ, അവരുടെ ആത്മാവിൽ ദൈവഭയവും പുണ്യത്തോടുള്ള സ്നേഹവും വളർത്തി.

## പുതിയ തുടക്കം :

ദൈവത്തോടും ആത്മാക്കളോടും ജ്വലിക്കുന്ന സ്നേഹം വിളങ്ങിയിരുന്ന ചില യുവതികളും അവളോടൊപ്പം ചേർന്നു. ഈ ചെറു സംഘം 1852 മെയ് 3 ന് നോർമൽ സ്കൂളുകളുടെ ചുമതല ഏറ്റു. എന്നാൽ രാഷ്ട്രീയ മാറ്റങ്ങളുടെ ഭാഗമായി അധികകാലം തുടരാനായില്ല. 1859 ൽ സഭയും സ്കൂളുകളും അടച്ചുപൂട്ടേണ്ടി വന്നു. എന്നാൽ ഫ്ളോറൻസിലെ ബിഷപ്പിന്റെ അനുവാദത്തോടെ 1878 ൽ പുനഃസ്ഥാപിച്ചു.

വരുംവരായ്കകൾ മനസ്സിലാക്കിയിട്ടു മാത്രമേ ഒരാൾ തന്നെ അനുഗമിക്കാവൂ എന്ന് ക്രിസ്തുവിന് നിർബന്ധമുണ്ടായിരുന്നു. വെറുമൊരു വികാരാവേശത്താൽ ചാടിപ്പുറപ്പെടുന്നത് തന്റെ ശിഷ്യത്വം പിന്നീടൊരു ഭാരമായി അനുഭവപ്പെടാൻ ഇടയാകും. അതുകൊണ്ടുതന്നെ ക്രിസ്തു ആർക്കും ഒരു മോഹനവാഗ്ദാനവും കൊടുത്തില്ല. കുരിശിന്റെ വഴിയാണ് തന്റേതെന്ന് മനസ്സിലാക്കി. സ്വന്തം സുഖവും സുരക്ഷിതത്വവും ഉപേക്ഷിക്കാൻ തയ്യാറായവർ സഭയിൽ ഇന്നും വിശുദ്ധരായി വിളങ്ങുന്നു.

മദർ മരിയ തെരേസ സ്കില്ലിയും ഇതേ അനുഭവത്തിലൂടെ തന്റെ വിശ്വാസം തെളിയിച്ചവളാണ്. എങ്കിലും അവൾ ശാന്തയായി തന്നെ കടന്നുപോയി. മരണസമയത്ത് രണ്ടു കന്യാസ്ത്രീകളും രണ്ട് അർത്ഥിനികളും മാത്രമേ സഭയിൽ അവശേഷിച്ചുള്ളൂ. എങ്കിലും ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ അനേകം സന്യാസിനികൾ അവളുടെ ആധ്യാത്മികത പിന്തുടരുന്നു. ഈ വർഷം ജൂബിലി വർഷമായി ആഘോഷിക്കുകയാണ്. വാഴ്ത്തപ്പെട്ട മരിയ തെരേസ സ്കില്ലിയുടെ ജനനത്തിന്റെ 200 വർഷം. ഇനിയും ധാരാളം അനുഗ്രഹങ്ങൾ, ദൈവവിളികൾ, ക്രിസ്തുവിന്റെ രാജ്യത്തെ പരിപോഷിപ്പിക്കട്ടെ എന്ന പ്രാർത്ഥനയോടെ കന്യകകളുടെ രാജ്ഞയായ മറിയത്തിന്റെ സ്തുതിക്കായി സമർപ്പിക്കുന്നു.

●

# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

**2025 ജൂലൈ മാസത്തെ ഉപയോഗത്തിനായി ബി.സി.സി.കമ്മിഷൻ തയ്യാറാക്കിയത്**

## ആഗോള കത്തോലിക്കാ സഭ യേശുവിന്റെ തിരുരക്തത്തിന് പൂർണ്ണമായും തിരുസഭ മക്കളെ സമർപ്പിച്ചിരിക്കുന്ന ജൂലൈ മാസം




**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം**

### 2. ആമുഖം

ആഗോള കത്തോലിക്കാ സഭ ജൂലൈ മാസം യേശുവിന്റെ തിരുരക്തത്തിന് പൂർണ്ണമായും തിരുസഭ മക്കളെ സമർപ്പിച്ചിരിക്കുന്ന മാസമാണ്. യേശുവിന്റെ തിരുരക്തത്തിൽ പങ്കുകൊണ്ട് വിശ്വാസമൂല്യം തിരുസഭയ്ക്ക് പകർന്നു നൽകിയ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ദിനവും ഈ മാസത്തെ കൂടുതൽ അർത്ഥവത്താക്കി, ദൈവത്തോട് ഏറ്റവും അടുത്ത് നിൽക്കുവാൻ നമ്മെ ക്ഷണിക്കുന്നു. യേശുവിന്റെ അമൂല്യ രക്തം ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന ശിലയായി നിലകൊള്ളുന്നു. വിഭാഗങ്ങളെയും സംസ്കാരങ്ങളെയും അതിശയിപ്പിക്കുന്ന ഒരു കാലാതീതമായ സത്യമാണിത്.അമൂല്യ രക്തത്തിന്റെ അഗാധമായ രഹസ്യം നാം ധ്യാനിക്കുമ്പോൾ ദിവ്യസ്നേഹം, അനന്തമായ കരുണ, വിശ്വസിക്കുന്ന എല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന അതിരുകളില്ലാത്ത കൃപ എന്നിവയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ നാം ക്ഷണിക്കപ്പെടുന്നു.

യേശുവിന്റെ ബലിയിലൂടെ നാം വീണ്ടെടുക്കപ്പെടുകയും എന്നേക്കുമായി ആ തിരുരക്തത്താൽ കഴുകി വെടിപ്പുള്ളവരാകുകയും ചെയ്യുന്നു എന്നതിന്റെ നിരന്തര ഓർമ്മപ്പെടുത്തൽ കൂടിയാണിത്. യേശുവിന്റെ വിരിമാറിൽ സ്പർശിച്ചുകൊണ്ട് എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഉദ്ഘോഷിച്ച തോമസ്ലീഹ തന്നെ യേശുവിന്റെ തിരുരക്തത്താൽ കഴുകുകയായിരുന്നു എന്നത് നമുക്ക് മറക്കാതിരിക്കാം. ഭാരത കത്തോലിക്കാസഭ യേശുവിനെ സ്വന്തം ജീവിതം കൊണ്ട് സാക്ഷ്യം നൽകിയ വിശുദ്ധ തോമാശ്ലീഹായുടെ മാതൃക ധ്യാനിക്കുവാനും സ്വന്തം രക്തത്താൽ നമ്മെ പ്രത്യാശയിലേക്ക് ക്ഷണിക്കുന്ന യേശുനാഥന്റെ തിരുരക്തത്താൽ നമ്മെ വിശുദ്ധീകരിക്കുവാനും ക്ഷണിക്കുന്നു. കാൽവരിയിൽ ലോകപാപങ്ങളുടെ പരിഹാരാർത്ഥം രക്തം ചിന്തി ക്രൂശിതനായ യേശുവിന്റെ തിരുരക്തമേ ഞങ്ങളെ ഓരോരുത്തരേയും കഴുകേണമേ. അങ്ങേ വാഗ്ദാനമായ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പുതിയ സൃഷ്ടിയായി രൂപപ്പെടുത്തേണമേ, ഹൃദയശാന്തതയും എളിമയുമുള്ള ഈശോയെ എന്റെ ഹൃദയം അങ്ങ് ദിവ്യഹൃദയത്തിന് ഒത്തതാക്കി അരുളണമേ എന്ന പ്രാർഥന നിരന്തരം നമ്മുടെ കർണ്ണപുടങ്ങളിൽ മന്ത്രിച്ച് കൊണ്ട് പ്രത്യാശയുടെ ഈ തീർത്ഥാടനത്തിൽ നമുക്ക് പങ്കുചേരാം.

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം (മത്തായി 26:26-30)**

**5. വചനഭാഗം പങ്കുവയ്ക്കൽ**

**6. നിശബ്ദധ്യാനം**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

### 8.വചനവിചിന്തനം

സ്നേഹം നിറഞ്ഞവരേ, ഇന്നത്തെ വചനവിചിന്തനത്തിനായി നാം തിരഞ്ഞെടുത്ത ഭാഗം, നമ്മുടെ പാപമോചനത്തിനായി ചിന്തപ്പെട്ട യേശുനാഥന്റെ പുതിയ ഉടമ്പടിയുടെ രക്തത്താൽ പവിത്രീകരിക്കപ്പെട്ടവരാണ് നാമെല്ലാവരും എന്ന് ഉദ്ബോധിപ്പിക്കുന്നു. വലിയവർ ചെറിയവർ എന്ന വ്യത്യാസമില്ലാതെ ഒരേ സ്നേഹത്താൽ അവൻ നമുക്ക് വേണ്ടി രക്തം ചിന്തി. ജീവന്റെയും പാപപരിഹാരത്തിന്റെയും പ്രതീകമെന്ന നിലയിൽ രക്തത്തിനുള്ള പ്രാധാന്യം

പഴയതും പുതിയതുമായ നിയമങ്ങളിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതാണ്. പഴയ നിയമത്തിൽ പാപങ്ങൾക്ക് താൽക്കാലിക പരിഹാരമായി മൃഗബലികൾ നിർദ്ദേശിക്കപ്പെട്ടിരുന്നു. രക്തം ചൊരിയുന്നത് ദൈവത്തിന് ജീവൻ അർപ്പിക്കുന്നതിനെ സൂചിപ്പിച്ചിരുന്നു, എന്നാൽ ഈ ബലികൾ വരാനിരിക്കുന്ന പൂർണ്ണവും അന്തിമവുമായ ബലിയുടെ മുന്നോടിയായിരുന്നു. ഹെബ്രായ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'കുഞ്ഞാടുകളുടെയും കാളകളുടെയും രക്തം പാപങ്ങളെ നീക്കിക്കളയാൻ അസാധ്യമാണ്' (ഹെബ്രാ. 10:4) യേശുവിന്റെ രക്തം ചിന്തിയതിലൂടെ പാപങ്ങൾക്ക് എന്നേക്കുമായി പരിഹാരമായി. ഓരോ ദിവ്യബലിയിലും യേശുവിന്റെ തിരുരക്തം അൾത്താരയിൽ ബലിയായി അർപ്പിക്കപ്പെടുമ്പോൾ നാം ഈ വിമോചന അനുഭവം പുതുക്കുകയാണ്.

സഹോദരങ്ങളെ, നാം അർപ്പിക്കുന്ന അനുദിന ദിവ്യബലി എങ്ങനെയാണ് അർപ്പിക്കുന്ന എന്നതുകൂടി ചിന്തിക്കേണ്ട നിമിഷമാണിത്. നമ്മുടെ പാപങ്ങളെ കഴുകി വിശുദ്ധീകരിക്കുവാൻ യേശുവിന്റെ തിരുരക്തത്തിന് കഴിയും, നമ്മൾ നമ്മുടെ പാപങ്ങൾ ഏറ്റു പറയുന്നവെങ്കിൽ അവൻ വിശ്വസ്തനും നീതിമാനും ആകയാൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കാനും എല്ലാ അനീതികളിൽ നിന്ന് നമ്മെ വിശുദ്ധീകരിക്കുവാനും നമ്മെ ദൈവം മുമ്പാകെ നിർമ്മലരായി നിലകൊള്ളുവാനും സഹായിക്കും. ചുരുക്കത്തിൽ യേശുവിന്റെ അമൂല്യ തിരുരക്തം കേവലം ഒരു പ്രതീകമല്ല. മറിച്ച്, ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെയും മനുഷ്യരാശിയോടുള്ള അവന്റെ രക്ഷാകരമായ പദ്ധതിയുടെയും മൂർത്തീഭാവമാണ്. ഈ രക്തം നമുക്ക് പാപമോചനം, വിമോചനം, വിശുദ്ധീകരണം, നിത്യജീവൻ എന്നിവ വാഗ്ദാനം ചെയ്യുന്നു. ഈ സത്യത്തിൽ വിശ്വസിക്കുകയും അത് അനുസരിച്ച് ജീവിക്കുകയും ചെയ്യുന്നത് ഓരോ ക്രൈസ്തവനും നിർണായകമായ ഒരു അനുഭവമായിരിക്കും.

യേശുവിന്റെ പുതിയ ഉടമ്പടിയുടെ രക്തം ദൈവവും മനുഷ്യനും തമ്മിൽ പുതിയതും നിത്യവുമായ ബന്ധം സ്ഥാപിക്കുന്നു. ഹെബ്രാ 9:22 പറയുന്ന 'രക്തം ചൊരിയുന്നില്ലെങ്കിൽ പാപമോചനം ഇല്ല' ഈ വാക്യം പാപമോചനത്തിന് ക്രിസ്തുവിന്റെ ബലി അത്യന്താപേക്ഷിതമാണെന്ന് അടിവരയിടുന്നു. 1 പത്രോസ് 1:18-19 വചനം ഇപ്രകാരമാണ്, 'പിതാക്കന്മാരിൽ നിന്ന് നിങ്ങൾക്ക് ലഭിച്ച വ്യർത്ഥമായ ജീവിതരീതിയിൽ നിന്ന് നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല എന്ന് നിങ്ങൾ അറിയുന്നുവല്ലോ, കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതു പോലുള്ള ക്രിസ്തുവിന്റെ അമൂല്യ രക്തം കൊണ്ടത്രേ'. യേശു രക്തം ചൊരിയപ്പെട്ടത് വഴി നമ്മെ നീതീകരിച്ചു. അതായത് നമ്മുടെ സ്വന്തം യോഗ്യതകൾ കൊണ്ടല്ല മറിച്ച് യേശുവിന്റെ പൂർണ്ണമായ ബലിയിലൂടെ ദൈവത്തിന്റെ മുൻപിൽ നമ്മെ നീതിമാൻമാരാക്കി. വിശുദ്ധ പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ അവന്റെ രക്തത്താൽ ഇപ്പോൾ നാം നീതീകരിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് അവന്റെ ക്രോധത്തിൽനിന്ന് നാം അവനിലൂടെ രക്ഷിക്കപ്പെടും. യേശുവിന്റെ മരണസമയത്ത് ആലയത്തിലെ തിരശ്ശീല കീറിയത് അവന്റെ ബലിയിലൂടെ മനുഷ്യരാശിക്ക് ദൈവസാന്നിധ്യത്തിലേക്ക് ലഭിച്ച പുതിയ പ്രവേശനത്തെ സൂചിപ്പിക്കുന്നു. യേശുവിന്റെ രക്തം പിതാവിങ്കലേക്ക് ധൈര്യത്തോടെ പ്രവേശിക്കാൻ നമ്മെ അനുവദിക്കുന്നു, അതിലൂടെ നമുക്ക് ആത്മവിശ്വാസത്തോടെ ദൈവത്തെ സമീപിക്കാനും കരുണയും കൃപയും സ്വീകരിക്കുവാനും കഴിയും (ഹെബ്രാ10:19-20).



പരിശുദ്ധാത്മാവിനാൽ പ്രത്യേകമായ് അഭിഷേകം ചെയ്യപ്പെട്ട ലിയോ പതിനാലാമൻ പാപ്പ ദൈവജനത്തെ അഭിസംബോധന ചെയ്തത് 'സമാധാനം നിങ്ങളോടുകൂടെ' എന്ന് പറഞ്ഞുകൊണ്ടാണ്. പലവിധ മാനസിക - ശാരീരിക അവസ്ഥകൾക്കിടയിൽ നാം ആയിരിക്കുമ്പോഴും യേശുവിന്റെ രക്തം എല്ലാം തുടച്ചുനീക്കി തരണം ചെയ്ത് സമാധാനത്തിൽ ദൈവത്തോട് ഐക്യപ്പെട്ടുകൊണ്ട് മുന്നേറുവാൻ നമ്മെ സഹായിക്കുന്നു. ദുഃഖങ്ങൾ ഇല്ലാതിരിക്കുകയെന്നല്ല ഇതിനർഥം, ദുഃഖങ്ങളിലും സന്തോഷങ്ങളിലും ദൈവം കൂടെയുണ്ട് എന്ന വിശ്വാസത്തിൽനിന്നു വരുന്ന സമാധാനത്തിലേക്ക് പ്രത്യാശയോടെ നമുക്ക് മുന്നേറാം. ഇതിനുവേണ്ട എല്ലാ കൃപകളും അനുഗ്രഹങ്ങളും യേശുവിന്റെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുന്നതിലൂടെ നമുക്ക് ലഭിക്കുമാറാകാട്ടെ!

**9. ദൗത്യമേറ്റെടുക്കൽ**

**10. സ്വയം പ്രേരിതപ്രാർഥന**

**11. കർത്തൃപ്രാർഥന**

**12. സമാപനപ്രാർഥന**

## രണ്ടാം ഭാഗം

**1. റിപ്പോർട്ട് അവതരണം** (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

**2. വരവ് ചെലവ് കണക്ക് അവതരണം.**

**3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം** *(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)*

**4. ചർച്ചയും പങ്കുവയ്ക്കലും**

**5. ഹാജർ**

**6. രഹസ്യപ്പിരിവ്**

**7. അറിയിപ്പുകൾ**

**8. നന്ദി**

**9. സമാപനഗീതം**

●

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബർത്ത് സ്യൂട്ട് ഉൾപ്പെടെയുള്ള നവീകരിച്ച ലേബർ റൂം ഉദ്ഘാടനം ചെയ്തു



പാളയം: അത്യാധുനിക സജ്ജീകരണങ്ങളോടുകൂടി പുതുതായി നിർമ്മിച്ച ലേബർറൂം കോംപ്ലക്സിന്റെ ഉദ്ഘാടനം മാനേജിംഗ് ഡയറക്ടർ ഫാ. ലെനിൻ രാജ്, അസിസ്റ്റന്റ് മാനേജിംഗ് ഡയറക്ടർ ഫാ. മുത്തപ്പൻ അപ്പോളി എന്നിവരുടെ സാന്നിധ്യത്തിൽ കേരള പിന്നോക്ക വിഭാഗ കമ്മീഷൻ അംഗവും, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ ഗവണിംഗ് ബോഡി അംഗവുമായ ഡോ. എ വി ജോർജ് നിർവഹിച്ചു. നേഴ്സിങ് സൂപ്രണ്ട് സിസ്റ്റർ സരീറ്റാ ഫിലിപ്പ് നിലവിലുള്ള സംവിധാനത്തെ കുറിച്ച് ലഘു വിവരണം നൽകി. 6 കിടക്കകളോടുകൂടിയ ലേബർ ഫസ്റ്റ് സ്റ്റേജ് ഏരിയയും, 3 കിടക്കകളുള്ള പ്രസവ മുറിയും, പുതിയ സംരംഭമായി തുടങ്ങിയ ബർത്ത് സ്യൂട്ട് സൗകര്യവും, നവജാതശിശുക്കളെ ചികിത്സിക്കുവാൻ 7 കിടക്കകളുള്ള എൻ.ഐ.സി.യു യൂണിറ്റും, നൂതന സൗകര്യങ്ങളോടുകൂടിയ ഒരു ഓപ്പറേഷൻ തീയേറ്ററും, അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമായി 7 പ്രൈവറ്റ് റൂമുകളും, രണ്ട് ഡോക്ടേഴ്സ് റൂമുകളും ഫാ. ലെനിൻ രാജ് ആശീർവദിച്ചു.

## അസോസിയേഷൻ ഓഫ് റിട്ടയേഴ്സ് ടീച്ചേഴ്സ് ആന്റ് സ്റ്റാഫ്സ് (ARTS) ന്റെ മൂന്നാമത് വാർഷികാഘോഷം നടന്നു



വെള്ളയമ്പലം: വിരമിച്ച അധ്യാപകരുടെയും അനധ്യാപകരുടെയും കൂടിവരവ് നടന്നു. അസോസിയേഷൻ ഓഫ് റിട്ടയേഴ്സ് ടീച്ചേഴ്സ് ആന്റ് സ്റ്റാഫ്സ് (ARTS) ന്റെ മൂന്നാമത് വാർഷികാഘോഷം വെള്ളയമ്പലം ടി.എസ്.എസ്.എസ് ഹാളിൽ നടന്നു. ARTS പ്രസിഡന്റ് സിൽവസ്റ്റർ.ജെ അധ്യക്ഷത വഹിച്ച പരിപാടി ബിഷപ് ഡോ. ക്രിസ്തുദാസ് ആർ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി റീന ലൂയിസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. എഴുപത് വയസ്സ് പൂർത്തിയായ വിരമിച്ച അധ്യാപകരെയും അനധ്യാപകരെയും യോഗത്തിൽ ആദരിച്ചു. തിരുവനന്തപുരം അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജ്ജു റോൾഡൻ, ആർ സി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫാ. സൈറസ് കളത്തിൽ, ലാലി ലൂയിസ്, രാജു വി, എമ്മാ W ഫെർണാണ്ടസ്, സദാശിവൻ നായർ, ഉഷാകുമാരി തുടങ്ങിയവർ പ്രസംഗിച്ചു.

## വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ ലിയോ പതിനാലാമൻ പാപ്പ



വത്തിക്കാൻ സിറ്റി: ലക്ഷകണക്കിന് വിശ്വാസികളെ സാക്ഷിയാക്കി ലെയോ പതിനാലാമൻ പാപ്പയുടെ സ്ഥാനാരോഹണം നടന്നു. കാണാതെ പോയ ആടിനെ കണ്ടെത്തി തോളിലേറ്റുന്ന നല്ല ഇടയനെ ദ്യോതിപ്പിക്കുന്നതും ആട്ടിൻ രോമത്താൽ നിർമ്മിതവും, കഴുത്തു ചുറ്റി ഇരുതോളുകളിലൂടെയും നെഞ്ചിന്റെ മദ്ധ്യഭാഗത്തു കൂടെ മുന്നോട്ടു നീണ്ടു കിടക്കുന്നതും കുരിശടയാളങ്ങളുള്ളതുമായ പാലീയവും പാപ്പ സ്വീകരിച്ചു. സഹോദരങ്ങളെ വിശ്വാസത്തിൽ സ്ഥിരീകരിക്കുകയെന്ന, പത്രോസിനു ഭരമേല്പിക്കപ്പെട്ട ദൗത്യത്തെ, പ്രമാണീകരിക്കുന്ന മുദ്രമോതിരത്തിന്റെ മൂല്യമുള്ള, "വലിയ മുക്കുവന്റെ മോതിരവും" പാപ്പ സ്വീകരിച്ചു. കർദ്ദിനാൾ ലൂയിസ് ടാഗ്ലെയാണ് ഇത് നിർവ്വഹിച്ചത്. യാതൊരു യോഗ്യതയുമില്ലാതെയാണ് കോൺക്ലേവിൽ താൻ തിരഞ്ഞെടുക്കപ്പെട്ടതെന്ന് ലെയോ പതിനാലാമൻ പാപ്പ സന്ദേശത്തിൽ പറഞ്ഞു. സ്വയം പിൻവാങ്ങാത്ത, ഐക്യമുള്ള, മിഷ്ണറി സ്വഭാവമുള്ള ഒരു സഭയ്ക്ക് അദ്ദേഹം ആഹ്വാനം ചെയ്തു. സ്ഥാനാരോഹണച്ചടങ്ങിൽ ഇന്ത്യയുൾപ്പെടെ നൂറിലേറെ ലോക രാജ്യങ്ങളിൽനിന്നായി ഔദ്യോഗിക പ്രതിനിധിസംഘങ്ങളും നേതാക്കളും രാജകുടുംബാംഗങ്ങളും പങ്കെടുത്തു.

## വി. കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശതാബ്ദി ദിനത്തിൽ ലിറ്റിൽ വേ പരിശീലന പരിപാടി നടന്നു



വെള്ളയമ്പലം: വി. കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശതാബ്ദി ദിനത്തിൽ ലിറ്റിൽ വേ പരിശീലന പരിപടി നടത്തി അതിരൂപത ചൈൽഡ് കമ്മിഷനും ബിസിസിയും. കുട്ടികളുടെ കൂട്ടായ്മ ക്രമീകരിക്കുന്ന ആനിമേറ്റേഴ്സിനായി ഒരുക്കിയ ഏകദിന പരിശീലന പരിപാടി മേയ് 17 ശനിയാഴ്ച വെള്ളയമ്പലം ടി എസ്എസ്എസ് ഹാളിൽ നടന്നു. ഫാ. സനീഷ്, ഫാ. ഡേവിഡ്സൺ എന്നിവരുടെ സന്നിദ്ധ്യത്തിൽ അതിരൂപത മീഡിയ കമ്മിഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. വിജിൽ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിത മാതൃക പിന്തുടരുന്ന കർമ്മലീത്ത സഭാംഗങ്ങളായ വൈദികരും 15 ഓളം വൈദിക വിദ്യാർഥികളും അടങ്ങുന്ന ടീമാണ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകിയത്. ചെറിയ കാര്യങ്ങളിലൂടെ വിശുദ്ധിയുടെ പടവുകൾ കയറിയ വിശുദ്ധ കൊച്ചുത്രേസ്യയെ അനുധാവനം ചെയ്യാൻ, അതിരൂപതയിലെ എല്ലാ കുരുന്നുകളെയും ഒരു കുടക്കീഴിൽ കോർത്തിണക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. അതിരൂപതയിലെ എല്ലാ ഫെറോനകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. ബിഷപ് ഡോ. ക്രിസ്തുദാസ് ആർ നല്കിയ സന്ദേശത്തോടെ പരിപാടി സമാപിച്ചു.

## ഫ്രാൻസിസ് പാപ്പയെ അനുസ്മരിച്ച് അതിരൂപത കെ.സി.വൈ.എം.



പാളയം: സ്വർഗീയ ഭവനത്തിലേക്ക് വിളിക്കപ്പെട്ട ആഗോള കത്തോലിക്ക സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പയെ അനുസ്മരിച്ച് തിരുവനന്തപുരം ലത്തീൻ അതിരൂപത കെ. സി. വൈ. എം. 2025 മെയ് 4 ഞായർ വൈകിട്ട് 4.30 ന് പാളയം രക്തസാക്ഷി മണ്ഡപത്തിൽ വച്ചുനടന്ന നടന്ന പരിപാടിയിൽ ഫ്രാൻസിസ് പാപ്പയുടെ ചിത്രത്തിന് മുന്നിൽ പുഷ്പാർച്ച നടത്തി. ഇതിന്റെ ഉദ്ഘാടനം സംസ്ഥാന വൈസ് പ്രസിഡൻറ് അനൂപ് JR പാലിയോട് നിർവഹിച്ചു.

ഇതിനോടനുബന്ധിച്ച് പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്കായുള്ള അനുശോചനവും നടന്നു. വർധിച്ച് വരുന്ന ഭീകരാക്രമണങ്ങൾക്കും ഹിംസയ്ക്കുമെതിരെ യുവജനങ്ങൾ സമാധാനത്തിനായി മെഴുകുതിരികൾ കത്തിച്ചു. കെ. സി. വൈ. എം. അതിരൂപത ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ്, പ്രസിഡന്റ് ജോൺ ബ്രിട്ടോ വാൾട്ടർ, വട്ടിയൂർക്കാവ് ഫെറോന ഡയറക്ടർ ഫാ. മനീഷ് പീറ്റർ, പാളയം കത്തീഡ്രൽ സഹവികാരി ഫാ. ഗോഡ്വിൻ സെബാസ്റ്റ്യൻ, അതിരൂപത ജനറൽ സെക്രട്ടറി രാജീവ് ആർ, സംസ്ഥാന സെക്രട്ടറി സനു സാജൻ പടിയറയിൽ എന്നിവർ പങ്കെടുത്തു .

## പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം ക്രിസ്തുദാസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു



പാളയം: വലിയ കുടുംബങ്ങൾ രൂപപ്പെടുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം ക്രിസ്തുദാസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു. സെൻറ് ജോസഫ്സ് കത്തീഡ്രലിൽ വച്ച് നടന്ന ചടങ്ങിൽ അതിരൂപതയിലെ 7 പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളാണ് തിരുസംഭാംഗങ്ങളായത്. ജീവൻ സമൃദ്ധി പദ്ധതിയുടെ കുഞ്ഞുങ്ങളുടെ പേരിലുള്ള സമ്പാദ്യ പദ്ധതികളുടെ രേഖകൾ, മെമന്റോ, ലവീത്ത മിനിസ്ട്രിയുടെ ധനസഹായ തുക എന്നിവ മാതാപിതാക്കൾ സ്വീകരിച്ചു. പന്ത്രണ്ടാം തവണയാണ് കുടുംബപ്രേഷിത ശുശ്രൂഷ പ്രോ-ലൈഫ് കുടുംബങ്ങൾക്കുള്ള ജ്ഞാനസ്നാനം നടത്തുന്നത്. കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ റവ. ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. റോബിൻ എന്നിവർ സന്നിഹിതരായിരുന്നു.

## ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി അതിരൂപതയിൽ തൊഴിലാളി ദിനം ആചരിച്ചു



വെള്ളയമ്പലം: ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി അതിരൂപത തലത്തിൽ തൊഴിലാളി ദിനം ആചരിച്ചു. മേയ് 18 ന് നടന്ന ദിനാചരണത്തിന് KLM സംഘടന നേതൃത്വം നൽകി. ഇതിന്റെ ഭാഗമായി നടന്ന റാലി KLM രൂപതാ പ്രസിഡന്റ് മോഹൻകുമാർ ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനം അതിരൂപത സാമൂഹ്യ ശുശ്രൂഷ സമിതി ഡയറക്ടറും TSSS ജനറൽ സെക്രട്ടറിയുമായ ഫാ. ആഷ്ലിൻ ജോസ് ഉദ്ഘാടനം ചെയ്തു. മോഹൻകുമാർ അധ്യക്ഷപദം അലങ്കരിച്ച പ്രസ്തുത സമ്മേളനത്തിൽ KLM ഡയറക്ടർ ഫാ. സ്റ്റാലിൻ ഫെർണാണ്ടസ് സ്വാഗതമേകുകയും സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. KLM രൂപത കോഡിനേറ്റർ ശ്രീ. എബി മാത്യു ആശംസകളേകി.

അതിരൂപതയിലെ 10 ഫെറോനകളിലെ മികച്ച തൊഴിലാളികളെയും, നിസ്വാർത്ഥ പ്രവർത്തനം കാഴ്ചവച്ച കെട്ടിട നിർമ്മാണ തൊഴിലാളി സംസ്ഥാന കമ്മിറ്റിയംഗം ബാബു അലക്സ് എന്നിവരെയും സമ്മേളനത്തിൽ ആദരിച്ചു. ജൂബിലി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ലക്കി ഡ്രോയിലേക്കുള്ള സമ്മാനങ്ങൾ പുല്ലുവിള, പാളയം, വട്ടിയൂർക്കാവ് ഫെറോനയിലെ പ്രതിനിധികൾ ഡയറക്ടർക്ക് കൈമാറി. 250-ൽ പരം തൊഴിലാളികൾ ദിനാചരണത്തിൽ പങ്കെടുത്തു.

നീർച്ചാൽ

# സ്വർഗത്തിലേക്കുള്ള വഴി

## സ്വർഗത്തിലേക്കുള്ള വഴി (ജൂൺ 01)

അപ്പ. 1: 1-11.
ഹെബ്രാ. 9: 24-28.
ലൂക്ക. 24: 46-53

### ഫാ. സുധീഷ്



യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." (മത്തായി 28:20) സ്വർഗത്തിലേക്ക് അവൻ ആരോഹണം ചെയ്യപ്പെട്ടുവെങ്കിലും, ക്രിസ്തു ഒരു ആത്മമിത്രമായി എപ്പോഴും നമ്മോടുകൂടെയുണ്ട്. എല്ലാ സ്ഥലത്തും എല്ലാ സമയത്തും അവൻ നമ്മോടുകൂടെയുണ്ട്. പരിശുദ്ധാത്മാവിനെ നമ്മിലേക്ക് സന്നിവേശിപ്പിച്ച് രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനും ക്രിസ്തുവിന് സാക്ഷികളായി മാറാനും അവൻ നമ്മെ ക്ഷണിക്കുന്നു.

ക്രിസ്തുവിന്റെ ഉത്ഥാനത്തിന് 40 ദിവസങ്ങൾക്കുശേഷമാണ് അവൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തത്. ലൂക്കാ സുവിശേഷവും അപ്പോസ്തല പ്രവർത്തനവും ഇത് വ്യക്തമാക്കുന്നു. ക്രിസ്തു സ്വർഗാരോഹണത്തിന് മുൻപായി തന്റെ ശിഷ്യന്മാരെ ചില ദൗത്യങ്ങൾ ഏൽപ്പിക്കുന്നുണ്ട്. സ്വർഗാരോഹണത്തിന്റെ പ്രധാന സന്ദേശമെന്നത് 'സുവിശേഷം പ്രഘോഷിക്കുക, ക്രിസ്തുവിന് സാക്ഷികളാകുക." പരിശുദ്ധാത്മാവ് വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും (അപ്പോ. 1:8). 'ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' (മത്താ 28:19). നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മാർക്കോസ് 16:15). ക്രിസ്തുവിന്റെ ഈ അവസാന വാക്കുകളെല്ലാം സൂചിപ്പിക്കുന്നത് (1) അവർ മഹത്വത്തിലേക്ക് പ്രവേശിക്കുമ്പോൾ ശിഷ്യന്മാർക്കെല്ലാം ഒരു ദൗത്യം ഭരമേൽപ്പിക്കുന്നു. ഈ ദൗത്യനിർവഹണത്തിനായി ഒരു സഹായിയെ വാഗ്ദാനം ചെയ്യുന്നു. സകലർക്കും വേണ്ടിയുള്ള രക്ഷയുടെ പൂർത്തീകരണമാണ് കർത്താവിന്റെ സ്വർഗാരോഹണം. അവനാണ് മിശിഹായെന്ന് ലോകം മുഴുവനേയും തന്റെ സ്വർഗാരോഹണത്തിലൂടെ അവൻ അറിയിച്ചു. മരണത്തെ അതിജീവിച്ച് മഹത്വത്തിലേക്ക് പ്രവേശിച്ച ക്രിസ്തു നമ്മെയും പാപത്തിൽ നിന്ന് മോചിപ്പിച്ച് നിത്യസമ്മാനം നമുക്കു നൽകുമെന്നുള്ള പ്രത്യാശയാണ് നൽകുക.

സർവ ജീവജാലങ്ങൾക്കുമായിട്ടുള്ള ദൗത്യമാണ് ക്രിസ്തു തന്റെ ശിഷ്യർക്ക് നൽകിയത്. ഈ ക്രിസ്തുദൗത്യത്തിൽ പങ്കുകാരാകുന്നവർ വെറും വാക്കുകൊണ്ടല്ല, ജീവിതം കൊണ്ട് സുവിശേഷം പ്രഘോഷിക്കാനാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. മാനുഷിക ശക്തികൊണ്ടോ, കഴിവുകൊണ്ടോ ഈ ദൗത്യം അതിന്റെ പൂർണതയിൽ നിർവഹിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ക്രിസ്തു ഒരു സഹായകനെ നൽകുന്നത്. ആ സഹായകൻ ക്രിസ്തു സുവിശേഷം പ്രഘോഷിക്കാൻ തീർച്ചയായും നമ്മെ ശക്തിപ്പെടുത്തും.

മനുഷ്യന് സ്വർഗത്തിന്റെ വഴികാണിക്കാൻ വന്നവനാണ് ക്രിസ്തു. 'ഞാനാണ് വഴിയും സത്യവും ജീവനും'. ക്രിസ്തു വഴിയാണ് ഇനി എല്ലാവരും പിതാവിന്റെ പക്കലെത്തുന്നത്. ക്രിസ്തു കടന്നുപോയ വഴിയേ നടന്നുനീങ്ങുന്നവർക്കാണ് സ്വർഗത്തിലെത്താൻ കഴിയുക. സ്വർഗത്തിന്റെ വാതിൽ അവൻ നമുക്കായി തുറക്കും തീർച്ച.

സ്വർഗത്തിലെത്തുമ്പോൾ മൂന്നു കാര്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തിയേക്കാം എന്ന് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ പറയുന്നു.

(i) അവിടെ ഉണ്ടാകുമെന്ന് നാം കരുതുന്ന പലരും അവിടെ കാണുകയില്ല.

(ii) നാം പ്രതീക്ഷിക്കാത്ത പലരും അവിടെ ഉണ്ടായിരിക്കും.

(iii) ഞാനിവിടെ എങ്ങനെ എത്തി എന്ന് അമ്പരക്കും.

●

# ഒറ്റയ്ക്കാക്കാത്ത ക്രിസ്തുവും കൂടെ നിൽക്കുന്ന പരിശുദ്ധാത്മാവും

## പെന്തക്കുസ്താ ഞായർ (ജൂൺ 8)

അപ്പ. 2:1-11.
റോമ. 8: 8-17.
യോഹ. 14: 15-16, 23-26

### ഫാ. വർഗീസ് ജോസഫ്



എല്ലാം നഷ്ടപ്പെട്ടു എന്നുകരുതി ഒരുമിച്ച് കൂടിയവർക്ക് എല്ലാം ഒന്നുകൂടി തുടങ്ങാൻ ചരിത്രം വഴിവച്ച ദിവസമാണ് പെന്തക്കുസ്താ തിരുനാൾ. പെസഹാ തിരുനാളിന് ശേഷം അൻപത് ദിവസം കഴിഞ്ഞാണ് യഹൂദർ പെന്തക്കുസ്താ തിരുനാൾ ആഘോഷിച്ചിരുന്നത്. എല്ലാ യഹൂദ പുരുഷന്മാരും നിർബന്ധമായും ആഘോഷിക്കുന്ന മൂന്നു പ്രധാന തിരുനാളുകളിൽ ഒന്നാണ് പെന്തക്കുസ്താ തിരുനാൾ. ആ ദിവസം വയലിലെ ആദ്യഫലങ്ങൾ കർത്താവിന് സമർപ്പിക്കാൻ ജറുസലേമിൽ വരണം. അതാണ് നിയമം (പുറ. 23:16; ലേവ്യ. 23:15; സംഖ്യ 3:26)

ഒന്നാം വായനയിൽ ഭയന്ന് ഒരുമിച്ച് കൂടിയിരുന്ന അപ്പസ്തോലന്മാരുടെ ഇടയിൽ കൊടുങ്കാറ്റടിക്കുന്നപോലെ വലിയ ശബ്ദം ഉണ്ടാകുന്നു. ആത്മാവിന്റെ ആഗമനം അങ്ങനെ ആയിരിക്കുമെന്ന് യോഹ. 3:8 ൽ യേശുനാഥൻ അവർക്ക് പറഞ്ഞുകൊടുത്തിട്ടുണ്ട്. പഴയ നിയമത്തിൽ കാറ്റ് കർത്താവിന്റെ സാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത് (2 സാമു 5:24; 1 രാജ 19:11). പരിശുദ്ധാത്മാവ് നിറഞ്ഞവർ വിവിധ ഭാഷകളിൽ സംസാരിച്ചുതുടങ്ങി. ലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കുന്നതിന്റെ (മാർ. 16:17) ആരംഭത്തെ സൂചിപ്പിക്കുന്നതാണ് വിവിധ ഭാഷകളിലെ സംസാരം. പരിശുദ്ധാത്മാവിന്റെ ആഗമനം സുവിശേഷം പ്രസംഗിക്കുക



എന്ന പരമ പ്രധാനമായ ദൗത്യത്തിലേക്കാണ് നയിക്കുന്നത്. അപ്പസ്തോലന്മാർ പിന്നീട് സുവിശേഷത്തിനുവേണ്ടിയാണ് ജീവിച്ചതും മരിച്ചതും. പരിശുദ്ധാത്മാവിനെ സ്വീകരിച്ച നമ്മൾ സുവിശേഷം വിവിധ ഭാഷകളിലൂടെ സംസാരിക്കാൻ മറന്നുപോകരുത്. ഹൈന്ദവ വിശ്വാസം തലമുറയായി കാത്തുപാലിച്ചിരുന്ന വി. ദേവസഹായം ജ്ഞാനസ്നാനത്തിനുശേഷം വെറും ഏഴ് വർഷമാണ് ഭൂമിയിൽ ജീവിച്ചത്. ഈ ഏഴുവർഷവും സുവിശേഷത്തിന് വേണ്ടിയാണ് ജീവിച്ചതും മരിച്ചതും സുവിശേഷകനാവുകയെന്നതാണ് നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി.

രണ്ടാം വായനയിൽ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ പരിശുദ്ധാത്മാവിന്റെ ദാനത്തെയും ഫലത്തേയും സൂചിപ്പിക്കുന്നതാണ്. ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നു തന്നെ (1 കോറി 12:45). ഓരോരുത്തരുടെയും ജീവിതം വ്യത്യസ്തമാണ്. ജീവിത സാഹചര്യങ്ങളും വ്യത്യസ്തമാണ്. ജീവിത അനുഭവങ്ങൾ വ്യത്യസ്തമാണ്. വ്യത്യസ്തത നിറഞ്ഞ ജീവിതത്തിനിടയിൽ ലക്ഷ്യം ക്രിസ്തുവാണ്. മാർഗം ക്രിസ്തു വചനങ്ങളാണ്. അതിന് പ്രചോദനമാകുന്നത് ആത്മാവിന്റെ പ്രവർത്തനമാണ്. ക്രിസ്തുവിന്റെ ശിഷ്യനാവുമെങ്കിൽ അതിന് ഒരു സഹായകനെ നൽകും എന്ന് ഉറപ്പ് നൽകുന്നതും ക്രിസ്തുതന്നെയാണ്. എന്നേക്കും നിങ്ങളോടുകൂടിയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരുകയും ചെയ്യും (യോഹ: 14:10).

മൂന്നാം വായനയിൽ ശിഷ്യന്മാർ പേടിച്ച് കതകടച്ച് ഇരിക്കുകയാണ് (യോഹ. 20:19). അവരുടെ മദ്ധ്യേ വന്നു യേശു പറഞ്ഞു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ (യോഹ. 20:2122). ഇതാണ് ബലം. അവസാന ശ്വാസം വരെ നിലയ്ക്കാത്ത ഈ യാത്രയയിൽ പതറാതെ നിൽക്കാൻ സുവിശേഷം വഴിവിളക്കാകണം. ലക്ഷ്യം ക്രിസ്തുവാണെങ്കിൽ പ്രഘോഷണം ക്രിസ്തു വചനമായിരിക്കണം. എന്തുപറയണമെന്നോ എങ്ങനെ പറയണമെന്നോ ഓർത്ത് സങ്കടപ്പെടരുത്. പരിശുദ്ധാത്മാവ് സഹായകനാകും. തീർച്ച! ●

# പരിശുദ്ധ ത്രിത്വം

## പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ (ജൂൺ 15)

**സുഭാ. 8:22-31, റോമ. 5:1-5, യോഹ. 16: 12-15**

**ഫാ. ഡൈസൻ**



ഒന്നും ഒന്നും രണ്ടല്ല. വലിയ ഒന്നാണെന്നാണ് ദമ്പതികളെ കുറിച്ച് പറയുന്നത്. ത്രിത്വത്തെ കുറിച്ചും ഇങ്ങനെ പറയാം: 'ഒന്നും, ഒന്നും, ഒന്നും മൂന്നല്ല ഒന്നാണ്.' ത്രിത്വം മൂന്നു വ്യത്യസ്ത ദൈവങ്ങളിലുള്ള വിശ്വാസമല്ല. ഏക ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധത്മാവ് എന്ന മൂന്നു വ്യക്തികളിലുള്ള വിശ്വാസമാണ്. വ്യക്തിത്വത്തിൽ വ്യത്യസ്തരെങ്കിലും അവരുടെ ദൈവത്വം ഏകമാണ്. അതുകൊണ്ട് ത്രിത്വം മനുഷ്യന് വലിയ രഹസ്യമാണ്. സ്നേഹ സമൂഹമായി ജീവിക്കുന്ന ത്രിത്വം എല്ലാ കുടുംബങ്ങൾക്ക് മാതൃകയാണ്.

### 1. ത്രിത്വം- വലിയൊരു ദൈവീക രഹസ്യം

ആഴമുള്ള കടലിനെ ഒരു ചെറു കക്കത്തോട് കൊണ്ട് വറ്റിക്കാനാവുമോ? സർവ്വസംഹാരിയായ കൊടുംകാറ്റിനെ മനുഷ്യകരങ്ങൾകൊണ്ട് തടയാനാവുമോ? മലവെള്ളപാച്ചിലിന് ഒരു മനുഷ്യന്റെ മുതുക് തടയായി തീരുമോ? അഥവാ അങ്ങനെ സംഭവിച്ചാൽപോലും ഈ ലോകത്തിലെ ഏറ്റവും വലിയ ബുദ്ധിമാനായ മനുഷ്യനുപോലും ത്രിത്വത്തിന്റെ രഹസ്യം അനാവരണം ചെയ്യുവാൻ സാധിക്കുകയില്ല. കാരണം ത്രിത്വം ഒരു വിശ്വാസ രഹസ്യമാണ്. ഏക ദൈവത്തിൽ മൂന്നാളുകളുണ്ടെന്ന യാഥാർത്ഥ്യത്തെ സ്വന്തം യുക്തിയും ശക്തിയും കൊണ്ട് അറിയുവാൻ സാധിക്കുകയില്ല. ത്രിത്വത്തിന്റെ രഹസ്യം ചുരുളഴിക്കാൻ ശ്രമിച്ച ആദിമ ക്രൈസ്തവ യുഗത്തിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ വി. അഗസ്തീനോസ് മാലാഖയുടെ ഇടപെടൽ കാരണം പിൻമാറി. മധ്യകാലയുഗത്തിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ തോമസ് അക്വീനാസ് പരിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയപ്പോൾ യേശു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അഭിനന്ദിച്ചു. എന്നാൽ പരിശുദ്ധ ത്രിത്വത്തെസംബന്ധിച്ച രഹസ്യം അനാവരണം ചെയ്യാൻ ശ്രമിച്ചപ്പോൾ യേശു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പിൻതിരിപ്പിച്ചുവെന്നു പറയപ്പെടുന്നു. എന്നാൽ ത്രിത്വം മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണെങ്കിലും മനസ്സുകൊണ്ട്, ഹൃദയംകൊണ്ട്, ആത്മാവ് കൊണ്ട് അനുഭവവേദ്യമാകുന്ന യാഥാർത്ഥ്യമാണ്. പരിശുദ്ധ ത്രിത്വം ഒരു പ്രശ്നം എന്ന നിലയിൽ മറ്റു ശാസ്ത്ര വിഷയങ്ങളെപോലെ പഠിക്കുവാൻ ശ്രമിക്കുമ്പോൾ അബദ്ധ സിദ്ധാന്തങ്ങളിൽ നാം പതിക്കും. ദൈവം വെളിപ്പെടുത്തുന്നില്ലെങ്കിൽ മനുഷ്യർക്ക് അറിയാൻ കഴിയാത്ത രഹസ്യമാണ് ത്രിത്വം.

### 2. ത്രിത്വം-സ്നേഹസമൂഹം

ത്രിത്വത്തെക്കുറിച്ച് വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ വി.അഗസ്റ്റിൻ സ്നേഹത്തിന്റെ ഒരു ഉദാഹരണം നല്കുന്നുണ്ട്. സ്നേഹത്തിൽ സ്നേഹിക്കുന്നവനുണ്ട്, സ്നേഹിക്കപ്പെടുന്നവനുണ്ട്, അവർ തമ്മിലുള്ള സ്നേഹമുണ്ട്. സ്നേഹിക്കുന്നവൻ പിതാവായ ദൈവവും സ്നേഹിക്കപ്പെടുന്നവൻ പുത്രനായ ദൈവ വുമാണ്. പിതാവും പുത്രനും തമ്മിലുള്ള സ്നേഹം പരിശുദ്ധാത്മാവായ ദൈവവുമാണ്. 'ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനെ ശ്രവിക്കുവിൻ' എന്നു പറഞ്ഞുകൊണ്ട് പിതാവായ ദൈവം പുത്രനെ മഹത്വപ്പെടുത്തുന്നു. പുത്രനാകട്ടെ പിതാവിനെ മഹത്വപ്പെടുത്തുന്നത് തന്റെ പ്രവർത്തനങ്ങളിലൂടെയാണ്. മാത്രമല്ല പിതാവും പുത്രനും പരിശുദ്ധാത്മാവിനെ മഹത്വപ്പെടുത്തുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ഐക്യത്തിൽ, സ്നേഹത്തിൽ ഒരു സമൂഹമായി ജീവിക്കുന്നു. ത്രിത്വത്തിൽ അന്യൻ എന്ന ചിന്തയില്ല. ദൈവം ഒരു സ്നേഹസമൂഹമായി ജീവിക്കുന്നതുപോലെ മനുഷ്യരായ നമ്മളും ഒരു സ്നേഹസമൂഹമായി ജീവിക്കണം. തീവ്ര വ്യക്തിവാദത്തിന്റെ പേരിൽ ഒറ്റപ്പെട്ട ദ്വീപുകളായി ജീവിക്കേണ്ടവരല്ല നമ്മൾ. ഒരു സ്നേഹസമൂഹമായി ജീവിക്കേണ്ടവരാണ്. സഭാപ്രസംഗകൻ പറയുന്നു, രണ്ടുപേർ ഒരാളെക്കാളും മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായ രീതിയിൽ അദ്ധ്വാനിക്കുവാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കും. രണ്ടുപേരാണെങ്കിൽ ചെറുക്കാൻ കഴിയും. മുപ്പിരി

ച്ചരട് വേഗം പൊട്ടുകയില്ല (സഭ 4:9-12). സുഭാഷിതങ്ങളിൽ പറയുന്നു. ആപത്തിൽ പങ്കുചേരുവാൻ ജനിച്ചവനാണ് സഹോദരൻ (സുഭാ 17:17). സഹോദര സഹായമുള്ളവൻ ഉറപ്പുള്ള പട്ടണം പോലെ സുരക്ഷിതനാണ് (18:19). അതെ, ഓരോ മനുഷ്യനും തന്റെ സഹോദരന്റെ കാവല്ക്കാരനാണ്. എന്നാൽ ഇന്ന് മനുഷ്യൻ മനുഷ്യന് അന്യനായി ജീവിക്കുന്നു. അവൻ തുടരെത്തുടരെ ആദിയിൽ കായേൻ മുഴക്കിയ ചോദ്യം ചോദിക്കുന്നു: ഞാൻ എന്റെ സഹോദരന്റെ കാവല്ക്കാരനാണോ? (ഉല്പ 4:9). ത്രിത്വം നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ ഇടയിൽ അന്യനെന്ന ചിന്ത പാടില്ലെന്നാണ്. ഒരാളുടെ സന്തോഷം എല്ലാവരുടെയും സന്തോഷമാണ്. ഒരാളുടെ വിജയം എല്ലാവരുടെയും വിജയമാണ്. സഹോദര്യത്തിൽ മനസ്സുകളുടെയും, ഹൃദയങ്ങളുടെയും യോജിപ്പുണ്ടാകണം.

### 3. ത്രിത്വം-ഒരു മാതൃക കുടുംബം

ഒരു കുടുംബം എങ്ങനെ മാതൃകാകുടുംബമായി ജീവിക്കണമെന്ന് ത്രിത്വം നമ്മെ പഠിപ്പിക്കുന്നു. ആദ്യമായി കപടതയുടെ മൂടുപടമില്ലാതെ കുടുംബാംഗങ്ങൾ സത്യസന്ധതയിൽ ജീവിക്കണം. ദൈവീക മുഖമുള്ള മനുഷ്യരാകേണ്ട കുടുബാംഗങ്ങൾ പൊയ്മുഖങ്ങൾ അണിയുന്നതിലൂടെ കുടുംബത്തെ ഏറ്റവും വലിയ അഭിനയക്കളരിയായി മാറ്റുന്നു. അങ്ങനെ കുടുംബത്തിന്റെ ആത്മാവിന് മുറിവേല്ക്കുകയും കുടുംബത്തിന്റെ പരിശുദ്ധിക്ക് കളങ്കമേല്ക്കുകയും ചെയ്യുന്നു.

രണ്ടാമതായി, കുടുംബത്തിൽ കണ്ടെത്തേണ്ട ആനന്ദവും സുഖവും പുറമേ കണ്ടെത്തുവാൻ ശ്രമിക്കുമ്പോൾ കുടുംബം ഭാരമായി മാറുന്നു. കുടുംബത്തിലൊരാൾ എന്റെ സുഖത്തിന്, സന്തോഷത്തിന് തടസമാകുമെന്ന് തോന്നുമ്പോൾ അയാളെ വകവരുത്താൻ ഞാൻ തയ്യാറാവും. അങ്ങനെ സഹോദരന്റെ കാവലാകേണ്ടയാൾ കൊലയാളിയായി മാറുന്നു. ജീവിത പങ്കാളിയെ ഹൃദയത്തോടു ചേർത്തു പിടിക്കേണ്ടവൻ അവളുടെ ജീവൻ വിഷപാമ്പുകളെക്കൊണ്ട് അപഹരിക്കുന്നവനായി മാറുന്നു. രണ്ടു സഹോദരർ തമ്മിൽ പിണങ്ങി. ഒരു പാമ്പാട്ടി ഈ വിവരമറിഞ്ഞു. കൂട നിറയെ വിഷപ്പാമ്പുകളെയും കൊണ്ട് മൂത്ത സഹോദരന്റെ വീട്ടിലെത്തി. അയാൾ അവരോടു പറഞ്ഞു. ഇളയ സഹോദരൻ നിങ്ങളെ തോല്പിക്കാൻ ഭയങ്കര വിഷപ്പാമ്പുകളെ എന്നോട് വാങ്ങിയിരിക്കുകയാണ്. നിങ്ങൾക്കു വേണമെങ്കിൽ അത്തരം പാമ്പുകളെത്തരാം. ഇളയ സഹോദരന്റെ മുമ്പിൽ മുട്ടുകുത്താൻ തയ്യാറല്ലാത്ത മൂത്ത സഹോദരൻ



പാമ്പാട്ടിയിൽ നിന്നും വിഷപ്പാമ്പുകളെ വാങ്ങി സൂക്ഷിച്ചു. മൂത്ത സഹോദരനോടു പറഞ്ഞ ഇതേ കാര്യം ഇളയ സഹോദരനോടും പറഞ്ഞു. പാമ്പാട്ടി പാമ്പുകളെ വിറ്റു. രണ്ടു സഹോദരന്മാരും തമ്മിൽ കടുത്ത മത്സരത്തിലും ഭീതിയിലും കഴിഞ്ഞുകൂടി. ഇന്ന് ലോകം ഇതുപോലെ നശീകരണ സാമഗ്രികൾ കുമ്പാരം കൂട്ടിക്കൊണ്ട് പരസ്പരം ഭയന്നും മത്സരിച്ചും കഴിഞ്ഞുകൂടുന്നു. സ്വാർത്ഥതയ്ക്ക് ഞാൻ അടിമപ്പെടുമ്പോൾ കുടുംബത്തിലെ വ്യക്തികളെപ്പോലും വസ്തുക്കളായി കാണുന്ന തരത്തിലേക്ക് ഞാൻ അധപതിക്കും!

മൂന്നാമാതായി കുടുംബാംഗങ്ങളെ പരസ്പരം ആദരിക്കാനും അംഗീകരിക്കാനും പഠിക്കണം. തെറ്റുകളും കുറ്റങ്ങളും പെരുപ്പിച്ച് കാണിക്കാതെ നന്മയെ പരിപോഷിപ്പിക്കുമ്പോൾ കുടുംബങ്ങളിൽ ആനന്ദമുണ്ടാകുന്നു. അർഹതയുള്ള ആദരവും അംഗീകാരവും തിരസ്കരിക്കപ്പെടുമ്പോൾ കുടുംബങ്ങൾ ഉൾപോരിന്റെ, അന്തഃചിദ്രത്തിന്റെ ഇടമായി മാറുന്നു. ത്രിത്വത്തിൽ ഒരാൾ മറ്റാർക്കുവേണ്ടി ജീവിക്കുന്നു; പരസ്പരം ബഹുമാനിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സ്വാർത്ഥതയില്ലാതെ സമർപ്പണത്തിന്റെ അരൂപിയിലാണ് ത്രിത്വം ജീവിക്കുന്നത്.

ത്രിത്വം ഒരു ദൈവീക രഹസ്യമായതുകൊണ്ട്, ദൈവീക വെളിപ്പെടുത്തലിനു ഹൃദയം തുറന്നു കൊടുമ്പോൾ ത്രിയേക ദൈവത്തെ അനുഭവിക്കാൻ സാധിക്കും. വ്യത്യസ്തകൾ ഉണ്ടെങ്കിലും ഒരു സ്നേഹസമൂഹമായി ജീവിക്കുന്ന ത്രിത്വം മനുഷ്യരായ നമ്മെ സ്നേഹസമൂഹമായി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു. ത്രിത്വമെന്ന ദൈവീക കുടുംബം ഈ ലോകത്തിലെ എല്ലാ കുടുംബങ്ങൾക്കും മാതൃകയാണ്. ഈ മാതൃക സ്വീകരിച്ചാൽ നമ്മുടെ കുടുംബം സ്വർഗ്ഗമാകും.

●

# കോർപ്പുസ് ക്രിസ്റ്റി

## ദിവ്യകാരുണ്യ തിരുനാൾ (ജൂൺ 22)

**ഉല്പ. 14: 18-20,**
**1 കോറി. 11: 23-26,**
**ലൂക്ക. 9: 11-17**

**ഫാ. പ്രബൽ**



അപ്പം മുറിച്ചുനൽകിയവൻ സ്വയം അപ്പമായി മാറിയതിന്റെ ഓർമ്മപ്പെടുത്തലാണ് യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാൾ ലത്തീൻ ഭാഷയിൽ കോർപ്പസ് ക്രിസ്റ്റി (Corpus Christi). ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ ദിവ്യബലിയെക്കുറിച്ച് പറയുക, ദിവ്യബലി ഒരു നാടകമാണ്. ദുരന്തനാടകമല്ല; ആനന്ദപര്യവസായിയായ നാടകം. ഉത്ഥാനമാണ് അതിന്റെ ക്ലൈമാക്സ്. മൂന്നുവർഷമായിരുന്നു റിഹേഴ്സലുകൾ നടന്നത്. അരങ്ങേറ്റം അത്താഴവിരുന്നിന്റെ അവസരത്തിലും. ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന ഡയറക്ടറും നായകനുമായവന്റെ കല്പനയോടെ പല സ്റ്റേജുകളിലും അവതരണം നടന്നു കൊണ്ടിരിക്കുന്നു. ഗുരു ശിഷ്യന്മാരെ വിദ്യ അഭ്യസിപ്പിച്ചതിന്റെ അവസാനം പറയുകയാണ് 'ഇത് നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്ന്.

യേശുവിന്റെ ദിവ്യകാരുണ്യത്തിലെ സാന്നിധ്യത്തെക്കുറിച്ച് സംശയങ്ങൾ ഇന്ന് വിശ്വാസികൾക്കില്ല. ഇന്ന് സംഭവിക്കുന്ന നിരവധിയായ ദിവ്യകാരുണ്യ അത്ഭുതങ്ങൾ ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾക്കും നിരീക്ഷണങ്ങൾക്കും അപ്പുറത്താണ്. യേശുവിന്റെ ശരീരവും രക്തവും സാക്ഷ്യങ്ങളാണ്. യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാൾ ദിനത്തിൽ ദിവ്യകാരുണ്യത്തിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിന് നമ്മുടെ ജീവിതത്തിലെ പ്രസക്തിയെക്കുറിച്ച് വിചിന്തനം ചെയ്യുക നന്നായിരിക്കും. അൾത്താരയിലും സക്രാരിയിലും അലങ്കരിക്കപ്പെട്ട അരുളിക്കയിലുമൊക്കെ സന്നിഹിതനാകുന്ന ക്രിസ്തുവിനെ



എന്റെ ഹൃദയത്തിൽ എപ്രകാരമാണ് ഞാൻ സ്വീകരിക്കുന്നത്? ഹൃദയങ്ങളിൽ സ്വീകരിക്കാത്ത കർത്താവിനെ സ്വർണം പൂശിയ അരുളിക്കകളിൽ പ്രതിഷ്ഠിക്കുന്നത് കപട ഭക്തി തന്നെയല്ലേ. ഹൃദയം സക്രാരിയാക്കാതെ നിത്യാരാധന ചാപ്പലുകളിൽ മാത്രം യേശുവിനെ കണ്ടെത്താൻ വെമ്പുന്നത് വിശ്വാസ ശോഷണത്തിന്റെ ഉദാഹരണമല്ലേ!

ദിവ്യകാരുണ്യം എന്റെ ഹൃദയത്തിന്റെ അന്നമായി മാറണം. അഞ്ച് അപ്പവും രണ്ടു മത്സ്യങ്ങളുമായി വലിയ ഒരു ജനാവലിയുടെ മുമ്പിൽ നിൽക്കുന്ന യേശു അവ ആശീർവദിച്ചപ്പോൾ അത്ഭുതം സംഭവിച്ചു. അവിടെ സന്നിഹിതരായ ജനക്കൂട്ടത്തിന് അത് ആശ്വാസമായി, അനുഗ്രഹമായി. പരാജയമായി മാറുന്ന മനുഷ്യപ്രയത്നങ്ങളുടെ മേൽ ദൈവത്തിന്റെ കരങ്ങൾ ഉയരുമ്പോൾ അത് വിജയകരമായി മാറുന്നു. ചിലപ്പോഴെങ്കിലും ജീവിതത്തിൽ ശിഷ്യന്മാരെപ്പോലെ നിസ്സഹായരായി നിൽക്കേണ്ടിവരാറുള്ള നമുക്ക് യേശുവിന്റെ ഈ അത്ഭുതപ്രവൃത്തി പ്രത്യാശ നൽകുന്നതാണ്. നമ്മുടെ അധ്വാനങ്ങളും പരിശ്രമങ്ങളും ആഗ്രഹങ്ങളും നിസ്സഹായാവസ്ഥകളും യേശുക്രിസ്തുവിന്റെ ആശീർവദിക്കുന്ന കരങ്ങളിലേക്ക് ചേർത്തുവയ്ക്കാം. അപ്പം വർധിപ്പിച്ചുകൊണ്ട് യേശുപ്രവർത്തിച്ച ഭൗതികമായ ഈ അത്ഭുത പ്രവർത്തി ആഴമായ ആത്മീയ സത്യങ്ങളിലേക്ക് വിരൽചൂണ്ടുന്നതാണ്. അപ്പം വർധിപ്പിച്ച് അത്ഭുതം പ്രവർത്തിച്ചതിനുശേഷം യേശു ജീവന്റെ അപ്പത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. അപ്പം വർധിപ്പിച്ച് അത്ഭുതം പ്രവർത്തിച്ചവന് തന്റെ ശരീരത്തെ അപ്പമാക്കി മാറ്റാനും സാധിക്കും എന്ന സത്യമാണ് യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാളിൽ വെളിപ്പെടുക.

കർത്താവായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ തിരുനാൾ ആഘോഷിക്കുമ്പോൾ ശരീര രക്തങ്ങൾ സ്വീകരിച്ചുകൊണ്ട് അവിടുത്തെ പീഡാനുഭവത്തിലും മരണത്തിലും നാം പങ്കുചേരണം. നമ്മുടേയും സഹോദരങ്ങളുടേയും നൊമ്പരങ്ങൾ ബലിപീഠത്തിൽ അർപ്പിക്കുമ്പോൾ ഈ പങ്കുചേരൽ എളുപ്പമാകും. അപ്രകാരം കനലായി ദിവ്യകാരുണ്യം രൂപപ്പെടണം. ●

# രണ്ട് ചോദ്യങ്ങൾ

## വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും തിരുനാൾ (ജൂൺ 29)

**അപ്പ:12:1-11, 2; തിമോ:4:6-8, 17-18; മത്താ:16:13-19**

**ഫാ.സി.കെ. തോപ്പിൽ**



യേശുവിലുള്ള വിശ്വാസമേറ്റു പറയുന്ന സംഭവവിവരണമാണ് ഈ തിരുവചനഭാഗം. സമാന്തരസുവിശേഷങ്ങളിലെല്ലാം ഈ സംഭവം കാണാം (മർക്കോ:8:7-30; ലൂക്കാ:9:18-21; മത്താ:16:13-20). രണ്ട് ചോദ്യങ്ങളാണ് ഈ വിവരണത്തിൽ പ്രാധാന്യമർഹിക്കുന്നത്. ഒന്നാമതായി മനുഷ്യപുത്രൻ ആരെന്നതിനെക്കുറിച്ചുള്ള പൊതുജനത്തിന്റെ അഭിപ്രായവും തന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരുടെ ചിന്തയും. യേശു തന്നെയാണിവിടെ ചോദ്യകർത്താവ്. ജനങ്ങൾക്ക് യേശു സ്നാപകയോഹന്നാനും ഏലിയായും ജെറെമിയായും പ്രവാചകരിലൊരുവനും മാത്രമാണ്. ഇസ്രായേൽ സമൂഹത്തെ സംബന്ധിച്ച് പരമ്പരാഗത വിശ്വാസത്തിന്റെ ഭാഗമായിരുന്നു ഇവർ. നിയമവും പാരമ്പര്യങ്ങളും ജനത്തെ യേശുവെന്ന രക്ഷകനിലേയ്ക്കെത്തിച്ചില്ല.

ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ഇതാണ് യേശുവിന്റെ രണ്ടാമത്തെ ചോദ്യം. നിങ്ങൾ എന്ന വാക്കിന് ഇവിടെ പ്രത്യേക ഊന്നൽ കൊടുത്തിട്ടുണ്ട്. തന്റെ ശിഷ്യരോടാണ് യേശു ഇപ്രകാരം ചോദിക്കുന്നത്. സുവിശേഷങ്ങളിലെ വിവരണമനുസരിച്ച് ഉത്തരം പറയുന്നത് ശിഷ്യപ്രമുഖനായ പത്രോസാണ്. എന്നാൽ പത്രോസിലൂടെ സുവിശേഷ ഗ്രന്ഥകർത്താവ് വിശ്വാസ സമൂഹത്തിന്റെ വിശ്വാസപ്രഖ്യാപനമാണ് വെളിപ്പെടുത്തുന്നത്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന വാക്യം ആരാണ് യേശു എന്നതിനുള്ള ഉത്തരമാണ്. വിശുദ്ധഗ്രന്ഥത്തിന്റെ ശൈലിയനുസരിച്ച് ഉത്ഥാനാനന്തര വിശ്വാസപ്രഖ്യാപനമാണിത്. കാരണം യേശു കർത്താവും രക്ഷകനും ദൈവപുത്രനുമായി. അതിന്റെ പൂർണ്ണതയിൽ കാണപ്പെടുന്നത് പീഡാസഹന മരണ ഉത്ഥാനങ്ങൾക്ക് ശേഷമാണ്. അതുകൊണ്ട് ഈ വചനങ്ങൾ വിശ്വസിക്കുന്നവരുടെ വിശ്വാസപ്രഖ്യാപനമാണ്.

സഭയെ സംബന്ധിച്ച് പ്രാധാന്യമുള്ളതാണ് മത്തായി:16:17-19 വാക്യങ്ങൾ. പത്രോസ് എന്നു വിളിക്കപ്പെടുന്ന ശിമയോൻ സഭാസമൂഹത്തിന്റെ ഉത്തരവാദിത്തവും അധികാരവുമുള്ള വ്യക്തിയായിത്തീരുന്നത് കർത്താവിന്റെ നിയോഗപ്രകാരമാണ്. ഇത് സംശയാതീതമായി തെളിയിക്കപ്പെടുന്ന നിമിഷമാണ് ശിമയോൻ. . . പത്രോസാകുന്ന നിമിഷം. . . ഉറച്ചപാറമേൽ അടിസ്ഥാനമിട്ട് പണിയുന്ന ഭവനംപോലെയാണ് വചനമനുസരിച്ച് ജീവിക്കുന്നവൻ എന്നത് അർത്ഥമാക്കുന്നവിധം യേശു പറയുന്നു. നീ പത്രോസ്. . . പാറയാണ്; ഈ പാറമേൽ എന്റെ സഭാസമൂഹത്തെ ഞാൻ ഉറപ്പിച്ച് നിറുത്തും. തിന്മയുടെ ശക്തികൾക്ക് അവിടെ പ്രവേശനമുണ്ടാവുകയില്ല. . . അവർ ജയിക്കുകയുമില്ല.

സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു നൽകും. . . ഈ വചനങ്ങൾ പത്രോസിന്റെ ഉത്തരവാദിത്തത്തെ സൂചിപ്പിക്കുന്നു. വെളിപാട് പുസ്തകം 3:7 ൽ താക്കോൽ കയ്യിലേന്തിയവനെക്കുറിച്ച് സൂചനയുണ്ട്. താക്കോൽ കയ്യിലേന്തുന്നവനും അത് നൽകുന്നവരും ആധികാരികത ഉള്ളവരാണ്. താക്കോൽ കയ്യിലേന്തുന്നവനാണ് ഇവിടെ താക്കോൽ നൽകുന്നത്. ഏശയ്യ: 22:22 ൽ താക്കോൽ തോളിൽവച്ചു കൊടുക്കുന്ന ഉദാഹരണത്തോടെ അധികാര കൈമാറ്റത്തെക്കുറിച്ച് പറയുന്നുണ്ട്. അതിന്റെ ചുവടുപിടിച്ചായിരിക്കാം ഒരുപക്ഷേ ഇവിടെ സ്വർഗ്ഗരാജ്യത്തിന്റെ താക്കോലിനെക്കുറിച്ചുള്ള പരാമർശം.

സഭയിലെ ശുശ്രൂഷകർക്ക് അധികാരം നൽകുന്നത് ശുശ്രൂഷചെയ്യാനാണ്. ഈ അധികാരം എന്താണെന്ന് തിരിച്ചറിയണമെങ്കിൽ യഥാർത്ഥ അധികാരിയായ ക്രിസ്തുവുമായി വൈയക്തികമായ ആത്മബന്ധമുണ്ടാകണം. ലെയോ പാപ്പയുടെ വാക്കുകൾ എത്ര ഹൃദയസ്പർശിയാണ്. "ഞാൻ നിങ്ങൾക്കുവേണ്ടി നിങ്ങളിലൊരുവനാണ്." സഭാത്മക അധികാരം സഭയെ പടുത്തുയർത്താനുള്ളതാണ്. ആകയാൽ ക്രിസ്തുവിനോടുചേർന്ന് ക്രിസ്തുവിനുവേണ്ടി എളിയ ശുശ്രൂഷ ചെയ്യുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. ●

നേർക്കാഴ്ച

ജെ. സി.



# ജാതിസെൻസസും സംവരണ രാഷ്ട്രീയവും




പതിറ്റാണ്ടുകൾ നീണ്ട ചെറുത്തുനിൽപ്പിനൊടുവിൽ ബി.ജെ.പി ജാതി സംവരണ രാഷ്ട്രീയത്തിന് വഴങ്ങുന്നു. മുപ്പത്തഞ്ചുകൊല്ലം മുമ്പ് 1990 ൽ പിന്നാക്ക വിഭാഗക്കാർക്ക് 27 ശതമാനം സംവരണം ശുപാർശചെയ്ത മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വി.പി.സിങ് സർക്കാർ അംഗീകരിച്ചതിനെതിരെ ഹിന്ദുത്വ രാഷ്ട്രീയ പ്രക്ഷോഭത്തിന് തുടക്കംകുറിച്ചത്, അദ്ധ്വാനി അയോധ്യ രാമജന്മഭൂമി രഥയാത്ര നടത്തിയാണ്. ജാതിവിഭജനത്തിന്റെ സംവരണ രാഷ്ട്രീയം ഹൈന്ദവ ഏകീകരണ സംരംഭത്തിൽ വിള്ളലുണ്ടാക്കും എന്ന ഭയം ബി.ജെ.പിക്കുണ്ടായിരുന്നു.

1990 കളിൽ ബീഹാറിലും ഉത്തർപ്രദേശിലും ഒ.ബി.സി, ദലിത് വിഭാഗങ്ങളുടെ പിന്തുണയോടെ കീഴാളരുടെ പ്രാദേശിയ പാർട്ടികൾ ദേശീയ പാർട്ടികളെ അധികാരത്തിൽനിന്ന് താഴെയിറക്കി. ഹിന്ദുക്കൾക്ക് പുറമേ ചില പിന്നാക്ക വിഭാഗങ്ങളെക്കൂടി കൂട്ടുപിടിച്ചാണ് ഉത്തർ പ്രദേശിൽ ബി.ജെ.പി.ക്ക് 2014 ന് ശേഷം വീണ്ടും ആധിപത്യം ഉറപ്പിക്കാനായത്. ബിഹാറിലെ 2023 ലെ ജാതി സെൻസസ് ആ സംസ്ഥാനത്തെ ജനസംഖ്യാപരമായ യഥാർത്ഥ ചിത്രം വെളിപ്പെടുത്തി. സംസ്ഥാനത്തെ ജനസംഖ്യയുടെ 63 ശതമാനം ഒ.ബി.സി, അതി പിന്നാക്ക വിഭാഗങ്ങളാണെന്നും തെളിഞ്ഞു. സംസ്ഥാനത്ത് 15.5 ശതമാനം വരുന്ന വരേണ്യവിഭാഗം 84 ശതമാനം വരുന്ന പാർശ്വവത്കൃത സമുദായങ്ങളുടെമേൽ ആധിപത്യം പുലർത്തുന്ന എന്ന സത്യം വെളിപ്പെട്ടു.

ബ്രിട്ടീഷ് കോളനിവാഴ്ചയിൽ 1931 സെൻസസിൽ ജാതി തിരിച്ചുള്ള വിവരശേഖരണം നടന്നിരുന്നു. വിദ്യാഭ്യാസം, സർക്കാർ ജോലി, തിരഞ്ഞെടുപ്പ് മണ്ഡലം എന്നിവയുടെ കാര്യത്തിൽ സാമൂഹികനീതി നടപ്പിലാക്കുന്നതിന് ജാതിതിരിച്ചുള്ള കൃത്യമായ കണക്ക് എടുത്തിരിക്കണമെന്ന് ഇന്ത്യൻ ഭരണഘടന നിഷ്കർഷിക്കുന്നുണ്ട്. 1951 മുതൽ 2011 വരെ നടന്നിട്ടുള്ള ദശവർഷ സെൻസസ്സിൽ രാജ്യത്തെ പട്ടികജാതി - പട്ടികവർഗ്ഗ സമൂഹങ്ങളെ സംബന്ധിച്ചുള്ള ഡേറ്റ പ്രത്യേകം ശേഖരിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒ.ബി.സി. വിഭാഗത്തെ ഒഴിവാക്കുകയും ചെയ്തു. ജസ്റ്റിസ് രോഹിണി കമ്മീഷന് കേന്ദ്ര സർക്കാർ നൽകിയ രേഖയിൽ ഒ.ബി.സിക്കാരുടെ വിദ്യാഭ്യാസം, സർക്കാർ ഉദ്യോഗ സംവരണത്തിൽ 25 ശതമാനവും 10 ഒ.ബി.സിക്കാർ കയ്യടക്കിയിരിക്കുന്നുവെന്നതാണ്.

നീതിപൂർവ്വകമായ ഒരു സമീപനം നടപ്പിലാക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രബലരായ ഒ.ബി.സി വിഭാഗക്കാർ ആനുകൂല്യങ്ങളിൽ ആധിപത്യം നിലനിറുത്തുന്നത് തടയാൻ സാമുദായിക ഉപരിവർഗ്ഗീകരണം ആവശ്യമാണ്. മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ (ഇ.ഡബ്ല്യു.എസ്) വിദ്യാഭ്യാസത്തിനും സർക്കാർ ജോലിക്കും 2019 ൽ പത്ത് ശമാനം സംവരണം ഏർപ്പെടുത്തിയതോടെ എല്ലാ ജാതിക്കാരുടെയും സ്ഥിതിവിവരശേഖരം നിയമപരമായ ആവശ്യമായി മാറിക്കഴിഞ്ഞു. രാജ്യത്തെ സമൂഹ്യ യഥാർത്ഥ്യങ്ങളുടെ സാമൂഹിക - സാമ്പത്തിക അസമത്വങ്ങളെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാകും ജാതിസെൻസസ്. സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ 84 ജാതികളുണ്ട്. ഈഴവർക്ക് 14 ശതമാനവും മുസ്ലിംങ്ങൾക്ക് 12 ശതമാനവും ലത്തീൻ കത്തോലിക്കർക്ക് 4 ശതമാനവുമാണ് ഒ.ബി.സി. സംവരണ വിഹിതം. സംസ്ഥാനത്ത് അധികാരത്തിലും ഉദ്യോഗത്തിലും കേരളത്തിലെ ജാതിസമൂഹങ്ങൾ എത്തിച്ചേർന്നിട്ടുള്ള യഥാർത്ഥ സ്ഥിതി വിലയിരുത്തേണ്ടത് അനിവാര്യമാണ്. ●


സെന്റ് പീറ്റേഴ്സ് ഫൊറോന ദൈവാലയം
അഞ്ചുതെങ്ങ്
St. Peter's Forane Church
ഇടവക മദ്ധ്യസ്ഥനായ
വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ
തിരുനാൾ
മഹോത്സവം
2025 ജൂൺ 20 വെള്ളി മുതൽ 29 ഞായർ വരെ
തീർത്ഥാടകർക്ക് സ്വാഗതം

Pub. Date: 01.06.2025


JEEVANUM VELICHAVUM

REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages: 44
Rs. 30/-

# MARIAN EDU CITY

LATIN ARCHDIOCESE OF TRIVANDRUM
KAZHAKUTTOM, THIRUVANANTHAPURAM
**NURTURING A HABIT OF EXCELLENCE**



## MARIAN ENGINEERING COLLEGE

**Courses offered**

**B.TECH**

Civil Engineering
Mechanical Engineering
Computer Science & Engineering
Electronics & Communication Engineering
Electronics & Computer Engineering
Electrical & Electronics Engineering
Artificial Intelligence & Machine Learning

**M.TECH**

Geo-Technical Engineering

## MARIAN BUSINESS SCHOOL

Master of Business Administration (MBA)

## MARIAN COLLEGE OF ARCHITECTURE & PLANNING

**Courses offered**

Bachelor of Architecture (B.Arch)

## MARIAN COLLEGE OF ARTS & SCIENCE

**Courses offered**

**Undergraduate Programmes**

B.Com
BA English Language & Literature
BBA
B.Sc Zoology
B.Sc Geography
B.Sc Computer Science

**Post Graduate Programme**

M.Com (Finance)

## LITTLE FLOWER FOOTBALL ACADEMY (LiFFA)

LiFFA SOCCER SCHOOL
LiFFA BASKETBALL ACADEMY

## ST. JACOB'S TRAINING COLLEGE (B.ED)

**BACHELOR OF EDUCATION**

English
Malayalam
Mathematics
Natural Science
Physical Science
Social Science

## MARIAN CRAFT AND ARTS CENTRE OF EXCELLENCE

**Courses offered**

**Diploma**

Electrical & Electronics Technology
Advanced Welding Technology
DCA (Diploma in Computer Applications)

**Certification**

SMAW/GTAW/MIG/TIG
Data Entry Operator
Word Processing
Financial Accounting
Desktop Publishing

**MARIAN ENGINEERING COLLEGE**
MOB: +91 9495 707 111
Email: mail@marian.ac.in

**MARIAN COLLEGE OF ARCHITECTURE & PLANNING**
MOB:+91 9188 917 754
Email: marianarch.in@gmail.com

**MARIAN COLLEGE OF ARTS & SCIENCE**
MOB: +91 9526 605 413
Email: marian@mcas.ac.in

**MARIAN CRAFT & ARTS CENTRE OF EXCELLENCE**
MOB: +91 8301 908 450
Email: marianartscrafts@gmail.com

**LITTLE FLOWER FOOTBALL ACADEMY (LiFFA)**
MOB: +91 9746 870 421
Email: info@liffatrivandrum.org

**ST. JACOB'S TRAINING COLLEGE (B.Ed)**
MOB: 0471 270 4251
Email: stjacobsbed@gmail.com

**Marian Business School (MBA).**
MOB: +91 884 8710 083

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George